
# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 21 | THE ONLINE OFFICIAL NEWS BULLETIN | 2021 May 22


## SEASON OF PENTECOST പെന്തിക്കോസ്തികാലം ܦܢܛܝܩܘܣܛܝ ܥܕܢܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 23  ♪7 ✠ Pentiqosti Feast of the Pentecost (Fifteenth day after Easter) | 24 ♪3 | 25 ♪7 | 26  ♪3 7th Memory of Mar Baselios Marthoma Didymos I (Pathanapuram Dayara) | 27 ♪7 | 28 ♪3 'rubto ddahbo Golden Friday (Friday after Pentecost) | 29 ♪7 |




പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നു.

## വീണാ ജോർജിന് ആശംസ നേർന്നു പരിശുദ്ധ കാതോലിക്കാ ബാവാ

പരുമല: നിയുക്ത മന്ത്രി വീണാ ജോർജിന് ആശംസ നേർന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ. വീണാ ജോർജിനും മന്ത്രിസഭയിലെ മറ്റ് അംഗങ്ങൾക്കും മാനുഷിക മൂല്യങ്ങൾക്കും ജനാധിപത്യ വ്യവസ്ഥകൾക്കും അനുസൃതമായി മികച്ച ഭരണം കാഴ്ച വയ്ക്കുവാൻ ഇടയാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.




മലങ്കര ഓർത്തഡോക്സ് സഭാംഗവും മലങ്കര സഭ മുൻ അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫിന്റെ സഹധർമ്മിണിയും ആറന്മുള എം.എൽ.എ യുമായ വീണാ ജോർജ്ജ് സംസ്ഥാന ആരോഗ്യ മന്ത്രിയായി ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.




## സിൽവാനോസ് റമ്പാൻ അന്തരിച്ചു

പരുമല: പുതുപ്പാടി സെന്റ് പോൾസ് ആശ്രമം സുപ്പീരിയർ സിൽവാനോസ് റമ്പാൻ (60) അന്തരിച്ചു. പരുമല ആശുപത്രിയിൽ കോവിഡാനന്തര ചികിത്സയിലിരിക്കവേ ആയിരുന്നു അന്ത്യം. ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.

1982–ൽ ആശ്രമാംഗമായ റമ്പാൻ സുവിശേഷ ദൗത്യവുമായി ഇന്ത്യൻ ഗ്രാമങ്ങളിലെ സജീവ സാന്നിധ്യമായി അവസാനം വരെയും പ്രവർത്തിച്ചു. ദൈവകൃപയും സ്നേഹത്തിന്റെ ആത്മാവും കാരുണ്യ സ്പർശവും പകർന്ന ആ ജീവിതം ആത്മപരിത്യാഗത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെതുമാണ്. അപരനെ ഹൃദയത്തോട് ചേർക്കുവാനുമുള്ള വിശാല ദർശനവും ദൈവ സ്നേഹവുമാണ് ആ ജീവിതത്തിന്റെ പ്രത്യേകത. ഇറ്റാർസി, യാച്ചാരം, പൂന, കോട്ടയം എന്നിവിടങ്ങളിലായി മിഷൻ രംഗത്ത് മൂന്നു പതിറ്റാണ്ടിലധികം നടത്തിയ കഠിനാദ്ധ്വാനവും ആത്മ ത്യാഗവും അവിസ്മരണീയമാണ്.

മികച്ച സംഘാടകനും കാര്യദർശിയുമായ റമ്പാൻ സാമൂഹിക പ്രതിബദ്ധതയുടെയും കാരുണ്യത്തിന്റെയും പ്രതീകമാണ്. ധീരമായ നിലപാടും പ്രവാചകത്വമുള്ള വാക്കും മുഖഭേദമില്ലാത്ത തിരുത്തൽ ശബ്ദവുമായിരുന്നു സിൽവാനിയോസ് റമ്പാൻ. ഹൈദ്രബാദ്, യാച്ചാരം ബാലഗ്രാം, ഇറ്റാർസി ബാലഗ്രാം, ഒറീസ്സ കലഹണ്ടി മിഷൻ പ്രൊജക്റ്റ്, പുനാ സെന്റ് ജോർജ് ബാലഗ്രാം എന്നീ സ്ഥാപനങ്ങളുടെ മാനേജറായി പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയം തിരുവാതുക്കൽ സെന്റ് പോൾസ് ആശ്രമത്തിന്റെയും, ബാലഗ്രാമിന്റെയും മാനേജരായും, മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ബോർഡിന്റെ കേരളത്തിന് പുറത്തുള്ള വിവിധ മിഷൻ പ്രസ്ഥാനങ്ങളുടെ കോ – ഡയറക്ടറയും പ്രവർത്തിച്ചിരുന്നു. മല്ലപ്പള്ളി കൈപറ്റ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, വികാരി ആയി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. സംസ്ക്കാരം പുതുപ്പാടി ആശ്രമത്തിൽ നടത്തി.

ആരാധനാ കലണ്ടർ



# "ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെയിരിക്കേണ്ടതിന് നിങ്ങൾക്കു തരും" (വി. യോഹ. 14:16)

## ഡോ. ഗീവർഗീസ് മാർ യൂലിയോസ്

"എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ (യെരുശലേമിൽ) പാർപ്പിൻ" (വി. ലൂക്കോസ് 24:49) എന്ന വചനപ്രകാരം, സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കുസ്തി ദിനം വരെയും പരിശുദ്ധ ആത്മ നിറവിനായി പ. ശ്ലീഹന്മാർ കാത്തിരുന്ന് ധ്യാനിച്ച ദിവസങ്ങളെ പ. സഭയും കാത്തിരിപ്പിന്റെ വി. ദിനങ്ങളായി പൂർണ്ണ വ്രതനിഷ്ഠയോടെ അനുഷ്ഠിച്ചശേഷം വി. പെരുന്നാളിലേക്ക് കടന്നു വരികയാണല്ലൊ.

നന്മയിൽ വളർന്ന് സത്യദർശനം നടത്തുവാനും പരിശുദ്ധാത്മ സംസർഗ്ഗത്തിൽ ശക്തി പ്രാപിച്ച് ലോകമെമ്പാടും ക്രിസ്തുവിനെ സാക്ഷിക്കുവാൻ ആത്മാവിനാൽ അയക്കപ്പെടുകയും ചെയ്യപ്പെട്ട വി. ശിഷ്യന്മാരെപ്പോലെ നാമും ആയിത്തീർന്ന് നശിച്ചുപോകാത്ത ജീവന്റെ സുവിശേഷം കാല-ദേശ-ഭാഷ-ജാതി-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾ കൂടാതെ സർവ്വ ജനതയോടും അറിയിക്കുവാനുമായി ഒരിക്കൽ കൂടെ നാം അഭിഷേക പൂർണ്ണതയിലേക്ക് ദൈവകൃപയാൽ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്തയോടെ വേണം നാം ഈ പെരുന്നാൾ ആഘോഷിക്കുന്നത്.

"ഇന്നു മാളികയിൽ വച്ച് പരിശുദ്ധ ആത്മാവു മൂലം പ. ശ്ലീഹന്മാർക്കു പരിപൂർണ്ണ കൃപയെ പ്രദാനം ചെയ്ത് അവരുടെ മേൽ ആവസിപ്പിച്ച അഗ്നിനാവാകൃതിയിലുള്ള റൂഹായാൽ തന്റെ വാഗ്ദാനം നിറവേറ്റിയവനായ കർത്താവേ!" എന്ന സംബോധനയോടെ ആരംഭിക്കുന്ന പ്രാർത്ഥനയിൽ "നിന്നിൽ നിന്നുള്ള പൂർണ്ണ വെടിപ്പിലും വിശുദ്ധിയിലും ഞങ്ങളെ നിത്യവും വസിപ്പിക്കണമെ" എന്ന് നാം ധ്യാനിക്കുന്നു.




സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിന്റെ, ഏക പുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്നും ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യ ദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും താൻ മുഖാന്തരം സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യനായി നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വിശുദ്ധ റൂഹായാൽ പ. കന്യകമറിയാമിൽ നിന്നും ശരീരം ധരിച്ച് മനുഷ്യനായി നമുക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് ഉയിർത്തവനും സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ വലതു ഭാഗത്തു ഇരുന്നവനും ജീവനുള്ളവരെയും മരിച്ചുപോയവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനം ഇല്ലാത്തവനും ആയ യേശുമിശിഹാ ആയ ഏക കർത്താവിനോടൊപ്പം, വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനായ സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായുമാകുന്ന വി. ത്രിത്വത്തിൽ വിശ്വസിക്കുന്ന ഏകവും വിശുദ്ധവുമായ സാർവ്വത്രിക അപ്പോസ്തോലിക സഭയുടെ ആരംഭം അഥവാ മാമോദീസ്സാ പെരുന്നാളാണ് വി. പെന്തിക്കോസ്തി നാളിൽ സംഭവിക്കുന്നത്!

വി. ലൂക്കോസ് തന്റെ രണ്ടാം ഗ്രന്ഥമായ 'അപ്പോസ്തോല പ്രവർത്തികൾ' എന്ന വി. സഭാചരിത്രത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ ഈ സംഭവം ദൃക്സാക്ഷിയായി വിവരിക്കുന്നുണ്ടല്ലൊ.

ബാബേൽ ഗോപുരനിർമ്മാണത്തിൽ (ഉൽപത്തി 11) അഹന്തയാൽ ദൈവസന്നിധിയിൽ നിന്നും ചിതറിപ്പോയി വിവിധ ഭാഷകൾ സംസാരിച്ച് ലോകമെമ്പാടും വിവിധ സംസ്കൃതികളിലായവർ പെന്തിക്കോസ്തി പെരുന്നാളിൽ യെരുശലേമിൽ ഒന്നിച്ചു കൂടുകയും ആത്മാവിൽ സംസാരിക്കുകയും അപ്പോൾ ഭാഷാഭേദങ്ങളോ മത-സംസ്ക്കാര-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങളൊ ഇല്ലാതെ, പരിശുദ്ധ ആത്മാവിനാൽ ക്രിസ്തുവിൽ വെളിപ്പെട്ട സത്യ ഏക ദൈവത്തെ വിശ്വസിച്ച് ഏറ്റുപറഞ്ഞ് വി. സഭയിൽ ജനിച്ച് ഒരു വിശ്വാസ സമൂഹമായി വളരുകയും ചെയ്യുന്നു. ആദ്യം മൂവായിരത്തിൽ തുടങ്ങി പിന്നീട് അയ്യായിരവും (4:4) തുടർന്ന് ലോകമെമ്പാടും വളരുകയും ചെയ്യുന്ന വി. സഭയുടെ ജീവനുള്ള ചരിത്രത്തിന്റെ ഭാഗമായാണ് നാമും ഓരോ പെന്തിക്കോസ്തി പെരുന്നാളിലും പങ്കെടുക്കുകയും പരിശുദ്ധ ആത്മാവിൽ പുതുക്കം പ്രാപിക്കുകയും ചെയ്യുന്നത് എന്ന് പ്രത്യേകം ഓർക്കണം.

"തന്റെ അത്യുൽകൃഷ്ടജ്ഞാനത്തിന്റെ ശ്രേഷ്ഠ പ്രകാശത്താൽ സർവ്വോപരി ശോഭിച്ചുകൊണ്ടിരിക്കേ, തന്റെ വചനത്താൽ സത്യപ്രകാശത്തിലേക്ക് ഞങ്ങളെ തിരിപ്പിക്കുകയും ഞങ്ങൾക്ക് ആത്മപ്രകാശം നൽകുകയും ഞങ്ങളുടെ സ്വാഭാവിക അന്ധകാരത്തെ നീക്കികളയുകയും ചെയ്ത കർത്താവേ! നിന്നിൽ നിറഞ്ഞു നിന്ന് നിത്യവും നിന്നെ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ" എന്നാണ് ഈ ദിവസത്തിലെ പ്രാർത്ഥനകളുടെ സാരാംശം.

പരിശുദ്ധ ആത്മാവിലുള്ള പ്രകാശനം എന്നാൽ നാമും ആത്മഭാവം പൂണ്ടവരായി പ. ആത്മാവിന്റെ കൃപയാൽ ജീവിച്ച് ആത്മാവിന്റെ നൽവരങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ നവ ഫലങ്ങളാൽ നിറയുക എന്നാണ് അർത്ഥം. അർത്ഥമില്ലാത്ത ശബ്ദങ്ങളും ബഹളവും കോലാഹലങ്ങളും സൃഷ്ടിക്കുകയും കാഴ്ച്ചക്കാരിൽ അറപ്പ്  ഉളവാക്കുന്ന ഗോഷ്ടികൾ കാണിക്കുകയും വിശ്വാസികളെ ഭയപ്പെടുത്തുകയും ചെയ്യുന്നത് അശുദ്ധാത്മാക്കളുടെ കൂട്ടമാണ്. മറിച്ച്, “കർത്താവേ! ഞങ്ങളോട് കരുണ തോന്നണമെ” എന്ന് ആത്മാർത്ഥമായി മുട്ടിന്മേൽ നിന്ന് ധ്യാനിക്കുമ്പോൾ “ഇപ്പോൾ നിങ്ങൾ പരിശുദ്ധാത്മ ശക്തിയാൽ എഴുന്നേൽക്കുവിൻ”എന്ന ദൈവശബ്ദം ആവർത്തിച്ച് കേട്ട് വിശുദ്ധിയുടെയും പരിപാകതയുടെയും പ്രത്യാശയുടെയും പനിനീരിനാൽ തളിക്കപ്പെട്ട് വി. മാമോദീസ മുതലുള്ള  കൗദാശിക ജീവിതത്തിന്റെ നിറവിൽ ബോധമണ്ഡലങ്ങൾക്കപ്പുറത്ത് വി. മാലാഖമാരോട് ചേർന്നു അതീന്ദ്രിയ ധ്യാന സുഖത്തിൽ നിർവൃതിയിലെത്തുന്ന പ.സഭയുടെ മക്കളാണ് നാം എന്ന് ഓർക്കുവാൻ ഈ ദിവസത്തിൽ നമുക്ക് കഴിയണം.

ആർക്കും മനസ്സിലാകാത്ത “അന്യഭാഷ”യല്ല, എല്ലാവർക്കും അവരവരുടെ ആത്മാവിലേക്ക് പ്രകാശനം ചൊരിയുന്ന ആത്മഭാഷയാണ് വി. പത്രോസ് ശ്ലീഹായും സഹ ശിഷ്യന്മാരും സംസാരിച്ചത് എന്ന് വി. ലൂക്കോസ് വ്യക്തമായി പറയുന്നു. അന്യഭാഷ എന്ന പേരിൽ കോപ്രായങ്ങൾ കാണിക്കുന്നവർ ഇപ്പോഴും ‘ബാബേൽ’ ഗോപുരാവശിഷ്ടങ്ങളിൽ നിൽക്കുന്ന വേദവിപരീതികളായ സാത്താന്യ പ്രജകളാണ് എന്ന് ആവർത്തിക്കട്ടെ. നാമോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് പ്രവേശനം ലഭിച്ച രാജകീയ-പുരോഹിത-വർഗ്ഗവും വിശുദ്ധ വംശവുമായ ദൈവത്തിന്റെ സഭയാണ്.

വി. പെന്തിക്കോസ്തി പെരുന്നാളിന്റെ സന്ധ്യാനമസ്ക്കാരം മുതലുള്ള എല്ലാ യാമ പ്രാർത്ഥനകളിലും വി. വേദവായനകളിലും സ്ലൂസോകൾ, പ്രൊമിയോൻ-സെദ്റാകൾ, എത്രോകൾ, ഹൂത്തോമോകൾ എന്നിവയിലും വി. കുർബ്ബാന മദ്ധ്യേ മൂന്നു ഭാഗങ്ങളായി നടത്തപ്പെടുന്ന പ്രത്യേക ശുശ്രൂഷകളിലും മേൽപ്പറഞ്ഞ ആശയങ്ങൾ ഏറെ ഭംഗിയായും ചിട്ടയായും അവതരിപ്പിക്കുവാൻ പരിശുദ്ധാത്മ ശക്തിയിൽ പ. സഭാപിതാക്കന്മാർക്ക് സാധിച്ചിട്ടുണ്ട് എന്ന് ഓർക്കണം.

അതുകൊണ്ടു തന്നെ പ്രാർത്ഥനാപൂർവ്വം ശ്രദ്ധയോടെ അതിനെ ധ്യാനിക്കുവാൻ ഈ ഞായറാഴ്ചയിൽ നമുക്ക് സാധിക്കണം. ദിവസങ്ങളോളം ധ്യാനകേന്ദ്രങ്ങളിൽപ്പോയി അലസരും മടിയരുമായി ഇരിക്കുന്നവർ അവിടെപ്പോയി ഇരിക്കട്ടെ. അവർക്ക് അവിടെ നിന്ന് വല്ല ‘അത്ഭുതങ്ങളൊ’ ഇനി മറ്റെന്തെങ്കിലും വൈകാരിക അനുഭൂതികളോ ലഭിക്കുന്നെങ്കിൽ അവർ അത് ചെയ്ത് നഷ്ടം സഹിച്ചുകൊള്ളട്ടെ. എന്നാൽ പരിശുദ്ധ സഭാവിശ്വാസികൾ ഒരുക്കത്തോടെ ദേവാലയത്തിലെത്തി വി. പെന്തിക്കോസ്തി പെരുന്നാൾ ആഘോഷിച്ച് വി. കുർബ്ബാനയനുഭവിച്ച് മടങ്ങുമ്പോൾ അവർ ദൈവശക്തിയാൽ എഴുന്നേൽക്കപ്പെട്ടവരായി യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ശക്തിയുള്ളവരായി തീരും എന്ന് കാണാം.

ഈ തത്വമാണ് പെന്തിക്കോസ്തിക്കു ശേഷമുള്ള ആദ്യ വെള്ളിയാഴ്ചയായ സ്വർണ്ണവെള്ളിയാഴ്ചയുടെ സന്ദേശം എന്നും ഓർക്കണം. ‘‘വെള്ളിയും പൊന്നും എനിക്കില്ല, എനിക്കുള്ളതു നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക’’ എന്ന് തന്റെ മുന്നിൽ ഭിക്ഷാടനത്തിനു കൈ നീട്ടിയവനോട് വി. പത്രോസ് കൽപിക്കുന്നു.

രണ്ടു കാര്യങ്ങളെങ്കിലും ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നാം ഓർക്കേണ്ടതുണ്ട്. ഒന്നാമത്, വി. പത്രോസും വി. യോഹന്നാനും എന്നാൽ ശ്ലീഹന്മാരിൽ മൂപ്പനും ഇളയവനും ആണ്. പുനരുത്ഥാന വാർത്തയറിഞ്ഞ് ആദ്യം കബറിങ്കലേക്ക് ഓടുന്നവരും ഇവരാണ്. പരിശുദ്ധ സഭയുടെ പ്രതീകമാണ് ഇവർ. അപ്പോസ്തോലത്വത്തിന്റെ പൂർണ്ണതയാണ് ഇവരിൽ പിതാക്കന്മാർ ദർശിക്കുന്നത്. അതായത് വി. പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മാവിന്റെ നൽവരം പ്രാപിച്ചവർക്ക് കൊടുക്കുവാനുള്ളത് കേവലം ദ്രവ്യമായ പൊന്നോ, വെള്ളിയോ അല്ല, മറിച്ച് യേശുവിന്റെ നാമത്തിലുള്ള സമ്പൂർണ്ണ രക്ഷയും വിടുതലുമാണെന്ന് സാരം.

രണ്ടാമത്, വി. സഭ നിലനിൽക്കുന്നതു തന്നെ യേശുവിന്റെ (ദൈവ) നാമത്തിൽ ആണ് എന്ന് ഓർക്കണം. പ. സഭയുടെ എല്ലാ യാമ നമസ്ക്കാരങ്ങളും ആരംഭിക്കുന്നത് “പിതാവും പുത്രനും പ. റൂഹായുമായ സത്യഏക ദൈവത്തിന്റെ തിരുനാമത്തിൽ” ആണ് എന്നത് നിഷ്ഠയോടെ നാം ഓർക്കുകയും അങ്ങിനെ തന്നെ പ്രാർത്ഥന ആരംഭിക്കുകയും ചെയ്യണം. നാം നിൽക്കുന്നത് അഥവാ ആയിരിക്കുന്നത് പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യ ഏക ദൈവത്തിന്റെ വി. നാമത്തിൽ ആണ് എന്ന് നമ്മെയും സർവ്വ പ്രപഞ്ചത്തേയും ഓർമ്മിപ്പിക്കുന്ന അതിശക്തമായ വാക്യമാണത്. പരിശുദ്ധ സഭയുടെ സത്യവിശ്വാസപ്രമാണത്തിന്റെ സംക്ഷിപ്ത വാക്യമാണ് അത്. സുറിയാനിയിൽ ‘ബ്ശേം ആബൊ’ എന്നും ഇംഗ്ലീഷിൽ In the name of one true God എന്നും ഹിന്ദിയിലും അപ്രകാരം ചൊല്ലുന്നവർ മാതൃഭാഷയായ മലയാളത്തിൽ വരുമ്പോൾ നമസ്ക്കാരത്തിന്റെ ഈ പ്രാരംഭവാക്യം തെറ്റിച്ചും വികലമാക്കിയുമല്ലേ ചൊല്ലുന്നത് എന്ന് കാർമ്മികരും വിശ്വാസികളും സ്വയം ചോദിക്കണം. പുസ്തകം നോക്കി നമസ്ക്കരിച്ചാൽ വളരെ പെട്ടെന്ന് തിരുത്താൻ സാധിക്കുന്ന ഗുരുതരമായ ഒരു തെറ്റ് തിരുത്തുവാൻ നാം ശ്രമിക്കാത്തത് എന്തുകൊണ്ട് എന്ന് എത്ര ചിന്തിച്ചിട്ടും മനസിലാകുന്നില്ല. ഒരു പക്ഷേ അശുദ്ധാത്മാവ് നമ്മുടെ നാവിനെ കെട്ടുന്നതായിരിക്കാം. ‘പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി’ എന്ന പ്രാർത്ഥനയ്ക്ക് ഒരു തെറ്റുമില്ല. എന്നാൽ നമസ്കാരം ആരംഭിക്കേണ്ടത് അഥവാ നാം നമസ്ക്കരിക്കുവാൻ നിൽക്കുന്നത്, ജീവിതത്തിൽ നമ്മെ നാമാക്കി നിലനിർത്തുന്നത് യേശുവിന്റെ വിശുദ്ധ നാമമാണ് എന്നും ആയത് പിതാവും പുത്രനും പ. റൂഹായുമായ സത്യഏക ദൈവത്തിന്റെ മനുഷ്യാവതാരം ചെയ്ത ഭാവമാണെന്നും ഘോഷിപ്പാൻ ലഭിക്കുന്ന അവസരമാണ് നാം നഷ്ടമാക്കുന്നതെന്നും ചിന്തിക്കണം. ❑

“.... നാമത്തിൽ; തനിക്ക് സ്തുതി. നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ! ആമ്മേൻ’’ എന്ന ആരംഭ വാക്യം അതിൽ തന്നെ അതിശക്തമായ ഒരു പ്രാർത്ഥനാ മന്ത്രമാണെന്ന് നാം ഓർക്കണം. ... നാമത്തിൽ എന്ന് പ്രധാന കാർമ്മികൻ പ്രഖ്യാപിക്കുമ്പോൾ, തനിക്ക് (വി. ത്രിത്വത്തിന്) സ്തുതി. നമ്മുടെമേൽ എന്ന് വിശ്വാസികൾ പ്രതിവാക്യം പറഞ്ഞ് കുരിശു വരച്ചുകൊണ്ടാണ് ആരാധന തുടരുന്നത്. അങ്ങിനെയല്ലാതെ ആരാധന തുടങ്ങുവാൻ പ. സഭയുടെ കാനോനുകൾ അനുവദിക്കുന്നില്ല എന്നിരിക്കെ ആരംഭവാക്യത്തെ തന്നെ വികലമായവിധത്തിൽ വക്രീകരിക്കുന്ന അനുഭവം കഷ്ടമല്ലേ എന്ന് ആദ്യം കാർമ്മികരും, ഒപ്പം വിശ്വാസികളും ചിന്തിക്കണം (ഇങ്ങനെ തുറന്ന് എഴുതേണ്ടി വന്നത് ആരെയും കുറ്റപ്പെടുത്തുവാനല്ല, തിരുത്തപ്പെടുവാനാണെന്ന് മാത്രമേ ചിന്തിക്കാവൂ). ഇന്നു മുതൽ ശരിയായവിധത്തിൽ ഞാൻ വി. നമസ്കാരം ആരംഭിക്കുമെന്ന് ഒരു തീരുമാനവും ഈ വി. പെരുന്നാളിൽ എടുക്കാം.

വി. പെന്തിക്കോസ്തി പെരുന്നാൾ മുതൽ ആരാധനാ വർഷത്തിന്റെ അഞ്ചാം കാലത്തിലേക്കും നാം പ്രവേശിക്കുകയാണ്. പെന്തിക്കോസ്തി മുതൽ കൂടാരപെരുന്നാൾ (ആഗസ്റ്റ് 6) വരെയുള്ള കാലത്തെ പെന്തിക്കോസ്തി കാലമെന്നും ശ്ലീഹാകാലമെന്നുമൊക്കെ വിളിക്കാറുണ്ട്. പ. റൂഹായുടെ അഭിഷേകത്താൽ ശക്തി പ്രാപിച്ച വി. ശ്ലീഹന്മാർ കർത്തൃ കൽപനപ്രകാരം ലോകമെമ്പാടു യാത്ര ചെയ്ത് സുവിശേഷം അറിയിക്കുകയും സഭ സ്ഥാപിക്കുകയും രക്ഷസാക്ഷിത്വ മരണം പ്രാപിക്കുകയും ചെയ്ത സംഭവങ്ങളാണ് ഈ കാലഘട്ടത്തിലെ ധ്യാനചിന്തകളായി വരുന്നത്. വി. ശ്ലീഹാനോമ്പും (ജൂൺ 16-28) തുടർന്ന് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാളുകളും (ജൂൺ 29, 30, ജൂലൈ 3) എല്ലാം ഈ കാലത്തിലാണ് എന്നും ഓർക്കണം.

ചുരുക്കത്തിൽ ഉയരത്തിൽ നിന്നും ശക്തി പ്രാപിച്ച് യെരുശലേമിൽ ആരംഭിച്ച് ലോകം മുഴുവനും വ്യാപിക്കുന്ന പ. സഭയുടെ പിറവിയും വ്യാപനവും ആണ് വി. പെന്തിക്കോസ്തി പെരുന്നാളിലും പെന്തിക്കോസ്തി കാലത്തും സഭാമക്കൾ ധ്യാനിക്കുന്നത്. ഈ പരിശുദ്ധാത്മ വ്യാപന പ്രക്രിയയുടെ ഭാഗമാണ് ഇന്നും സജീവമായി നിലനിൽക്കുന്ന വി. കൂദാശകളും കൗദാശിക നൽവരങ്ങളും എന്നും ഓർക്കണം. അവയെ നിലനിർത്തുവാനുള്ള ദൈവിക ഉപാധിയാണ് പ. സഭയുടെ പൗരോഹിത്യ ശുശ്രൂഷാ ക്രമം എന്നതും ഓർത്തിരിക്കണം.

അർത്ഥപൂർണ്ണവും ചൈതന്യവത്തായതുമായ ഒരു വി. പെന്തിക്കോസ്തി അനുഭവം സഭാമക്കളായ ഏവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



## നന്ദിയുടെ പൂച്ചെണ്ട്

ജനസമ്പർക്ക പരിപാടിയിൽ സംബന്ധിച്ച ഞാൻ അന്ന് നൽകിയ ആശംസയാണ്, ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഉണ്ടായതുപോലെ നിയമസഭാ തിരഞ്ഞെടുപ്പിലും ഒരു വൻവിജയം ഉണ്ടാകുമെന്ന്. കേരള ജനത അക്കാര്യത്തിൽ വിവേകപൂർണമായ തീരുമാനം തന്നെയെടുത്തു. മനുഷ്യന്റെയും ജീവികളുടെയും സ്വസ്ഥജീവിതം ഉറപ്പാക്കി ലോകത്തിന്റെ മുഴുവൻ പ്രശംസയും ഏറ്റുവാങ്ങിയ സർക്കാരിന് സംസ്ഥാനം നൽകിയ നന്ദിയുടെ പൂച്ചെണ്ടാണ് ഈ വൻവിജയം. ജനക്ഷേമപരമായ ഭരണം കാഴ്ചവയ്ക്കാൻ പിണറായി സർക്കാരിനാകട്ടെ എന്നാശംസിക്കുന്നു.

**യൂഹാനോൻ മാർ മിലിത്തോസ്**
**മെത്രാപോലീത്ത**




## പ്രത്യാശയിലേക്ക് നയിക്കുന്നു

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള സർക്കാരിന് മലങ്കര ഓർത്തഡോക്സ് സഭയുടെ ആശംസകൾനേരുന്നു. പ്രതിസന്ധികളുടെ നടുവിൽ എല്ലാവരെയും ചേർത്തുപിടിച്ച് കേരളത്തെനയിച്ച മുൻ സർക്കാരിനോടുള്ള നന്ദിപ്രകടനവും ജനത്തിന്റെ അംഗീകാരവുമാണ് സർക്കാരിന്റെ തുടർഭരണം. നവദർശനങ്ങളുള്ള സർക്കാർ, ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ ഭാരതത്തിന്റെ തിലകക്കുറിയാക്കി മാറ്റട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. യൂഹാനോൻ മാർ ദീയസ്കോറസ്**



ഇടതുപക്ഷ സർക്കാരിന്റെ സത്യപ്രതിജ്ഞയ്ക്ക് മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് പങ്കെടുത്തു



നിയുക്ത ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ വെണ്മണി മെനോറ ഓർത്തഡോക്സ് സെന്ററിൽ എത്തി യു.കെ. യൂറോപ്പ് ആഫ്രിക്ക ഭദ്രാസന ഇടയനും ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്തായുമായ ഡോ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹം തേടി. മെത്രാപ്പോലീത്താ സഭയ്ക്കുവേണ്ടിയും, ഭദ്രാസനത്തിനു വേണ്ടിയും ആശംസ അറിയിച്ച് പൊന്നാട അണിയിച്ചു.



തുടർച്ചയായ മൂന്നാം തവണ അടൂരിന്റെ എം.എൽ.എ. ആയി തിരഞ്ഞെടുക്കപ്പെട്ട ചിറ്റയം ഗോപകുമാർ, തനിക്ക് കേരളത്തിന്റെ പുതിയ ഡെപ്യൂട്ടി സ്പീക്കർ പദവി ലഭിച്ചുവെന്ന സന്തോഷവർത്തമാനം പങ്കുവെയ്ക്കുവാൻ ചായലോട് ആശ്രമത്തിൽ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ സമാപം എത്തിയപ്പോൾ.



മൂന്നാം തവണയും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജി. എസ്. ജയലാൽ എം.എൽ.എ. യെ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ അന്തോണിയോസ് പൊന്നാട അണിയിച്ച് ആദരിച്ചു. ഡോ. തോമസ് മാർ അത്താനാസ്യോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നിവർ സമീപം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സമകാലികം

# വീണാ ജോർജ്: 14-ാം മന്ത്രി, ഒന്നാം വനിത

## വർഗീസ് ജോൺ തോട്ടപ്പുഴ

കേരള സംസ്ഥാനത്ത് മന്ത്രിയാകുന്ന 14-ാമത്തെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗമാണ് വീണാ ജോർജ്. ഒരു മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കണക്കാണിത്. സഭാംഗമായ പ്രഥമ വനിതാമന്ത്രി എന്ന ബഹുമതിയും വീണയ്ക്കു സ്വന്തം.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കെ.സി. ജോർജ്, ഇ.പി. പൗലോസ്, കെ.ടി. ജേക്കബ്, പോൾ പി. മാണി, ഇ. ജോൺ ജേക്കബ്, ടി.എസ്. ജോൺ, പ്രൊഫ. കെ.എ. മാത്യു, പി.സി. ചാക്കോ, ടി. എം. ജേക്കബ്, പി.പി. തങ്കച്ചൻ, ടി.യു. കുരുവിള, അനൂപ് ജേക്കബ് എന്നിവരാണ് കേരളത്തിൽ മന്ത്രിമാരായത്. കേരളത്തിൽ ഇതുവരെയുള്ള 23 മന്ത്രിസഭകളിൽ രണ്ടിന് ഉമ്മൻ ചാണ്ടി (2004, 2006, 2011  2016) നേതൃത്വം നൽകി. 4 മന്ത്രിസഭകളിൽ സഭാംഗങ്ങളാരുമില്ലായിരുന്നു. 14 മന്ത്രിസഭകളിൽ ഒന്നും 5 മന്ത്രിസഭകളിൽ രണ്ടും പേർ വീതമുണ്ടായിരുന്നു.

കേരളപ്പിറവിയ്ക്കു (1956) മുൻപ് വി.ഒ. മർക്കോസ് (തിരുവിതാംകൂർ, 1948 – 1949), ഇ. ജോൺ ഫീലിപ്പോസ് (തിരു-കൊച്ചി, 1949 – 1951) എന്നിവർ മന്ത്രിമാരായിരുന്നു. എ.എം. തോമസ് (സഹമന്ത്രി, 1957 – 1967), സി.എം. സ്റ്റീഫൻ (കാബിനറ്റ് മന്ത്രി, 1980 – 1983) എന്നിവർ കേന്ദ്രമന്ത്രിസഭയിൽ അംഗങ്ങളായിരുന്നു. സി.എം. സ്റ്റീഫൻ 6-ാം ലോക്സഭയിലും ഉമ്മൻ ചാണ്ടി 12-ാം കേരള നിയമസഭയിലും പ്രതിപക്ഷനേതാവായിട്ടുണ്ട്.

എ.എം. തോമസ് (തിരു-കൊച്ചി, 1951 – 1952), ടി.എസ്. ജോൺ, എ.പി. കുര്യൻ, പി.പി. തങ്കച്ചൻ എന്നിവർ നിയമസഭാ സ്പീക്കർമാരും സി.എ. കുര്യൻ, ജോസ് ബേബി എന്നിവർ ഡപ്യൂട്ടി സ്പീക്കർമാരുമായിട്ടുണ്ട്. കൊച്ചി നിയമസമിതിയിൽ കെ.ടി. മാത്യു (1934  1935), ടി.പി. പൗലോസ് (1938  1940) എന്നിവർ ഡപ്യൂട്ടി പ്രസിഡൻറ് ആയിരുന്നു.

51 വനിതകൾ ഉൾപ്പെടെ 969 പേർ കേരളത്തിൽ നിയമസഭാംഗങ്ങളായി. ഇവരിൽ 11 വനിതകൾ ഉൾപ്പെടെ 226 പേർ മന്ത്രിമാരായി. 12 മുഖ്യമന്ത്രിമാരും 3 ഉപമുഖ്യമന്ത്രിമാരും ഉൾപ്പെടെയുള്ള കണക്കാണിത്. മൂന്ന് വനിതകൾ ഉൾപ്പെടെ 55 മലങ്കരസഭാംഗങ്ങളാണ് കേരളത്തിൽ ഇതുവരെ എംഎൽഎമാരായത്. ഡോ. മാത്യു കുഴൽനാടനാണ് പുതിയ നിയമസഭയിലെ പുതുമുഖം. പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കിയ 1948 മുതൽ തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി നിയമസഭകളിലായി 14 പേർ കൂടി അംഗങ്ങളായിട്ടുണ്ട്. ജയിച്ചിട്ടും എംഎൽഎ ആകാത്ത ഒരാൾ കൂടിയുണ്ട്-എ.ടി. പത്രോസ് (മൂവാറ്റുപുഴ, 1965).

ഇതുവരെ 13 സഭാംഗങ്ങളാണ് പാർലമെൻറ് അംഗങ്ങളായത്. ഇ. ജോൺ



ആരോഗ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട വീണാ ജോർജ്ജ് പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു. പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് സ്വീകരിച്ച് ആശംസകൾ അറിയിച്ചു.



ഫീലിപ്പോസ് ഭരണഘടനാ നിർമാണ സഭയിലും എൻ. അലക്സാണ്ടർ ഇടക്കാല പാർലമെൻറിലും അംഗമായി. 3 പേർ രാജ്യസഭയിലും 8 പേർ ലോക്സഭയിലുമെത്തി. മുൻ നിയമസഭാംഗമായ കെ.സി. ഏബ്രഹാം (1978  1983), പിന്നീട് രാജ്യസഭാംഗമായ ഡോ. പി. സി. അലക്സാണ്ടർ (1988  2002) എന്നിവർ ഗവർണർമാരായിരുന്നു.

തിരുവിതാംകൂർ, കൊച്ചി ലയനത്തോടെ (1949) രൂപീകരിച്ച സംയുക്ത നിയമസഭയിൽ 178 (120 + 58) ൽ 11 (9 + 2) സഭാംഗങ്ങളുണ്ടായിരുന്നു. പിന്നീടുള്ള രണ്ടു തിരു-കൊച്ചി നിയമസഭകളിലായി 108ൽ 5, 117ൽ 7 എന്നിങ്ങനെയായിരുന്നു കണക്ക്. ഒന്നു മുതൽ 15 വരെ കേരള നിയമസഭകളിലെ മലങ്കര സഭാംഗങ്ങളുടെ കണക്ക്: 1 – 7,  2 – 8, 3 – 7, 4 – 11, 5 – 11, 6 – 9, 7 – 6, 8 – 5, 9 – 6, 10 – 11, 11 – 7, 12 – 10, 13 – 7, 14 – 6, 15 – 5. ആദ്യത്തെ രണ്ടു നിയമസഭകളിൽ 126, മൂന്നും നാലും നിയമസഭകളിൽ 133, പിന്നീടുള്ള നിയമസഭകളിൽ 140 എന്നിങ്ങനെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുണ്ടായിരുന്നു. (ഇവരെ കൂടാതെ നാമനിർദേശം ചെയ്യപ്പെട്ട ഒരു ആംഗ്ലോ-ഇന്ത്യൻ അംഗവുമുണ്ടായിരുന്നു). നിയമസഭയോ മന്ത്രിസഭയോ രൂപീകരിക്കാതെ പോയ 1965ലെ തെരഞ്ഞെടുപ്പിൽ വിജയിച്ച 133 പേരിൽ 9 മലങ്കരസഭാംഗങ്ങളുണ്ടായിരുന്നു. എ. ടി. പത്രോസ് (മൂവാറ്റുപുഴ) ഈ തെരഞ്ഞെടുപ്പിൽ മാത്രം വിജയിച്ച സഭാംഗമാണ്. ശേഷിച്ചവർ 1965നു മുൻപോ പിൻപോ എംഎൽഎ ആയവരാണ്. 4-ാം നിയമസഭയിലേക്കു (1970) നടന്ന തെരഞ്ഞെടുപ്പിലാണ് ഏറ്റവും കൂടുതൽ (8.27 %) പ്രാതിനിധ്യമുണ്ടായിരുന്നത്. ഏറ്റവും കുറവ് 1987ലും ഇത്തവണയുമായിരുന്നു (3.57 %).

ഇന്നും തീരാത്ത നമ്മുടെ കക്ഷിവഴക്ക് ഈ പതനത്തിന് ഒരു കാരണമല്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.  സുപ്രിംകോടതി വിധികളനുസരിച്ച് മലങ്കര സഭ ഒന്നേയുള്ളു; സഭയുടെ പ്രഖ്യാപിത ഔദ്യോഗിക നിലപാടും ഇതാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗമായ എല്ലാവരെയും ഈ കണക്കെടുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ക്നാനായ സമുദായ അംഗങ്ങളും മറുകക്ഷിയോടു ചേർന്നു നിൽക്കുന്നവരും ഇതിലുൾപ്പെടുന്നു.

(ക്രൈസ്തവസഭ, മലങ്കരസഭ, നിയമസഭ, രാജ്യസഭ, ലോക്സഭ തുടങ്ങിയ സഭകളിൽ ഗവേഷണ പഠനം നടത്തുന്ന വ്യക്തിയാണ് ലേഖകൻ. ഫോൺ – 9446412907).

❑




**The newly elected Mavelikara MLA M. S. Arun Kumar visited Alexios Mar Eusebius Metropolitan at Theobhavan Aramana, Thazhakara.**



**പൂലിയൂർ പഞ്ചായത്തിലെ കണ്ടയമെന്റ് സോണുകളിൽ ഉള്ള ഭവനങ്ങൾക്ക് കൈതാങ്ങായി സെന്റ് ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം.**



## മതസൗഹാർദ്ദത്തിന്റെ സന്ദേശവുമായി ഓർത്തഡോക്സ് ബാലസമാജം

പത്തനാപുരം: ശരീരം തളർന്നു പരസഹായമില്ലാത്ത ഒന്നും ചെയ്യാൻ സാധിക്കാത്ത പത്തനാപുരം കുണ്ടയം സ്വദേശി അബൂബക്കറിന് മരുന്നുകളും സഹായവുമായി ഓർത്തഡോക്സ് ബാലസമാജം കൊട്ടാരക്കര-പുനലൂർ ഭദ്രാസന പ്രവർത്തകർ കുണ്ടയത്തെ വീട്ടിൽ എത്തി.

അബൂബക്കറിന്റെ മാനസിക വെല്ലുവിളി നേരിടുന്ന മൂത്ത മകന്റെ പുനരധിവാസം ബാലസമാജം ഏറ്റെടുത്തു. പൊതുപ്രവർത്തകനായ അൽ അമാൻ ശ്രദ്ധയിൽ പെടുത്തിയതനുസരിച്ചാണ് ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ ഡോ ജേക്കബ് ജോൺ, ജനറൽ സെക്രട്ടറി ലിപിൻ പുന്നൻ, ഭദ്രാസന ട്രഷററും പട്ടാഴി ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ ജെയിൻ ജോയി എന്നിവർ സഹായവുമായി കടന്നു ചെന്നത്.




**സിൽവാനോസ് റമ്പാച്ചന്റെ ഭൗതികശരീരം പരുമല ഹോസ്പിറ്റൽ ചാപ്പലിൽ എത്തിയപ്പോൾ കുര്യാക്കോസ് മാർ ക്ലീമിസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ പിതാക്കന്മാർ പ്രാർത്ഥനകൾ നടത്തി. മലങ്കര ഓർത്തഡോക്സ് സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, പരുമല ഹോസ്പിറ്റൽ സി.ഇ.ഒ. ഫാ. എം. സി. പൗലോസ് എന്നിവർ അനുശോചനം രേഖപ്പെടുത്തി.**



**ബെംഗളൂരു ഭദ്രാസനം നടത്തി വരുന്ന കോവിട് 19 അനുബന്ധ ചാരിറ്റി പ്രൊജക്റ്റുകളുടെ ഭാഗമായി 5 ഓക്സിജൻ കോൺസന്ട്രേറ്റർ മെഷിനുകൾ ബൃഹത് ബെംഗളൂരു മഹാനഗര പാലികയെക്കു (BBMP) സംഭാവന നൽകി. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. എബ്രഹാം മാർ സെറാഫിം മെഷീനുകൾ BBMP ജോയിന്റ് കമ്മീഷണർ മിസ്സിസ്. പല്ലവി കെ. ആർ. ന് കൈമാറി.**



## ഫാ. മാത്യു ജോൺ നിര്യാതനായി

തിരുവനന്തപുരം ഭദ്രാസനത്തിലെ വൈദികനും വട്ടിയൂർക്കാവ് പള്ളി വികാരിയുമായിരുന്ന ഫാ. മാത്യു ജോൺ (36) നിര്യാതനായി.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം തിരുവനന്തപുരം ഭദ്രാസന വൈസ് പ്രസിഡന്റ് ആയിരുന്നു. ശവസംസ്കാരം പിന്നീട്.

പ്രണാമം

# മിഷൻ വയലിലെ വിനീത ദാസൻ

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**

പുതുപ്പാടി ആശ്രമ സുപ്പീരിയറും ചന്ദനപ്പള്ളി സ്വദേശിയുമായ വന്ദ്യ സിൽവാനിയോസ് റമ്പാൻ (60) സുവിശേഷ ദൗത്യവുമായി ഇന്ത്യൻ ഗ്രാമങ്ങളിലെ സജ്ജീവ സാന്നിധ്യമായിരുന്നു. 1982-ൽ ദൈവവിളി സ്വീകരിച്ച് പുതുപ്പാടി ആശ്രമത്തിൽ ചേർന്നു. മിഷൻ പ്രവർത്തന രംഗത്തെ അതുല്യ പ്രതിഭയായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ശിഷ്യത്വം സ്വീകരിച്ചു. അദ്ദേഹത്തിന്റെ മതേതര കാഴചപ്പാടിലും ദൈവിക കാരുണ്യ പദ്ധതിയിലും ആകൃഷ്ടനായി , ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ദൈവകൃപയും സ്നേഹത്തിന്റെ ആത്മാവും കാരുണ്യ സ്പർശവും പകർന്ന ആ ജീവിതം ആത്മ പരിത്യാഗത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെതുമാണ്. മതേതര കാഴ്ചപ്പാടും അപരനെ ഹൃദയത്തോട് ചേർക്കുവാനുമുള്ള വിശാല ദർശനവും ദൈവ സ്നേഹവുമാണ് ആ ജീവിതത്തിന്റെ പ്രത്യേകത.

ഹൈദ്രബാദ് യാച്ചാരം ബാലഗ്രാം, ഇറ്റാർസി ബാലഗ്രാം, ഒറീസ്സ കലഹണ്ടി മിഷൻ പ്രൊജക്റ്റ്, പുനാ സെന്റ് ജോർജ് ബാലഗ്രാം എന്നീ സ്ഥാപനങ്ങളുടെ മാനേജരായിരുന്നു. കോട്ടയം തിരുവാതുക്കൽ സെന്റ് പോൾസ് ആശ്രമത്തിന്റെയും ബാലഗ്രാമിന്റെയും മാനേജരായും മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ ബോർഡിന്റെ ബാഹ്യ കേരള മിഷൻ പ്രസ്ഥാനങ്ങളുടെ കോ - ഡയറക്ടറായും പ്രവർത്തിച്ചു. മിഷൻ രംഗത്ത് മൂന്നു പതിറ്റാണ്ടിലധികം നിശബ്ദമായി നടത്തിയ കഠിനാദ്ധ്വാനവും ആത്മ ത്യാഗവും അവിസ്മരണീയമാണ്.

മലങ്കര സഭയുടെ സുവിശേഷ ദൗത്യത്തിന്റെ അതിരുകൾ വിശാലമാക്കണമെന്നും ഇന്ത്യയുടെ ഗ്രാമങ്ങളിൽ സുവിശേഷ വെളിച്ചം അറിയിക്കണമെന്നും ധീരമായി നിരവധി വേദികളിൽ അദ്ദേഹം പ്രസംഗിച്ചു. ദൈവിക സുവിശേഷവും ജീവകാരുണ്യ പ്രവർത്തനവും ഒരുമിപ്പിക്കുവാൻ കഴിയണമെന്നും അദ്ദേഹം പറയുമായിരുന്നു.

മിഷൻ പ്രവർത്തനത്തിന്റെ പ്രധാന വെല്ലുവിളി സിൽവാനിയോസ് റമ്പാച്ചൻ പങ്കിടുന്നത് ശ്രദ്ധേയമാണ്:

'മിഷൻ പ്രവർത്തനത്തിന് പണം ഒരു പ്രശ്നമല്ല. അനവധി പേർ പണം നൽകാൻ സന്നദ്ധമാണെങ്കിലും സുവിശേഷ വയലിൽ സന്നദ്ധ പ്രവർത്തകർ ഇല്ലാ എന്നതാണ് വാസ്തവം. കുടുംബ ബന്ധനങ്ങളിൽ നിന്നും പുറത്തു വന്ന് ഭാരതത്തിന്റെ ഗ്രാമങ്ങളിൽ പ്രവർത്തിക്കുവാൻ പുതു തലമുറ മുന്നോട്ടു വരണം. 'ദൈവ സ്നേഹവും സുവിശേഷ വെളിച്ചവും ഇന്ത്യൻ ഗ്രാമങ്ങളിലെ തിരസ്ക്രിത ജനതയെ അറിയിച്ച് സമഗ്രമായ വ്യക്തിത്വ വികസനത്തിൽ അവരെ വളർത്തുക എന്ന ലക്ഷ്യം അദ്ദേഹം പ്രായോഗികമാക്കി.

ഗുരുവായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സുവിശേഷ തീഷ്ണതയും സാമൂഹിക കാഴ്ചപ്പാടും സിൽവാനിയോസ് റമ്പാനിൽ നിറഞ്ഞു നിന്നു. പ്രസംഗ വേദികളിൽ മാർ ഒസ്താത്തിയോസ് തിരുമേനിയുടെ






ഡോ. ഗീവർഗീസ് മാർ യൂലിയോസ് സതീർത്ഥ്യന്റെ ഓർമ്മയിൽ വിതുമ്പുന്നു

ശബ്ദവും ഭാവവും വാക്കുകളുടെ വേഗ ക്രമവും ഗുരുതുല്യമെന്നു തോന്നിപ്പോകും. മാർ ഒസ്താത്തിയോസിന്റെ സ്വപ്ന പദ്ധതിയായ കോട്ടയം തിരുവാതുക്കൽ ബാലഗ്രാമിന്റെ ആദിമുതലുള്ള പണികളുടെ കാര്യദർശിയായി അവിടെ ഒരു ചെറു കുടിലിൽ താമസിച്ച് മേൽനോട്ടം വഹിച്ചു. അവിടെ നിന്നും മാറി ഒരു വീട്ടിൽ താമസിക്കണമെന്ന് പല പ്രാവശ്യം നിർബന്ധിച്ചെങ്കിലും അതിന് അദ്ദേഹം തയ്യാറല്ലായിരുന്നു. വളരെ ഹൃദ്യമായ ഇടപെടലും ലാളിത്യമുള്ള കാര്യശേഷിയുമാണ് ബാലഗ്രാമിന്റെ വളർച്ചയെ സഹായിച്ചത്. അവിടെ പാർക്കുന്ന വിദ്യാർത്ഥികൾക്ക് സിൽവാനിയോസ് റമ്പാച്ചൻ 'അവരുടെ പപ്പായാണ്.' രോഗികളെയും അശരണരേയും താങ്ങി എടുത്ത് കാരുണ്യ സ്പർശം പകരുന്ന എത്രയോ സന്ദർഭങ്ങൾക്ക് ഞാൻ സാക്ഷിയായിട്ടുണ്ട്. കർമ്മ പദ്ധതികൾക്ക് പ്രധാന്യം നൽകി, പ്രസംഗവേദികളിൽ നിന്നും ആൾകൂട്ടത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്ന സാത്വികഭാവമായിരുന്നു സിൽവാനിയോസ് റമ്പാച്ചൻ.

മികച്ച സംഘാടകനും കാര്യദർശിയുമായ സിൽവാനിയോസ് റമ്പാൻ സാമൂഹിക പ്രതിബദ്ധതയുടെയും കാരുണ്യത്തിന്റെയും പ്രതീകമാണ്. ധീരമായ നിലപാടും പ്രവാചകത്വമുള്ള വാക്കും മുഖഭേദമില്ലാത്ത തിരുത്തൽ ശബ്ദവുമായിരുന്നു സിൽവാനിയോസ് റമ്പാൻ. അദ്ദേഹത്തിന്റെ ജീവിതമോ പ്രവർത്തനമികവോ കർമ്മ പദ്ധതികളോ ചിത്രങ്ങളൊ സാമൂഹിക മാദ്ധ്യമങ്ങളിൽ ആഘോഷമാക്കിയിട്ടില്ല. സുവിശേഷ ജീവിതത്തിന്റെ ബദൽ മാതൃകയാണ് പകർന്നത്.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ഞങ്ങൾ സഹപാഠികളായിരുന്നു (1987-91). സ്കൂൾ പഠനകാലത്ത് തുമ്പമൺ ഭദ്രാസന ബാലസമാജ ക്യാമ്പുകളിൽ ഞങ്ങൾ പതിവായി കണ്ടുമുട്ടിയിരുന്നു. ആ ജീവിതവും നേതൃത്വവും ക്രിസ്തുസ്പർശമായിരുന്നു.

അകത്തും പുറത്തുമുള്ള വലിയ അംഗീകാരങ്ങൾക്ക് കാത്തു നിൽക്കാതെ മിഷൻ വയലിലെ വിനീത ദാസനായ പ്രിയ സിൽവാനിയോസ് റമ്പാൻ പറുദീസായിലെ അവകാശത്തിലേക്ക് 2021 മെയ് 18 ന് യാത്രയായി. കോഴിക്കോട് പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിൽ അന്ത്യവിശ്രമം. പ്രണാമം!

❑

പുസ്തകം

# മനുഷ്യ സാന്നിദ്ധ്യം

## പ്രകൃതിയോടുള്ള ഓർത്തഡോക്സ് സമീപനം


ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

**THE HUMAN PRESENCE: Ecological Spirituality and the Age of the Spirit**
എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം: **ഡോ. യാക്കോബ് മാർ ഐറേനിയോസ്**

## 5

## ലോകത്തിൽ ദൈവത്തിന്റെ പ്രവൃത്തി

### നിസ്സായിലെ ഗ്രീഗോറിയോസും, പരമ്പരാഗത ക്രിസ്തീയ പ്രതിവിധിയും



പരമ്പരാഗത ക്രിസ്തീയ ചിന്തയിൽ പ്രപഞ്ചത്തെപ്പറ്റിയുള്ള അറിവിന് അടിസ്ഥാനമിട്ട നിസ്സായിലെ ഗ്രീഗോറിയോസിന്റെ ദർശനത്തിൽ, ദൈവം, പ്രപഞ്ചം, മനുഷ്യരാശി എന്നിവ തമ്മിലുള്ള ബന്ധം നിർണ്ണയിച്ചിരിക്കുന്നത് ഈ അദ്ധ്യായത്തിൽ വിശദമാക്കാൻ ശ്രമിക്കട്ടെ. എന്നാൽ അദ്ദേഹത്തിന്റെ ചിന്താധാര, പാശ്ചാത്യ ക്രിസ്തീയ പാരമ്പര്യത്തിൽ കുടിയേറിയതായി തോന്നുന്നില്ല.

നിസ്സായിലെ വിശുദ്ധ ഗ്രീഗോറിയോസിന്റെ, സൃഷ്ടിയുടെ സ്വഭാവത്തെ പുരസ്കരിച്ചുള്ള മനനങ്ങൾക്ക് പ്രചോദകമായത്, മൂത്ത സഹോദരനായ വി. ബസേലിയോസിന്റെ ഉൾക്കാഴ്ചകളാണ്. സ്വർഗ്ഗം, ഭൂമി, നിത്യത, സമയം എന്നിവയുടെ അഭേദ്യബന്ധത്തെപ്പറ്റി ഊന്നിപ്പറഞ്ഞിട്ടുണ്ട്. വി. ബസേലിയോസിന്റെ ഒമ്പതു പ്രഭാഷണങ്ങൾ (ആറു ദിവസത്തെ സൃഷ്ടിയെപ്പറ്റി) ഉല്പത്തി 1:1–26 -ന്റെ വ്യാഖ്യാനമാണ്. സ്വർഗ്ഗവും ഭൂമിയും, അതേ ദൈവിക പ്രവൃത്തിയാൽ നിലവിൽ വന്നതാണെന്നും, ആകയാൽ അവ രണ്ടും തുല്യ ആദരവിന് അർഹമാണെന്നും, അദ്ദേഹം സുധീരം പ്രസ്താവിച്ചു. എങ്കിലും സ്ഥല-കാലങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തത്വചിന്ത അദ്ദേഹം വികസിപ്പിച്ചില്ല. തന്റെ സഹോദരന്റെ ചിന്തയെ സമഗ്രമായി വിശദീകരിച്ചത് വി. ഗ്രീഗോറിയോസാണ്.

നിസ്സായിലെ വി. ഗ്രീഗോറിയോസ് ലോകത്തിന്റെ സ്വഭാവത്തെയും മനുഷ്യജീവിതത്തെയും പറ്റി വിചിന്തനം നടത്തുമ്പോൾ, അത് 'ദൈവശാസ്ത്ര'പരമായ ഒരു സംഗതിയായി അവകാശപ്പെടുന്നില്ല; മറിച്ച് നമ്മിലും നമ്മുടെ ചുറ്റുപാടുകളിലും ദൈവം പ്രവർത്തിക്കുന്നതിനെപ്പറ്റി, വിശ്വാസത്തിൽ മനനം ചെയ്യുക മാത്രമാണ് പലതിനെയുംപറ്റിയുള്ള 'ദൈവശാസ്ത്രങ്ങൾ' പെരുകുന്ന നമ്മുടെ കാലത്ത്, മാർ ഗ്രീഗോറിയോസ്, മറ്റ് കപ്പദോക്യൻ പിതാക്കന്മാരെപ്പോലെ, വേദശാസ്ത്രം എന്നപദം കൃത്യമായി ഉപയോഗിക്കുന്നു എന്നത് ഓർക്കുന്നത് നന്നായിരിക്കും. മനനത്തിന്റെ രണ്ട് സാദ്ധ്യതകൾ കപ്പദോക്യൻ പിതാക്കന്മാർ വ്യവച്ഛേദിക്കുന്നുണ്ട് – ദൈവശാസ്ത്രത്തെപ്പറ്റിയും രണ്ടാമത്തെ ലോകത്തെപ്പറ്റിയും (on theologia and Oikonomia). ഒന്നാമത്തേതിന്റെ ലക്ഷ്യം, ത്രിത്വമെന്ന മഹാരഹസ്യത്തെപ്പറ്റിയുള്ള അബദ്ധ പ്രസ്താവനകളെ തിരുത്തുക എന്നതാണ്. രണ്ടാമത്തേത്, ദൈവം ലോകത്തെ എങ്ങനെ ഭരിച്ചു നടത്തുന്നു എന്നതാണ്. അതിന്റെ കേന്ദ്രബിന്ദു, ത്രിത്വത്തിൽ രണ്ടാമത്തെ ആളത്വത്തിന്റെ മനുഷ്യാവതാരം, ജനനം, ജീവിതം, മരണം, പുനരുത്ഥാനം, ആരോഹണം, തുടരുന്ന പ്രവർത്തനം എന്നിവയാണ്. ഈ രണ്ട് ഗണങ്ങളിൽ, ആദ്യത്തേതിനെ പരാമർശിച്ചു മാത്രമാണ്, കപ്പദോക്യൻ പിതാക്കന്മാർ 'വേദശാസ്ത്രം' എന്നു പറയുന്നത്. തന്നെയുമല്ല, വേദശാസ്ത്ര ചർച്ചകൾ കഴിയുന്നതും ചുരുക്കണമെന്നും അവർ ശഠിക്കുന്നുണ്ട്; കാരണം ബുദ്ധിപ്രയോഗിച്ചുള്ള ചിന്തയിലൂടെ, ഗ്രഹണാതീതമായ ദൈവസ്വഭാവത്തെപ്പറ്റി കാര്യമായൊന്നും ലഭിക്കുകയില്ല എന്ന് അവർ പറയുന്നു.

നമ്മുടെ വിഷയത്തിന്റെ പശ്ചാത്തലത്തിൽ, ഗ്രീഗോറിയോസിന്റെ ചിന്താധാരയിലെ നിർണ്ണായകമായ ചില ഭാഗങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമാണിവിടെ. അല്ലാതെ, ഗ്രീക്ക്, ഈജിപ്ഷ്യൻ, കൽദായ എന്നിവരുടെ ചിന്താധാരയിലെ ഉൾക്കാഴ്ചകൾ, ആധികാരികമായ ക്രിസ്തീയ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ സ്വീകരിക്കുകയോ, തിരസ്ക്കരിക്കുകയോ ചെയ്തുകൊണ്ട്, വിജാതീയ ജ്ഞാനത്തിലെ ഉത്തമാംശങ്ങളെ ഏകീകരിക്കാൻ ശ്രമിച്ച, നാലാം നൂറ്റാണ്ടിലെ ഈ ചിന്തകന്റെ വേദവിചാരധാരയിലെ സങ്കീർണ്ണമായ ധനം അനാവരണം ചെയ്യാൻ ശ്രമിക്കുകയല്ല.

### 1. യാഥാർത്ഥ്യത്തിന്റെ ദ്വന്ദഭാവം

നിസ്സായിലെ ഗ്രീഗോറിയോസിനെ പഠിക്കുന്നവർ, അദ്ദേഹത്തിന്റെ 'പ്രപഞ്ചഘടനാശാസ്ത്രം', പ്ലേറ്റോയുടെ ചിന്തയുമായി ഇണങ്ങുന്നു എന്ന രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതായത്, പ്രപഞ്ചത്തെ രണ്ട് ഭാഗങ്ങളായി കാണുന്നു.

(a) രൂപങ്ങളുടെ ലോകം – ഐക്യപ്പെട്ടത്, ഇന്ദ്രിയാതീതം, ഗ്രാഹ്യമായത്, അഭൗമമായത്.

(b) പ്രത്യേകതകളുടെ ലോകം – ബഹുസ്വരതയുള്ളത്, ക്ഷണഭംഗുരമായത്, ഇന്ദ്രിയഗോചരമായത്, താൽക്കാലികം. പ്ലേറ്റോയെയും, അദ്ദേഹത്തിന്റെ ചിന്തയിലെ 'ഗണങ്ങൾ', സ്വരൂപം, വാദഗതികൾ എന്നിവയെയുംപറ്റി ഗ്രീഗോ

റിയോസിന് അറിവുണ്ടായിരുന്നു. എന്നാൽ ഗ്രീഗോറിയോസിന്റെയും പ്ലേറ്റോയുടെയും പ്രപഞ്ചഘടനാശാസ്ത്രം[2] ഒരുപോലെയായിരുന്നു എന്നു കരുതുന്നത് തികച്ചും അപര്യാപ്തമാണ്.

പ്ലേറ്റോയും, അരിസ്റ്റോട്ടിലും സ്റ്റോയിക്കരും തമ്മിൽ അടിസ്ഥാനപരമായ അന്തരങ്ങളുണ്ട്. അരിസ്റ്റോട്ടിലും സ്റ്റോയിക്കരും പ്രപഞ്ചഘടനാശാസ്ത്രത്തിലെ അദ്വൈതവാദികളാണ്. അവരെ സംബന്ധിച്ചിടത്തോളം ക്രമബദ്ധമായ ലോകം ഏക യാഥാർത്ഥ്യമാണ്. പഞ്ചേന്ദ്രിയ വ്യാപാരങ്ങളിലൂടെ മാത്രം അതിനെ അറിയാൻ കഴിയുന്നു. അവിടെ സുസ്ഥിരവും മാറ്റമില്ലാത്തതുമായ യാഥാർത്ഥ്യമെന്ന സങ്കല്പമില്ല. അതേസമയം പ്ലേറ്റോയുടെ ചിന്തയിൽ, ഇന്ദ്രിയഗോചരമായ ലോകം, ഗ്രാഹ്യമായ ലോകത്തേക്ക് കയറുന്നതിനുള്ള ഒരു ഗോവണി മാത്രമാണ്. അദ്ദേഹത്തിന്റെ വിഖ്യാത കൃതിയായ റിപ്പബ്ലിക്കിൽ[3] സോക്രട്ടീസ് ഇങ്ങനെ പറയുന്നു: 'ഗണിതശാസ്ത്ര പഠനത്തിന്റെയും വാനശാസ്ത്രപഠനത്തിന്റെയും ഉദ്ദേശ്യം, ഗ്രാഹ്യമായ പ്രപഞ്ചത്തിലെ രൂപങ്ങളെ തിരിച്ചറിഞ്ഞു വിവേചിക്കുക എന്നതാണ്; അവ നമ്മെ ഗ്രാഹ്യവും മേൽത്തരവുമായ പ്രപഞ്ച വ്യവസ്ഥയെപ്പറ്റി ധ്യാനിക്കുന്നതിന് നയിക്കുകയും ചെയ്യുന്നു.' പ്ലേറ്റോയുടെ Timaeus എന്ന കൃതിയിലെ Phaedrus ഇതിഹാസത്തിന്റെ സാരവും ഇതാണ്. അതിൽ ഈ ദ്വിപദ്ധതി വീണ്ടും കാണപ്പെടുന്നു - നിത്യലോകവും, ശാശ്വതമല്ലാത്ത ഭൗതികലോകവും. സ്വർഗ്ഗത്തെയും ഭൂമിയെയും സംബന്ധിച്ച് യഹൂദ-ക്രിസ്ത്യൻ ആശയത്തിന്റെ മുൻഗാമിയായിരിക്കാം ഇത്.[4] പ്ലേറ്റോയെ സംബന്ധിച്ചിടത്തോളം, ഗ്രാഹ്യമായ ലോകം, ഈശ്വരനാണ്; എന്നാൽ ആത്യന്തികമായ അർത്ഥത്തിലല്ല, അനുമാനിക്കുന്നതും രണ്ടാം തരവും എന്നീ വിധത്തിൽ മാത്രം. അത് ഇന്ദ്രിയഗ്രാഹ്യമായ ദൈവം, ഒരു 'രണ്ടാം' ദൈവം.

അങ്ങനെ, ഒരു രീതിയിൽ ഗ്രാഹ്യമായ ലോകത്തെ പ്ലേറ്റോ ദൈവവുമായി താദാത്മ്യപ്പെടുത്തുന്നുണ്ട്. അല്ലെങ്കിൽ പ്രപഞ്ചത്തെ രണ്ടാം സ്ഥാനത്ത് അദ്ദേഹം കാണുന്നതെങ്ങനെ? പ്രഥമ ദർശനത്തിൽ, ഇത് വസ്തു-സ്ഥാനീകൃതമായ, സ്റ്റോയിക് വേദശാസ്ത്രത്തിന് എതിരാണെന്നു തോന്നുന്നു. ഒരു സ്റ്റോയിക്കിന്റെ വീക്ഷണത്തിൽ ദൈവം പ്രപഞ്ചത്തിന്റെ ആദിമൂലവും, ആത്മാവുമാണ്. പ്രപഞ്ചത്തിനു പുറത്ത് ദൈവത്തെ കാണേണ്ടയാവശ്യവുമില്ല. എങ്കിലും സ്റ്റോയിസിസത്തെ പൂർണ്ണമായ അർത്ഥത്തിൽ അദ്വൈതം എന്നു വിളിക്കാനാവില്ല; കാരണം, ദൈവപ്രപഞ്ചത്തിലും, അതിൽനിന്ന് അവിഭാജ്യവുമാണെങ്കിലും, അതിന്റെ ഗ്രാഹ്യഭാഗമല്ല; മറിച്ച് അതിന്റെ ആശയപ്രപഞ്ചത്തെ നിയന്ത്രിക്കുകയും സജീവമാക്കുകയും ചെയ്യുന്നതാണ്. പ്ലേറ്റോ പ്രപഞ്ചത്തെ, "ആത്മാവ് ഉൾക്കൊള്ളു"ന്നതാണെന്ന് സമ്മതിക്കുന്നുണ്ടെങ്കിലും, പ്ലേറ്റോയുടെയും, സ്റ്റോയിക്യരുടെയും ദ്വൈതവാദം വ്യതിരിക്തമായിരിക്കുന്നു.

പ്ലേറ്റോയുടെ ദ്വന്ദവാദം യുക്തിവാദപരവും, അതീന്ദ്രിയപരവും, ഹേതുവിദ്യാപരവുമെന്നും; സ്റ്റോയിക്കുകളുടെ ദ്വന്ദവാദം 'hylozoic', അതായത്, വസ്തുവും പ്രാണനും, ശരീരവും ആത്മാവും എന്നവണ്ണം യോജിച്ചിരിക്കുന്നു എന്ന് Joseph Moreau[5]-ന്റെ അഭിപ്രായത്തോട് നമുക്കു യോജിക്കാൻ കഴിയും. സ്റ്റോയിക്കുകൾ, അടിസ്ഥാനപരമായി 'നിരീക്ഷണ-അനുഭവ' വാദികളാണ്. ഇന്ദ്രിയങ്ങളിലൂടെ ഗ്രഹിക്കുന്ന കാര്യങ്ങളുടെ സാരം നാം അറിയേണ്ടതുണ്ട്. ദൈവം, പ്രപഞ്ചത്തിന്റെ മൗലിക വചനവും ശാസ്ത്രവുമാണ്. പ്രപഞ്ചം ഒരു സജീവസത്ത (പ്രാണ) യാണ്, അതായത് ദൈവം. പ്രപഞ്ചത്തിലെ ബോധമുള്ള എല്ലാ അംശവും ദൈവത്തിന്റെ ശരീരമാണ്. ഉദിക്കുകയും, ഇല്ലാതാവുകയും ചെയ്യുന്ന മാറ്റമുള്ള എല്ലാ ജീവരൂപങ്ങൾക്കും ഉല്പത്തി നൽകുന്ന ശക്തി ദൈവമാണ്. എന്നാൽ 'ആകെയുള്ളത്' നിത്യവും അനശ്വരവുമാണ്.[6] ഒരു രീതിയിൽ പറഞ്ഞാൽ, സ്റ്റോയിക്കുകളുടെ ഈ ആശയം, ഈശ്വരോന്മുഖവും, നവോത്ഥാനാനന്തരവുമായ "പ്രകൃതി"യെപ്പറ്റിയുള്ള ചിന്തയുടെ പൂർവ്വികനാണെന്നു കാണാം.

Cherniss, വി. ഗ്രീഗോറിയോസ്, സ്റ്റോയിക്കരുടെ അദ്വൈതവാദം (അതായത്, ശരീരവും ആത്മാവും എന്നപോലെ, വസ്തുവും പ്രാണനും പ്രപഞ്ചത്തിൽ യോജിച്ചിരിക്കുന്നു) തിരസ്ക്കരിക്കുന്നത് ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹം, ഗ്രീഗോറിയോസിന്റെ വീക്ഷണവും പ്ലേറ്റോയുടെ ചിന്തയും ഒന്നായി കാണുന്നു. ഭൗതികവും, ഗ്രാഹ്യവുമായ പ്രപഞ്ചം, അനുഭൂതികൾക്കപ്പുറമുള്ള നിത്യലോകത്തിലേക്കുള്ള യാത്രയിൽ നാം കടന്നുപോകേണ്ട ഒരു സ്ഥിതിയാണെന്നു[7] പറയുന്നുണ്ടെങ്കിലും, അതിലളിതമായ ഒരു താദാത്മ്യപ്പെടുത്തലാണത്. ഗ്രീഗോറിയോസ്, പ്ലേറ്റോയോടു കടപ്പെട്ടിരിക്കുന്നു എന്നത് നിഷേധിക്കാനാവില്ലെങ്കിലും, അദ്ദേഹത്തിന്റെ ആശയങ്ങളുടെ സമ്പൂർണ്ണ മാഹാത്മ്യം, അദ്ദേഹത്തിന്റെ ചിന്തകളുടെ വിശാല ഘടനയിലാണ് വെളിപ്പെടുന്നത്. അത് പ്ലേറ്റോയുടെ ചിന്തയിൽനിന്നും വിഭിന്നവുമാണ്.****

**2. സ്രഷ്ടാവും സൃഷ്ടിയും**

**a) ദൈവത്തിന്റെ അനന്തത**

നിസ്സായിലെ ഗ്രീഗോറിയോസിനെപ്പറ്റി പഠിക്കുന്ന ഒരു പ്രോട്ടസ്റ്റന്റ് വിദ്യാർത്ഥിയായ Ektehard Muhlenberg ഇങ്ങനെ പറയുന്നു: പ്ലേറ്റോയെയും അരിസ്റ്റോട്ടിലിനെയും അതിർലംഘിച്ച്, ദൈവത്തിന്റെ അനന്തത എന്നതിനെ വേദശാസ്ത്രത്തിൽ അവതരിപ്പിക്കുകയും, അതിന്റെ പരിണിതഫലങ്ങളെ വിശദമാക്കുകയും ചെയ്ത പ്രഥമ ക്രിസ്തീയ ചിന്തകനാണ് നിസ്സായിലെ ഗ്രീഗോറിയോസ്.[8] എന്നാൽ അദ്ദേഹം പരാമർശിക്കുന്ന 'അനന്തത' പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും ചിന്തയിലെ 'അതിരില്ലായ്മ'യിൽ നിന്നും തികച്ചും വിഭിന്നമാണ്. പ്ലേറ്റോയുടെ നിർവചനം പ്രാഥമികവും അവികസിതവുമാണ്.

'ആ ഒരുവൻ അനന്തമാണ്, അതിന് ആരംഭവുമില്ല അവസാനവുമില്ല.'[9]

അരിസ്റ്റോട്ടിൽ, തനിക്കു മുമ്പുണ്ടായിട്ടുള്ള എല്ലാ വിശദീകരണങ്ങളെയും വിമർശിച്ചശേഷം, തന്റെ Physics-ൽ 'അനന്തത'യ്ക്ക് പുതിയ നിർവചനം നൽകി:

> 'അനന്തം എന്നാൽ, അതിനു വെളിയിൽ ഒന്നുമില്ലെന്നല്ല; മറിച്ച് അതിലധികം എപ്പോഴും ഉണ്ട് എന്നത്രെ.'[10]

അരിസ്റ്റോട്ടിലിന്റെ നിർവചനം പരിഹാസദ്യോതകമാണ്. കാരണം, നിബദ്ധമല്ലാത്തതിന് അതിരുകളില്ല എന്ന് യഥാർത്ഥത്തിൽ ചിന്തിച്ചിരുന്നുവെങ്കിൽ, "പുറത്തുള്ളത്" എന്നു പറയുന്നത് എന്തർത്ഥത്തിലാണ്? ഇവിടെ "ബാഹ്യമായത്" എന്നു വിവക്ഷിക്കുന്നത് പ്രപഞ്ചത്തിനല്ല, നമ്മുടെ ചിന്തയ്ക്കു ബാധകമാണെന്നു കരുതിയാൽ കുഴപ്പമില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ചിന്തയിൽ എത്രദൂരം സഞ്ചരിച്ചാലും, 'അതിരിൽ' എത്തുകയില്ല. നമ്മുടെ ചിന്തയുടെ അതിരുകൾക്കുള്ളിൽ ദൈവത്തെ അടച്ചുവെയ്ക്കുക എന്നത് തീർത്തും അസാദ്ധ്യമാണ്.

പ്ലേറ്റോയെ സംബന്ധിച്ചിടത്തോളവും, അദ്ദേഹത്തിന്റെ ആശയങ്ങളുടെ സ്വാധീനം ഏറെയുള്ള, അലക്സന്ത്രിയായിലെ ക്ലീമീസ്, ഓറിഗൻ എന്നിവരെ സംബന്ധിച്ചും, ദൈവത്തിന്റെ നിത്യത, അതിന്റെ ലാളിത്യത്തിലും അവിഭാജ്യതയിലുമാണ്. ദൈവത്തിന്റെ പ്രത്യേക സ്വഭാവം, തന്റെ 'നിത്യത' മൂലം, അനിർവചനീയവും, അവാച്യവും ഗ്രഹണാതീതവുമാണെന്ന് നിസ്സായിലെ ഗ്രീഗോറിയോസ് പറയുന്നു. ഈ സത്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, ആദ്ധ്യാത്മിക ഭാഷയിൽ മാത്രം നിസ്സായിലെ ഗ്രീഗോറിയോസിനെ ദുർവ്യാഖ്യാനം ചെയ്യുന്ന, Danielou, Volker, Balthasar, Jaeger എന്നിവരുടെ പാശ്ചാത്യ ചിന്താരീതിയെ Muhlenberg തിരുത്തുന്നുണ്ട്.

ഗ്രീഗോറിയോസിന്റെ, ദൈവത്തിന്റെ അനന്തതയെ സംബന്ധിച്ച ആശയങ്ങൾ, മനുഷ്യവംശത്തെയും, പ്രപഞ്ചത്തെയുംപറ്റിയുള്ള നമ്മുടെ ധാരണകളെ ഗണ്യമായി സ്വാധീനിക്കാൻ പോരുന്നതാണ്. മനുഷ്യരാശിയും, പ്രപഞ്ചവും ഈ അനന്തതയിൽ ഭാഗഭാക്കാകുന്നു എന്നു പറയാനുള്ള ബൗദ്ധിക ധീരത അദ്ദേഹം കാട്ടുന്നു. എന്നാൽ, അസ്പഷ്ട അനന്തതയെയും, ഭാഗഭാക്കാകുന്ന നിത്യതയെയും അദ്ദേഹം വ്യവച്ഛേദിച്ചാണ് കാണുന്നത്. ദൈവം കേവലം, പൂർണ്ണതകളുടെ അധികാരശ്രേണികളുടെ മുകളിൽ നിൽക്കുന്നയാളല്ല. യഥാർത്ഥത്തിൽ 'പൂർണ്ണത' എന്നതിന് അർത്ഥമുണ്ടാകുന്നതു തന്നെ, അതിനെ 'അതിരുകളിൽ' നിന്നും വിമുക്തമാക്കി; നിശ്ചലമല്ല, ചലനാത്മകമാക്കുമ്പോഴാണ്. മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും പൂർണ്ണതയെപ്പറ്റിയുള്ള ഗ്രീഗോറിയോസിന്റെ വീക്ഷണം, 'നിശ്ചല'മായിരുന്നില്ല. അവസാനിക്കാത്തതും, അനന്തവുമായി നന്മയിലുള്ള വളർച്ചയെയാണ് അദ്ദേഹം അതിൽ ദർശിച്ചത്.

ഗ്രീഗോറിയോസിന്റെ ചിന്തയിലെ മികവുള്ള മറ്റൊന്ന്, 'നിത്യത' എന്നതിന് ദൈവത്തിന്റെ 'അനന്തസ്വഭാവ'മായി ബന്ധമില്ല എന്നതത്രെ. കാരണം, 'അതിരില്ലാത്ത', 'അനന്തത' മുതലായ ആശയങ്ങൾ, അനിത്യവും താൽക്കാലികവുമായവയെ പുരസ്ക്കരിച്ചുള്ള നമ്മുടെ അനുഭവങ്ങളിൽ നിന്നുളവാകുന്ന നിഷേധാത്മകവും ഋണമായവയുമാണ്. അതുകൊണ്ട് ദൈവത്തിന്റെ 'അനന്തത' ഏക കേന്ദ്രീകൃത ഗണമായല്ല, അദ്ദേഹം കരുതുന്നത്; നേരെമറിച്ച്, നമ്മുടെ

പരിമിത ജീവിതത്തിൽ നിന്നെടുക്കുന്ന മാതൃകകളുടേയും ഗണങ്ങളുടെയും അടിസ്ഥാനത്തിൽ, ദൈവത്തിന്റെ അനന്തതയിലേക്കു നീങ്ങുന്നതിലെ അപകടം അദ്ദേഹം കാട്ടിത്തരികയാണ്.


**b) സാരാംശവും ക്രിയയും**

ദൈവത്തിന്റെ ഉണ്മയും പ്രവർത്തിയും തമ്മിലുള്ള വ്യവച്ഛേദം, ദൈവത്തെയും ലോകത്തെയും കുറിച്ചുള്ള ഗ്രീഗോറിയോസിന്റെ ചിന്തയിലെ കേന്ദ്രബിന്ദുവാണ്. Eunomius-ന്റെ ഏകതാവാദത്തെ എതിർക്കുന്ന കാലത്ത്, ഈ ചിന്ത അദ്ദേഹത്തിൽ വളർന്നു വന്നു. Eunomius-നെ സംബന്ധിച്ച് ഏകതാവാദം ഒരു പ്രായോഗിക ജ്ഞാനവാദമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഓരോ സ്വത്വത്തെയും അതതിന്റെ 'പ്രവർത്തന'ങ്ങളിലൂടെ മാത്രമേ ഗ്രഹിക്കാനാവൂ. ഉണ്മയുടെ ക്രിയകൾ വഴിയാണ് ഈ പ്രവർത്തനങ്ങൾ നിലവിൽ വരുന്നത്. ഓരോ ക്രിയയും അതിനനുസരിച്ച് പ്രവർത്തനങ്ങൾ വരുത്തുന്നു. ക്രിയകളിലെ വ്യത്യാസമനുസരിച്ച് പ്രവർത്തികളിലും അന്തരമുണ്ടാകുന്നു. പ്രവർത്തികളിലെ വ്യത്യാസങ്ങൾക്കു കാരണം സ്വത്വങ്ങളുടെ വ്യത്യാസമാണ്. അങ്ങനെ, ജ്ഞാനവാദം മുമ്പോട്ടു വയ്ക്കുന്ന ചിന്തയിതാണ്: പ്രവൃത്തികൾ മനസ്സിലാക്കാൻ ക്രിയയെ ഗ്രഹിക്കുക; അതുവഴി ഉണ്മയെയും സാരാംശത്തെയും.

ഈ തത്വസംഹിതയെ ഗ്രീഗോറിയോസ് നിഷേധിച്ചു. കാറ്റിന്റെ ഉണ്മയെ അതിന്റെ ഉണ്മയാകാവുന്ന മണൽകൂനയിൽ നിന്നു എങ്ങനെ ഗ്രഹിക്കാനാവും? ഒരു കപ്പലും, വീടും നിർമ്മിക്കുന്ന മനുഷ്യന്റെ ഉണ്മയെ അതിലേതെങ്കിലും ഒന്നിനെ പരിശോധിച്ചറിയുന്നതെങ്ങനെ? ആകാശത്തിന്റെ ഉണ്മയെ, അതിന്റെ ഏതു പ്രവൃത്തി വഴിയാണ് നമുക്കു ഗ്രഹിക്കാനാവുക? പ്രപഞ്ചത്തിന്റെ സ്വഭാവത്തെയും, മനുഷ്യന് അതുമായുള്ള ബന്ധത്തെയും മനസ്സിലാക്കുന്നതിന്, ദൈവത്തിന്റെ പ്രവർത്തനങ്ങൾ പരമപ്രധാനമാണെന്നുള്ള Eunomius-ന്റെ വാദഗതികളെ ഗ്രീഗോറിയോസ് നിരാകരിച്ചു.

ദൈവത്തിന്റെ ഉണ്മ നമുക്ക് അപ്രാപ്യമാണെന്ന് ഗ്രീഗോറിയോസ് ഉറപ്പിച്ചു പറയുന്നു; ബൗദ്ധികമായും, അസ്തിത്വവാദപ്രകാരവും. സ്വസഹോദരനായ ബസേലിയോസിനെപ്പോലെ, ദൈവത്തിന്റെ ശക്തിയെയും ജ്ഞാനത്തെയുംകുറിച്ച്, അവ്യക്തമായ ഒരു ധാരണ മാത്രമേ നമുക്കുള്ളു എന്ന് അദ്ദേഹവും കരുതുന്നു. തിന്മകളിൽനിന്നും വിമുക്തരാകുന്ന മുറയ്ക്ക്, നമുക്ക് ദൈവത്തെയും തന്റെ പ്രവർത്തനങ്ങളെയും ഗ്രഹിക്കാനാവും, ഈ പ്രവർത്തനങ്ങൾ പ്രപഞ്ചം മുഴുവനുമുള്ളതാണ്. തന്റെ സ്വരൂപത്തോട് കൂടുതൽ താദാത്മ്യം പ്രാപിക്കുന്നതനുസരിച്ച് നമ്മെത്തന്നെ മനസ്സിലാക്കാനും സാധിക്കുന്നു. എങ്കിലും, ദൈവത്തിന്റെ പ്രവർത്തനങ്ങൾ വഴി, തന്റെ ഉണ്മയെ ഗ്രഹിക്കാൻ ശ്രമിക്കുന്നത്, ആപൽക്കരമായ ഒരു സംഗതിയാണെന്ന് ഗ്രീഗോറിയോസ് പ്രസ്താവിക്കുന്നു.

'സ്ഥലകാലങ്ങളെപ്പറ്റിയുള്ള അറിവ് ദീർഘമാക്കി, തരണംചെയ്ത്, പ്രകൃതിയെ നമുക്ക് എങ്ങനെ ഗ്രഹിക്കാം? പ്രകൃതിയെ ദീർഘമാക്കാനാവില്ലല്ലോ. ഭൗതികക്രമത്തെ വിശകലനം ചെയ്തു നീങ്ങുന്ന അന്വേഷണം മൂലം കണ്ടുപിടിച്ചവയുടെ ആദ്യാവസ്ഥയിലേക്കു നീങ്ങുന്നു. നാളിതുവരെ അറിഞ്ഞതിനെയെല്ലാം തരണം ചെയ്യാൻ സൂക്ഷ്മമായ ഗവേഷണ പഠനങ്ങൾക്കു കഴിഞ്ഞാലും, 'സമയം' എന്നതിനെ തരണം ചെയ്യുന്ന ഒരു സമ്പ്രദായവും കണ്ടെത്താനാവില്ല. എല്ലാ സ്വത്വങ്ങൾക്കും നിദാനമായ സമയത്തിന്റെ വെളിയിൽ നിന്നുകൊണ്ട്, അതിനെ തരണം ചെയ്യാനാവില്ല. ഭാഷയും യുക്തിയും, അവയ്ക്കതീതമായ തലത്തിലെത്തുമ്പോൾ എല്ലാം നിശ്ശബ്ദമാകുന്നു (സഭാപ്രസംഗി 3:7). അവിടെ അതിന്റെ വർണ്ണനാതീതമായ ശക്തിയെപ്പറ്റി അദ്ഭുതപ്പെടാനെയാകൂ. പ്രസ്തുത ശക്തി, വ്യാഖ്യാനാതീതവും ഗ്രഹിക്കാനാവാത്തതുമാണ്. മഹാന്മാർ (പ്രവാചകന്മാർ) പോലും ദൈവത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റിയല്ലാതെ ദൈവത്തെപ്പറ്റിത്തന്നെ സംസാരിക്കുന്നില്ല. "ദൈവത്തിന്റെ ശക്തി / അദ്ഭുതങ്ങളെപ്പറ്റി ആർക്കു വർണ്ണിക്കാനാവും" (സങ്കീ. 105:2). "നിന്റെ സകല പ്രവൃത്തികളെയുംകുറിച്ച് ഞാൻ പ്രഖ്യാപിക്കും" (സങ്കീ. 9:2, 117:19). "തലമുറ തലമുറയോട് നിന്റെ ക്രിയകളെ പുകഴ്ത്തി നിന്റെ വീര്യപ്രവൃത്തികളെ പ്രസ്താവിക്കും" (സങ്കീ. 145:4). ഈ പ്രവൃത്തികളെപ്പറ്റി അവർ സംസാരിക്കുന്നു; അവയുടെ വിശദാംശങ്ങൾ വിശദീകരിക്കുന്നു. സംഭവിച്ച കാര്യങ്ങളെപ്പറ്റി അവർ പ്രസ്താവിക്കുന്നു. എന്നാൽ, ഇത്തരം ധാരണകൾക്കെല്ലാം അതീതനായവനെപ്പറ്റി പറയേണ്ടി വരുമ്പോൾ, അവർ പരിപൂർണ്ണ നിശ്ശബ്ദതയിലാഴുന്നു. അവർ പറയുന്നു: "തന്റെ വിശുദ്ധിയുടെ തേജസ്സിന്റെ മഹിമ അതിരില്ലാത്തതാകുന്നു' (സങ്കീ. 145:1-5). ഹാ, ഇത് എത്ര ആശ്ചര്യജനകം! ഇത്തരം ചർച്ചകൾ ദൈവസ്വഭാവത്തെപ്പറ്റിയുള്ള അറിവിന്റെ അടുത്തുവരാൻ പോലും ഭയപ്പെടുന്നു! അങ്ങനെയായിട്ട്, ദൈവത്തെ അറിയാൻ ഉതകാവുന്ന ചില ബാഹ്യമായ സംഗതികളെപ്പോലും ആരാഞ്ഞറിയുവാൻ ശ്രമിക്കുന്നില്ല! അധികപ്പറ്റായിപ്പോകുമെന്നു കരുതി, "ദൈവത്തിന്റെ ഉണ്മയ്ക്ക് അതിരില്ല" എന്നുപോലും പറയാൻ മടിക്കുന്നു! പകരം, ദൈവതേജസ്സിന്റെ മഹത്വത്തെപ്പറ്റി അതിശയിക്കുവാൻ മാത്രം ശ്രമിക്കുന്നു. അവിടെയും, ദൈവത്തിന്റെ ഉണ്മയുടെ തേജസ്സ് കണ്ട് സന്തോഷിക്കുവാനുള്ള ശ്രമമല്ല, തന്റെ വിശുദ്ധിയുടെ തേജസ്സിൽ അദ്ഭുതപ്പെടുക മാത്രമേ ചെയ്യുന്നുള്ളു. ദൈവസ്വഭാവം എന്താണെന്ന് അളക്കുവാൻ ശ്രമിക്കുന്നതേയില്ല, മാത്രമല്ല, തന്റെ പ്രത്യക്ഷതകളെപ്പറ്റി അതിശയിക്കാൻ പോലും ശങ്കിക്കുന്നു! എഴുത്തുകാരൻ, ദൈവത്തിന്റെ വിശുദ്ധിയെപ്പറ്റി അദ്ഭുതപ്പെടുന്നില്ല, തന്റെ വിശുദ്ധിയുടെ തേജസ്സിനെക്കുറിച്ചും അതിശയിക്കുന്നില്ല, മറിച്ച്, തന്റെ വിശുദ്ധിയുടെ തേജസ്സിന്റെ പ്രതാപത്തെക്കുറിച്ചാണ് അതിശയിക്കുന്നത്. അപ്പോൾ അയാൾ, തന്റെ അത്യന്ത വിസ്മയത്തിൽ നിന്നും വിമുക്തനാകുന്നില്ല. 'തന്റെ മാഹാത്മ്യത്തെ ഗ്രഹിക്കാനാവുന്നില്ല, കാരണം അതിന് അതിരില്ല! അങ്ങനെ ദൈവത്തെപ്പറ്റി സംസാരിച്ച്, അന്വേഷണം തന്റെ ഉണ്മയുടെ ദിശയിലേക്കു തിരിയുമ്പോൾ, നിശ്ശബ്ദത മാത്രം. എന്നാൽ നന്മയുടെ ക്രിയകളെപ്പറ്റി പറയേണ്ടി വരുമ്പോൾ, അതിന്റെ അറിവ് നമ്മിലേക്കെത്തുമ്പോൾ, സംസാരിക്കാനാവുന്നു. വാക്കുകൾ പ്രയോഗിക്കാൻ കഴിയുന്നു. തന്റെ ശക്തികളെയും അദ്ഭുതങ്ങളെയുംപറ്റി പ്രതിപാദിക്കാനാവുന്നു.[11]



ദൈവത്തിന്റെ ഉണ്മയും സത്തയും നമ്മുടെ ചിന്തകൾക്കും വാക്കുകൾക്കും അപ്രാപ്യമായിരിക്കുന്നതിനാൽ, പ്രപഞ്ചമെന്ന അനുമാനം, അഥവാ തന്റെ സൃഷ്ടിയെക്കുറിച്ചു മാത്രമെ, ഭാഗികമായെങ്കിലുമുള്ള അറിവു ലഭിക്കുന്നുള്ളൂ. ശാസ്ത്രം വഴി ഈ അറിവ് വർദ്ധിച്ചു വരുന്നുണ്ട്. എങ്കിലും സമ്പൂർണ്ണമായ അറിവു ലഭിക്കുമെന്നു കരുതുന്നത് മൗഢ്യമാണ്. ഇന്ദ്രിയഗോചരമായവയെ

ഗ്രഹിക്കാമെന്നത് തത്വത്തിൽ ശരിയാകയാൽ, പൂർണ്ണമായ മനസ്സിലാക്കാനാകുമെന്നുള്ള കഴിഞ്ഞ നാളുകളിലെ ശാസ്ത്രത്തിന്റെ ലളിത ശുഭാപ്തി വിശ്വാസം, തത്വശാസ്ത്രപരമായും വേദശാസ്ത്രപരമായും ന്യായീകരിക്കത്തക്കതല്ല. ഓരോ തലമുറയും, യാഥാർത്ഥ്യത്തെപ്പറ്റിയുള്ള അതതിന്റെ ദർശനം സൃഷ്ടിക്കേണ്ടതും, അതനുസരിച്ച് ജീവിതത്തെ രൂപീകരിക്കേണ്ടതുമാകുന്നു. നമ്മുടെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിനു മുമ്പ്, യാഥാർത്ഥ്യത്തെ പൂർണ്ണമായി അറിയുവാനുള്ള ചുമതലയോ, സാദ്ധ്യതയോ ഇല്ല. ഗ്രീഗോറിയോസിന്റെ അഭിപ്രായത്തിൽ, നമ്മുടെ ജീവിതം അധികമധികമായി ദൈവസ്വരൂപത്തിനും നന്മയ്ക്കും അനുരൂപമാകുമ്പോൾ, യാഥാർത്ഥ്യത്തിന്റെ നിത്യനൂതന അംശങ്ങൾ നമ്മുടെ ജീവിതത്തിൽ വെളിപ്പെടുകതന്നെ ചെയ്യും.

### 3. തുടർച്ചയും തുടർച്ചയില്ലായ്മയും

#### a) 'Diastema' and 'Metousia'

എല്ലാ കാലത്തും, സംസ്കാരങ്ങളിലും ചിന്തകരെയും ദർശകരെയും അലട്ടിക്കൊണ്ടിരിക്കുന്ന പ്രപഞ്ചഘടനാ ശാസ്ത്രപ്രകാരമായ അടിസ്ഥാന സമസ്യ ഇതാണ്: ദൈവവും പ്രപഞ്ചവും തമ്മിലുള്ള തുടർച്ചയും തുടർച്ചയില്ലായ്മയും. പല സംസ്കാരങ്ങളിലും ഭാഷകളിലും ഇതു സംബന്ധമായുണ്ടായിട്ടുള്ള വിശാല ചർച്ചകളിലേക്ക് ഇവിടെ പ്രവേശിക്കുന്നില്ല. ഒരേ സംസ്കാര പശ്ചാത്തലത്തിൽത്തന്നെ ഇതിന് വിഭിന്ന ഭാഷ്യങ്ങളുള്ളതിനാൽ സാമാന്യവൽക്കരിക്കുക എളുപ്പമല്ല. എങ്കിലും ഒരു പൊതുധാരണ നമുക്ക് പരിഗണിക്കാം; അതിന് ഒഴിവാക്കേണ്ടതായുണ്ട് എന്ന ബോദ്ധ്യവുമുണ്ട്. ഭാരതീയ - യവന പ്രപഞ്ച ഘടനാശാസ്ത്രം, ദൈവവും ലോകവും തമ്മിലുള്ള തുടർച്ചയെപ്പറ്റി ഊന്നിപ്പറയുന്നു. സെമറ്റിക് പ്രപഞ്ചശാസ്ത്രമാകട്ടെ, 'തുടർച്ചയില്ലായ്മ'യ്ക്കാണ് ഊന്നൽ കൊടുക്കുന്നത്. നവീകരണ ക്രിസ്തീയ പാരമ്പര്യം, സെമറ്റിക് ചിന്തയെ സ്വീകരിക്കുന്നു. അത്, ദൈവത്തിന്റെ അതീന്ദ്രിയാവസ്ഥയെയും, പ്രപഞ്ച സൃഷ്ടിയെയുംപറ്റി പ്രതിപാദിക്കുന്നു.

യവന തത്വശാസ്ത്രം എന്നും ദൈവശാസ്ത്രത്തിലെ ദ്വന്ദവാദത്തിനൊപ്പമായിരുന്നു. അതായത്, ഏകവും അനേകവും വ്യത്യസ്തമാണെങ്കിൽ അപ്പോൾ രണ്ട് യാഥാർത്ഥ്യങ്ങളുണ്ട്. ജ്ഞാനവാദികളും, പിന്നീട് മാണിക്യൻ ചിന്താഗതിക്കാരും ഈ ദ്വൈതവാദത്തെ സ്വീകരിക്കുകയും, അതു ക്രിസ്തീയ ചിന്തയെ സ്വാധീനിക്കുകയും ചെയ്തു. മിക്കവാറും യവന ചിന്തയിലുടനീളം ഈ രണ്ട് നിത്യതത്വങ്ങൾ എന്ന പരാമർശനം ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട് - ജൈവവും പ്രപഞ്ചവും, ആത്മാവും വസ്തുവും, നന്മയും തിന്മയും, വെളിച്ചവും ഇരുളും. സ്റ്റോയിക്ക് ചിന്തയാകട്ടെ, ദൈവത്തെ പ്രപഞ്ചാത്മാവായി പ്രതിഷ്ഠിച്ച്, ഈ ദ്വൈതവാദത്തെ മറികടക്കാൻ ശ്രമിച്ചു. എങ്കിലും ശരീരം-ആത്മാവ് എന്ന ദ്വിമാനങ്ങൾ നിലനിന്നു. നവപ്ലേറ്റോണിയൻ ചിന്താഗതി, ഈ വൈതരണി ഒഴിവാക്കുന്നതിന്, "സത്തയുടെ ചങ്ങല" അഥവാ "ജീവികളുടെ ചങ്ങല" എന്ന ആശയം അവതരിപ്പിച്ചു. ഇത് മുമ്പിലത്തെ ഒരു പാരമ്പര്യത്തിൽ ഉണ്ടായിരുന്നതു തന്നെയായിരുന്നു. ഈ "അനുരഞ്ജനം" അഥവാ "സമരസപ്പെടൽ" "സുവിശേഷത്തിന്റെ വൻ ശത്രുക്കളാ"യ അറിയൂസ്, ഏറ്റിയസ്, യൂനോമിയസ് എന്നിവരിൽ പ്രബലപ്പെടുകയും ചെയ്തു. ഇതിനെതിരെയാണ് നിസ്സായിലെ ഗ്രീഗോറിയോസ് പടവെട്ടിയത്.

പ്ലൊട്ടൈനസിന്റെ സമകാലീനനും, യൂനോമിയസിന്റെയും ഗ്രീഗോറിയോസിന്റെയും പല ആശയങ്ങളുടെയും സ്രോതസ്സുമായ ഓറിഗൻ ഈ സമസ്യയെ പരിഹരിക്കാൻ ശ്രമിച്ചതിനെപ്പറ്റി, ഗ്രീഗോറിയോസിന് അറിവുണ്ടായിരുന്നു. ഓറിഗൻ ശ്രമിച്ചത്, പിതാവും പുത്രനും സഹനിത്യരാണെന്നും, പുത്രൻ പിതാവിന്റെ ഇച്ഛയും ജ്ഞാനവുമായി എപ്പോഴും പിതാവിനോടൊപ്പമുണ്ടെന്നും പഠിപ്പിക്കാനായിരുന്നു. ഗ്രീഗോറിയോസിന്റെ വീക്ഷണത്തിൽ, പുത്രനിൽ നിലനിൽക്കുന്ന സൃഷ്ടി എന്നും പിതാവിനോടൊപ്പം ആയിരുന്നുവെന്നും, അങ്ങനെ നിത്യതയുള്ള ആളുമാണെന്നാണ് ഓറിഗൻ അനുമാനിച്ചത്. ആകയാൽ സൃഷ്ടിയോടൊപ്പമല്ലാത്ത ദൈവം, സൃഷ്ടിയോടുകൂടിയ ദൈവം എന്ന സ്ഥിതിയിലേക്ക് മാറാനിടയില്ല. വി. അത്താനാസ്യോസ് സൃഷ്ടിയെപ്പറ്റി വ്യാഖ്യാനിക്കുന്നതിനെപ്പറ്റി Fr. Florovsky യുടെ പണ്ഡിതോചിതമായ പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന പദം Pantocrator എന്നതാണ്. ദൈവത്തെപ്പറ്റി പരാമർശിക്കാൻ നിഖ്യാ സുന്നഹദോസ് ഉപയോഗിച്ച പദമാണിത്. "എല്ലാറ്റിന്റെയും ഭരണാധികാരി" എന്നർത്ഥമുള്ള പരമ്പരാഗതമായ ഈ പദം ഓറിഗൻ മനസ്സിലാക്കിയത്, "എല്ലാം" എന്ന അർത്ഥത്തിലാണ്. അതായത് പ്രപഞ്ചത്തിന്റെ ഭരണാധികാരിയായ ദൈവത്തോടൊപ്പം പ്രപഞ്ചവും നിത്യമായി നില്ക്കുന്നു എന്നു സാരം. ഈ വ്യാഖ്യാനത്തിന്റെ പ്രാബല്യത്തിൽ, ആദ്യകാല അറിയോസ്യർക്ക് പുത്രനെ സൃഷ്ടിയോട് താദാത്മ്യപ്പെടുത്താൻ എളുപ്പമായിരുന്നു. ഇതുപയോഗിച്ച് യൂനോമിയസ് ഒരു ഒത്തുതീർപ്പു ചിന്ത അവതരിപ്പിച്ചു; അതായത് പുത്രൻ അതുല്യനാണ്; പിതാവിന്റെ ക്രിയ (പ്രവർത്തനം) വഴി ജനിച്ചവനാണ്; എങ്കിലും മറ്റു പ്രത്യേകതകളിൽ പിതാവിനോടൊപ്പം പങ്കാളിയാണ്. 'സ്വയംഭൂ' ആയ ദൈവവും, ഉളവാക്കപ്പെട്ടതും, താല്ക്കാലികവും, അസ്വതന്ത്രവുമായ പ്രകൃതിയും തമ്മിൽ വലിയ അന്തരമുണ്ടെന്ന്, ധൈര്യമായി പ്രസ്താവിച്ചുകൊണ്ട് അത്താനാസ്യോസ്, ഓറിഗന്റെ വാദങ്ങളെ ഖണ്ഡിച്ചു. അത്താനാസ്യോസ്, പുത്രനെയും പരിശുദ്ധാത്മാവിനെയും ദൈവത്തിന്റെ ഭാഗത്തു നിർത്തി; കാരണം പുത്രൻ, ദൈവത്തിന്റെ ഇച്ഛയുടെ ഫലമായി ഉളവായതല്ല, മറിച്ച്, ദൈവ സാരാംശം തന്നെയാണ്.[14]

അത്താനാസ്യോസിന്റെ ഈ ദ്വയാവാദം, ഗ്രീഗോറിയോസിന്റെ പ്രപഞ്ചഘടനാ ശാസ്ത്രത്തിന്റെ കേന്ദ്രബിന്ദുവായി നിൽക്കുന്നു. Diastema എന്ന ഗ്രീക്കു പദം മേല്പറഞ്ഞ വ്യത്യാസത്തെ വിശദീകരിക്കുവാൻ അദ്ദേഹം ഉപയോഗിക്കുന്നു. ക്ഷേത്രഗണിതത്തിൽ അത് ബിന്ദുക്കൾ തമ്മിലുള്ള അകലത്തെ കുറിക്കുന്നു. സംഗീതശാസ്ത്രത്തിൽ രണ്ടു ശ്രുതികൾ തമ്മിലുള്ള അകലമാണ്; വാനശാസ്ത്രത്തിൽ അത് രണ്ട് ഗ്രഹങ്ങൾക്കിടയിലുള്ള അകലമാണ്. 'അകന്നു നിൽക്കുന്നു' എന്നാണ് ഈ പദത്തിന്റെ മൂലാർത്ഥം. അറിയോസിന്റെ പാഷണ്ഡോപദേശത്തിൽ, പിതാവിന്റെ ഉദ്ഭവവും പുത്രന്റെ ഉദ്ഭവവും തമ്മിൽ ഒരു ഇടവേളയുണ്ടെന്നു സമർത്ഥിക്കാൻ, വിശ്വാസവിപരീതികൾ ഈ പദം ഉപയോഗിച്ചു; അതായത് "പുത്രൻ ഇല്ലാതിരുന്നൊരു കാലം." ഈ തർക്കത്തിലെ സത്യവിശ്വാസികളുടെ വാദം (ഓർത്തഡോക്സ്) ത്രിത്വത്തിൽ അങ്ങനെ ഒരു "ഇടവേള"യില്ല; കാരണം ദൈവം അതിർത്തി കുറിക്കാൻ പാടില്ലാത്തവനാണ്. ഈ ആശയത്തെ ഗ്രീഗോറിയോസ് അല്പംകൂടെ വിശദീകരിച്ച് 'diastema' എന്നതിന് മൂന്നു അർത്ഥങ്ങൾ കല്പിച്ചു:

1) നിരാസാർത്ഥത്തിൽ, ദൈവത്തിന്റെ സത്തയിലുള്ള വൈപുല്യത്തിൽ സ്ഥല-കാല വ്യത്യാസമില്ല: ആരംഭമോ, അവസാനമോ, അതിരുകളോ ഇല്ല.

2) ഋജുവായ അർത്ഥത്തിൽ, സൃഷ്ടിക്കപ്പെട്ട എല്ലാറ്റിനും സ്ഥലകാല വൈപുല്യമുണ്ട്, കാരണം സ്ഥല-കാലങ്ങൾക്ക് അതിരുണ്ട്, അവ വിഭജിക്കപ്പെടാവുന്നതാണ്. അവയ്ക്ക് ആരംഭവും, അവസാനവും തമ്മിൽ ഇടവേളകളുമുണ്ട്.

3) ഋജുവായും, നിഷേധപരമായും പരിഗണിച്ചാൽ, ഒരേ ദിശയിലേക്കു മാത്രമുള്ള ഒരു diastema യുണ്ട്. അത് സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും സത്തകൾക്കിടയിലുള്ളതാണ്. സൃഷ്ടിയുടെ ഉണ്മയിൽനിന്ന്, സ്രഷ്ടാവിന്റെ ഉണ്മയിലേക്കു നീങ്ങാൻ, ആശയപരമായോ, അസ്തിത്വാടിസ്ഥാനത്തിലോ യാതൊരു മാർഗ്ഗവുമില്ല. മറുവഴിക്ക്, അതായത്, സ്രഷ്ടാവിൽനിന്നു സൃഷ്ടിയിലേക്ക് diastema എന്ന ദൂരമില്ല; കാരണം സൃഷ്ടി മുഴുവനും, ആദ്യാവസാനം, അതിരുമുതൽ അതിരോളം സ്ഥിരമായി സ്രഷ്ടാവിനോടൊപ്പം സന്നിഹിതമാണ്.[15]

ഈ ദ്വൈത സമസ്യയെ, ഗ്രീഗോറിയോസ്, ഒരു പുതിയ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്, എന്നാൽ ആ പരിശ്രമം അപൂർണ്ണമായി നില്ക്കുന്നു. Diastema എന്ന ധ്രുവത്തിലൂടെ, ദൈവവും പ്രപഞ്ചവും തമ്മിൽ ഒരു ദിവസത്തെ അകലമുണ്ട് എന്ന വാദത്തിനെതിരെ, അദ്ദേഹം metousia അഥവാ ദൈവത്തിന്റെ പ്രവൃത്തികളിലുള്ള പങ്കാളിത്തം എന്ന ആശയം അവതരിപ്പിച്ചു. ഒരു ആശയത്തിലുള്ള പങ്കാളിത്തം എന്ന അർത്ഥത്തിൽ metousia എന്ന പദത്തെ പ്ലേറ്റോ പ്രയോഗിച്ചിരുന്നു. 'ആശയങ്ങളുടെ ലോകം" എന്ന ആശയം സ്വീകരിക്കുന്നില്ലെങ്കിലും, "പങ്കാളിത്തം" സൃഷ്ടി മുഴുവന്റെയും നിലനില്പിന്റെ തത്വമായി ഗ്രീഗോറിയോസ് നിർവ്വചിച്ചു.[16] ദൈവത്തിന്റെ പൂർണ്ണ അതീന്ദ്രിയാവസ്ഥയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട്, എല്ലാ തലങ്ങളിലുമുള്ള യാഥാർത്ഥ്യവും, പരസ്പരമല്ല, ദൈവത്തിന്റെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്ന് ഗ്രീഗോറിയോസ് പ്രതിപാദിക്കുന്നു. മനുഷ്യരാശിയും, അതിൽനിന്നും അല്പം താണ സ്ഥിതിയിലുള്ള ദൃശ്യപ്രകൃതിയും എല്ലാം അവയുടെ ഉദയത്തിനും, നിലനില്പിനും ദൈവത്തിന്റെ പ്രവർത്തനങ്ങളെ ആശ്രയിക്കുന്നു.

#### b) സൃഷ്ട സത്ത എന്ന പങ്കാളിത്തം

പ്ലേറ്റോയുടെ അവ്യക്തമായ ഒരു വാക്യത്തെ അടിസ്ഥാനമാക്കിയും,[17] അതേ

സമയം, ഭാരതീയ ചിന്താധാരയുടെ സുശക്തമായ പ്രഭാവത്തിലും, പ്ലൊട്ടൈനസ് വസ്തുക്കൾക്ക് 'യാഥാർത്ഥ്യം' നിഷേധിച്ച് അവയെ സത്തകളല്ലാതാക്കി. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, 'വസ്തു' ആത്മാവുമല്ല, മനസ്സുമല്ല; ശക്തിയല്ല, സംഭരണിയുമല്ല; പ്രത്യേകതകളെ പ്രതിഫലിപ്പിക്കുകയും, അവയാൽ സ്വാധീനിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു, അനിശ്ചിതം, അനിർവചനീയം, ഒരു സത്ത/ജീവി എന്നു വിളിക്കാനാവില്ല; "ഇല്ലാത്തത്" എന്ന് വിളിക്കാൻ കഴിഞ്ഞേക്കും."[18] നവപ്ലേറ്റോണിസത്തിൽ വസ്തു ഒരു അയഥാർത്ഥത്തിനകത്തെ അയഥാർത്ഥമാണ്; ഒരു വ്യാജം; ഒരു കാപട്യമല്ല; മാറ്റമുണ്ടാകാൻ കഴിയാത്തത്, നശിപ്പിക്കാനാവാത്തത്, ഒരു ദുസ്വപ്നം പോലെ, വിട്ടുപോകാതെ ശാഠ്യത്തോടെ നില്ക്കുന്നത് - എന്നിങ്ങനെയാണ്. അതിനു സത്തയിൽ പങ്കാളിത്തമില്ല; രൂപത്തിൽ പങ്കെടുക്കുന്നു എന്നു തോന്നുന്നു എന്നു മാത്രം. സത്ത/ജീവ അടിസ്ഥാനപരമായി നല്ലതാണ്; വസ്തുവാകട്ടെ തിന്മയും.

സൃഷ്ടിയെപ്പറ്റിയുള്ള ക്രിസ്തീയ തത്വങ്ങളുപയോഗിച്ച് ഈ വീക്ഷണത്തെ നിരാകരിക്കുന്നു. മനുഷ്യൻ സൃഷ്ടികർമ്മം ചെയ്യുമ്പോൾ, ആദ്യം മനസ്സിൽ ആശയങ്ങൾ രൂപീകരിക്കുന്നു, തുടർന്ന് ഈ രൂപങ്ങളെ യഥാർത്ഥമാക്കാൻ പദാർത്ഥം കണ്ടുപിടിക്കുന്നു, തുടർന്ന് രൂപം നൽകുന്നു. ദൈവത്തിന്റെ സൃഷ്ടികർമ്മം, മനുഷ്യൻ സൃഷ്ടി നടത്തുന്നതിനോട് സദൃശമല്ല. ദൈവത്തിന് ഇച്ഛാശക്തി, ജ്ഞാനം, ക്രിയ ഇങ്ങനെ ഒരു 'ക്രമം' ഇല്ല, കാരണം 'ക്രമം' 'സമയ'ത്തിൽ മാത്രമെയുള്ളു. ദൈവത്തിന്റെ ഇച്ഛ, ജ്ഞാനം, ഇച്ഛിക്കുന്നതിന്റെ ഫലപ്രദമായ പൂർത്തീകരണം ഇവയെല്ലാം പൊടുന്നനെ സംഭവിക്കുന്നു; അവയ്ക്കിടയിൽ 'സമയ'ത്തിന്റെ ഇടവേളയില്ല. Hexameron എന്ന പ്രഭാഷണത്തിൽ, ഗ്രീഗോറിയോസ് ഇത് വ്യക്തമാക്കുന്നുണ്ട്.

> "ദിവ്യസ്വഭാവത്തിൽ, ശക്തിയും, ആജ്ഞ നൽകുന്ന ഇച്ഛയും ഒന്നാണ്. ആ ഇച്ഛ, ദൈവശക്തിയുടെ അളവുകോലാണ്. എങ്ങനെ ഓരോന്നും നിലവിൽ വരുന്നു എന്ന് ജ്ഞാനം അറിയുന്നു. അങ്ങനെ കാര്യക്ഷമമായ ശക്തിയും അറിവും ഒരുമിച്ചാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ളവയെപ്പറ്റിയുള്ള അറിവും, അവയെ നിലവിൽ വരുത്തുന്ന ശക്തിയും ഒന്നാണ്. ചിന്തിക്കുന്ന കാര്യങ്ങൾ അപ്പോൾത്തന്നെ യാഥാർത്ഥ്യമാക്കുന്നു. അറിവും, യാഥാർത്ഥ്യവൽക്കരണവും തമ്മിൽ ഇടവേളയില്ല. ഒരേ സമയത്തുതന്നെ, ഇടവേളയില്ലാതെ, ഇച്ഛയും ഇച്ഛിക്കപ്പെടുന്ന പ്രവൃത്തിയും പ്രത്യക്ഷമാകുന്നു. ഇങ്ങനെ, ഇച്ഛ കാര്യക്ഷമമായ ശക്തിയും അധികാരവുമാണ്. നിലവിലുള്ളതിന്റെ നിലനില്പിനെപ്പറ്റി ചിന്തിക്കുമ്പോൾ, അവയുടെ നിലനില്പും ചേർന്നു വരുന്നു. ആകയാൽ, സൃഷ്ടിയുടെ പശ്ചാത്തലത്തിൽ, ഇവയെല്ലാം ഒരുമിച്ച് ദൈവത്തിലുള്ളതായി ഗ്രഹിക്കേണ്ടതാണ്. അതായത്, ഇച്ഛ, ജ്ഞാനം, ശക്തിയും, അധികാരവും, നിലനില്ക്കുന്നവയുടെ നിലനില്പും.[19]

എല്ലാറ്റിന്റെയും നിലനില്പിന്റെ അടിസ്ഥാനം (ഭൂമിക) ദൈവത്തിന്റെ പ്രവർത്തനം (ക്രിയ) ആണെന്ന് ക്രിസ്ത്യാനികൾ അംഗീകരിച്ചാൽ, അവർക്ക് 'മതേതരത്വം' 'ദൈവീകരണരാഹിത്യം' 'വിശുദ്ധിയിൽ നിന്നു വിടുതൽ' ആദിയായ ആശയങ്ങൾ പ്രയോഗിക്കാനാവില്ല. ഈ ആശയങ്ങൾ സൂചിപ്പിക്കുന്നത്, ദൈവസങ്കല്പത്തിൽനിന്നും എല്ലാറ്റിനെയും സ്വതന്ത്രമാക്കുക എന്നതാണ്. എന്നാൽ യഥാർത്ഥത്തിൽ 'സ്വതന്ത്ര'മാകുകയല്ല, വ്യക്തികളും സ്ഥാപനങ്ങളുമെല്ലാം ഇല്ലാതാവുകയാണ്; കാരണം, ദൈവത്തിന്റെ വിശുദ്ധമായ 'ഇച്ഛ' കൂടാതെ ഒന്നും നിലനില്ക്കുന്നില്ല. സൃഷ്ടിക്കപ്പെടുക എന്നാൽ, ദൈവത്തിന്റെ ഇച്ഛയിൽ ഭാഗഭാക്കാകുന്നു എന്നാണ്. സൃഷ്ടി, സ്വതന്ത്രമോ, തനിക്കുതാൻ മതിയാകുന്നതോ അല്ല. സമയമെന്ന പിളർപ്പിന്റെ ഇരുഭാഗത്തും മനുഷ്യരാശിയും പ്രകൃതിയും ദൈവത്തിന്റെ ഇച്ഛയിൽ പങ്കാളികളാകുന്നു. വസ്തുവിന്റെ ഘടനയെയും ഉള്ളടക്കത്തെയുംപറ്റിയുള്ള ഗ്രീഗോറിയോസിന്റെ വിശദീകരണം ഇതാണ്: അത് ദൈവത്തിന്റെ ഇച്ഛയാണ്; നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമാകുന്ന തന്റെ കൃതിയാണ്. ദൈവവും വസ്തുവിനെപ്പറ്റി ചിന്തിക്കുകയും, തന്റെ ഇച്ഛ പ്രയോഗിക്കുകയും ചെയ്യുന്നു; അതൊരു രഹസ്യമാണ്. ഈ ആശയം നമ്മുടെ കാലത്ത് പുനരാവിഷ്കരിക്കേണ്ടതാണ്. അങ്ങനെ അചേതനവും സചേതനവുമായ വസ്തുക്കളെ, ദൈവത്തിന്റെ ഇച്ഛയുടെയും ക്രിയയുടെയും വ്യാപാരമാണെന്നു കണ്ടറിഞ്ഞ്, അവയെ നവമായി ആദരിക്കാനാവും. സൃഷ്ടിക്കപ്പെട്ട എല്ലാറ്റിന്റെയും നിലനില്പ്, ഈശ്വരേച്ഛയ്ക്കു കീഴ്പ്പെട്ടിരിക്കുന്നു. തന്റെ സാരാംശം (ഉണ്മ) ഇന്ദ്രിയാതീതമായി സ്ഥിതിചെയ്യുമ്പോൾത്തന്നെ, തന്റെ പ്രവർത്തനം (ക്രിയ) എല്ലാറ്റിന്റെയും നിലനില്പിന്റെ തത്വമാണ്; അന്തർലീനമായ നിലനില്പ് നൽകുന്ന പ്രപഞ്ചത്തിന്റെ ഉള്ളടക്കമായ, സോദ്ദേശ്യപരമായ തത്വം.

**4. സകല സൃഷ്ടിയുടെയും ഐക്യം**

മനുഷ്യരാശി, മറ്റെല്ലാ സൃഷ്ടികളുടെയും അടിസ്ഥാനപരമായ സ്വഭാവത്തിൽ പങ്കെടുക്കുന്നുവെങ്കിലും, അത് ദൈവത്തിന്റെ സൃഷ്ടിപ്രക്രിയയിലെ നിസ്തുലഘടനയും, അതുല്യ പ്രവൃത്തിയുമാണെന്നാണ് ഗ്രീഗോറിയോസിന്റെ മതം.

നാലാം ശതകത്തിൽ ജീവിച്ചിരുന്നയാളാണെങ്കിലും, ജീവശാസ്ത്രപരമായ പരിണാമത്തെപ്പറ്റി ഗ്രീഗോറിയോസിന് അന്നുതന്നെ പ്രാഥമികമായ ഒരു അറിവുണ്ടായിരുന്നു.[20] എന്നാൽ എല്ലാ ജീവരൂപങ്ങളുടെയും ഐക്യത്തെപ്പറ്റിയും, ജൈവവർഗ്ഗങ്ങളുടെ സ്വഭാവത്തിലുള്ള പുരോഗതിയെപ്പറ്റിയും, ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ഒരു പൊതു തത്വം മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞില്ല എന്നതു വാസ്തവമാണ്. എങ്കിലും സാവയവമായ ജീവൻ ഏകമായ പൂർണ്ണതയാണെന്നും, ജീവന്റെ ഉത്തേജനം സസ്യങ്ങളിൽനിന്നും ജന്തുക്കളിലേക്കും, അവിടെ നിന്നു മനുഷ്യാവസ്ഥയിലേക്കും ക്രമശ്ശഃ ആരോഹണം ചെയ്തുവെന്നും, മനുഷ്യസ്വഭാവം സസ്യങ്ങൾ, ജന്തുക്കൾ, യുക്തിബോധം എന്നിവയെല്ലാം ഉൾക്കൊള്ളുന്നുവെന്നും അദ്ദേഹം പറഞ്ഞു. സൃഷ്ടപ്രപഞ്ചത്തിലുള്ള എല്ലാ ഘടകങ്ങളും, അവയുടെ നിലനില്പിന്, കൃത്യമായി ദൈവത്തെ ആശ്രയിക്കുന്നു; മാത്രമല്ല പരസ്പരം പൂർണ്ണമായി ബന്ധപ്പെട്ടുമിരിക്കുന്നു. സ്റ്റോയിക് തത്വങ്ങളായ പ്രപഞ്ചത്തിലെ 'സമൂഹ ശ്വാസോച്ഛ്വാസം', 'എല്ലാം ഒന്നായി, ഒരു പൂർണ്ണതയായി കാണുക' എന്നിവ, ഒരു ക്രിസ്തീയ പ്രപഞ്ചഘടനാ ശാസ്ത്രത്തിലേക്ക് ഗ്രീഗോറിയോസ് സ്വീകരിച്ച് ചേർത്തിട്ടുണ്ട്. ആരോഗ്യശാസ്ത്രത്തോട് വലിയ ആഭിമുഖ്യം ഉണ്ടായിരുന്നതുകൊണ്ടും, അതിൽ അഗാധമായ അറിവുണ്ടായിരുന്നതുകൊണ്ടും 'Galen' എന്ന പണ്ഡിതനെയാണ് ഒരു സ്രോതസ്സായി അദ്ദേഹം ഉപയോഗിച്ചത്. ഈ യവന-റോമൻ ആരോഗ്യശാസ്ത്ര പണ്ഡിതൻ, അചേതനത്തിൽനിന്നും യുക്തിയിലേക്കുള്ള പ്രകൃതിയുടെ പുരോഗതി എന്ന അരിസ്റ്റോട്ടിലിന്റെ ആശയവും, Poseidonius-ന്റെ 'അടിസ്ഥാന ശക്തി'കളെക്കുറിച്ചുള്ള ചിന്തയും സമന്വയിപ്പിച്ചിരുന്നു. ഇതനുസരിച്ച് പ്രപഞ്ചമെന്ന ജീവിക്കുന്ന സത്തയ്ക്ക്, കുറെക്കൂടെ പരിണാമം നേടിയ മറ്റു ജീവികളെ സൃഷ്ടിക്കുവാൻ കഴിയും.

ഗ്രീഗോറിയോസിന്റെ ചിന്തയിൽ, ദൈവത്തിന്റെ സൃഷ്ടിപരമായ ക്രിയ അഥവാ പ്രവർത്തനം, പടിപടിയായി ആരോഹണം ചെയ്യുന്നതാണ്; അതിന്റെ പരിസമാപ്തിയിലാണ് മനുഷ്യൻ പ്രത്യക്ഷപ്പെടുന്നത്. "പടിപടിയായെന്നപോലെ പ്രകൃതി ആരോഹണം ചെയ്യുന്നു, ഏറ്റവും ചെറുതിൽനിന്ന്, പൂർണ്ണമായതിലേക്ക്,"[22] പക്ഷെ, മനുഷ്യരാശി, ഈ ഗോവണിയുടെ ഉച്ചിയിൽ കാണപ്പെടുന്നുവെങ്കിലും, അത് മറ്റു സൃഷ്ടികളിൽനിന്ന് സ്വതന്ത്രമോ, അവയോടു ബന്ധമില്ലാത്തതോ അല്ല. മനുഷ്യൻ ഒരു സൂഷ്മപ്രപഞ്ചമാണെന്നും അവനിൽ പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും അന്തർലീനമാണെന്നും, അതിനാൽ അവൻ ഒരു "ചെറു പ്രപഞ്ച"മാണെന്നുമുള്ള, പുറജാതി അന്ധവിശ്വാസത്തെ ഗ്രീഗോറിയോസ് നിരാകരിക്കുന്നു. മറിച്ച്, മനുഷ്യരാശിയെ, വസ്തുക്കളും, സസ്യങ്ങളും, ജന്തുക്കളുമടങ്ങുന്ന പ്രപഞ്ചവുമായുള്ള അഖണ്ഡ ബന്ധത്തിലാണെന്ന് അദ്ദേഹം പറയുന്നു. മനുഷ്യൻ അവന്റെ സ്വഭാവം മുഴുവൻ പ്രപഞ്ചത്തിൽനിന്നും ആഗിരണം ചെയ്യുന്നില്ലെങ്കിലും, അവൻ അതിന്റെ സുപ്രധാന ഭാഗം തന്നെയാണ്; കാരണം, മനുഷ്യൻ ബോധപൂർവ്വം, പ്രപഞ്ചത്തെ അതിന്റെ സ്രഷ്ടാവിനോടു ബന്ധപ്പെടുത്തുന്നു.

മനുഷ്യൻ ജന്തുലോകത്തിനും ദൈവത്തിനുമിടയിലുള്ള ഒരു മദ്ധ്യസ്ഥനാണെന്നുള്ള ചിന്തയുടെ വേരുകൾ പ്ലേറ്റോണിയൻ പാരമ്പര്യത്തിൽ ദൃശ്യമാണ്. പ്ലേറ്റോയും, ഓറിഗനും ഈ ആശയം ഉപയോഗിച്ചിരുന്നു. ഗ്രീഗോറിയോസ് ഈ രണ്ടുപേരുടെയും ചില ആശയങ്ങൾ കടമെടുത്തിട്ടുമുണ്ട്. എങ്കിലും, മനുഷ്യരാശി, ബോധപൂർവ്വമായ ഒരു ആത്മസമർപ്പണമായി, സൃഷ്ടിപ്രപഞ്ചത്തെ മുഴുവൻ ഉയർത്തി സമർപ്പിക്കുന്നു എന്ന ഉൽകൃഷ്ടമായ ക്രിസ്തീയ ആശയം, പ്ലേറ്റോയിലോ, Poseidonius-ലോ, ഫൈലോ, ഓറിഗൻ എന്നിവരിലോ കാണുന്നില്ല. ശരീരവും ആത്മാവുമായുള്ള ആദത്തിന്റെ ഉദയം, പ്രപഞ്ച പരിണാമത്തിലെ സമാപന സംഭവമായിരുന്നു; ലോകമെന്ന ചെടിയിലെ പൂർണ്ണമായ പുഷ്പിക്കലും, ഫലം പുറപ്പെടുവിക്കലും. മനുഷ്യൻ രംഗപ്രവേശം ചെയ്യുമ്പോ

ഴാണ്, പ്രപഞ്ചത്തിന്റെ പൂർണ്ണസ്വഭാവം അത് വെളിപ്പെടുത്തുന്നത്. അതിനു ശേഷം ദൈവം പ്രപഞ്ചത്തെ ഉപേക്ഷിച്ചു കളയുന്നില്ല, കാരണം, പ്രപഞ്ചത്തിലെ ചെടിയിലാണ് മനുഷ്യൻ എന്ന ഫലം നിലനിന്നു പോരുന്നത്.

മനുഷ്യരാശി, 'മദ്ധ്യസ്ഥത' എന്ന ഉദ്യോഗം വഹിക്കുന്നതിനാൽ മനുഷ്യ ജീവിതം സന്നിഗ്ദ്ധമായും പ്രശ്നപൂരിതമായും തീരുന്നു,[24] മനുഷ്യൻ, ദൈവ സ്വരൂപത്തിലാകയാൽ, അവന്റെ സത്തയുടെ സാരാംശം, സ്വാതന്ത്ര്യമാണ്. നന്മ സൃഷ്ടിക്കുന്നതിനും, നന്മയിൽ പങ്കാളിയാകുന്നതിനും, മനുഷ്യന് ധാരാളം അവസരങ്ങൾ നൽകപ്പെട്ടിരിക്കുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതിന്, അവ ന്റെമേൽ അശേഷം നിർബന്ധമില്ല. സ്വന്ത ഇഷ്ടപ്രകാരം നന്മ തിരഞ്ഞെടുക്കു ന്നതിനാൽ മാത്രമാണ് മനുഷ്യൻ പരമാധികാരിയും സ്വതന്ത്രനുമാകാൻ സാധി ക്കുന്നത്.[25]

ദൈവത്തിനും ദൈവസൃഷ്ടിക്കുമിടയിൽ മദ്ധ്യസ്ഥനായി നിൽക്കുന്നതിനാൽ മനുഷ്യന്റെ നില, നന്മയ്ക്കും തിന്മയ്ക്കും മദ്ധ്യേയുമാണ്. യഥാർത്ഥ സ്വാത ന്ത്ര്യത്തോടെ മദ്ധ്യസ്ഥത വഹിക്കുന്നതിന്റെ അവിഭാജ്യ ഭാഗമാണിത്. മനു ഷ്യന്റെ ഈ ഉദ്യോഗത്തെ വിശദമാക്കുന്നതിന്, മറ്റൊരു പാരമ്പര്യം ഉദ്ധരിക്കു ന്നു. അതനുസരിച്ച് പ്രപഞ്ചം, ബുദ്ധിയും, ബോധവും അടങ്ങുന്ന ഒരു 'ദ്വിയാ ഥാർത്ഥ്യ'മാണ്. അതിൽ പരസ്പരം പൊരുത്തമില്ലാത്ത ഗുണങ്ങളും, സ്വഭാവ ങ്ങളുമുണ്ട്.[26] അതിന്റെ ബൗദ്ധിക സ്വഭാവം ജഡഭൂതമല്ലാത്തതും, ഇന്ദ്രിയഗോ ചരമല്ലാത്തതും രൂപരഹിതവുമാണ്. ബോധവശമാകട്ടെ, അതിനു വിപരീതവും. അഗ്നിയും ജലവുമെന്നപോലെയുള്ള എതിർ ഘടകങ്ങളാൽ നിർമ്മിക്കപ്പെട്ടി രിക്കുന്നുവെങ്കിലും, പ്രപഞ്ചം ചേർച്ചയും യോജിപ്പുമുള്ള പൂർണ്ണതയാണ്, കാരണം ദൈവത്തിന്റെ അനന്ത ജ്ഞാനത്തിൽ പരസ്പരവിരുദ്ധമായ എല്ലാ ഘടകങ്ങളും അനുരഞ്ജിക്കപ്പെടുന്നു. അപ്രകാരംതന്നെ മനുഷ്യസ്വഭാവവും, ബുദ്ധിയും, ബോധവുമുൾക്കൊള്ളുന്ന ഒരു സംയുക്തമാണ്. ദൈവം മനുഷ്യന്റെ ബോധമണ്ഡലം സൃഷ്ടിച്ചിരിക്കുന്നത്, തന്റെ സൃഷ്ടി തന്നെയായ പ്രപഞ്ച ത്തിന്റെ ബോധമണ്ഡലവും, അത് മനുഷ്യനിൽ പങ്കാളിയാകയാൽ നന്മയിൽ സ്വതന്ത്രമായി ഭാഗഭാക്കാകുവാൻ കഴിയുന്നതിനാണ്. മനുഷ്യനെ സൃഷ്ടിക്കു ന്നതിന് മുമ്പ്, ഭൂമി ഒരു "മാലാഖ"യുടെ ചുമതലയിലായിരുന്നു. ആ 'മാലാഖ'യെയും ദൈവം സൃഷ്ടിച്ച് തേജസ്സും, സൗന്ദര്യവും, അധികാരം പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യവും നൽകിയിരുന്നു. മനുഷ്യനെ സൃഷ്ടിച്ചത് മാലാഖയിൽ അസൂയ ഉണർത്തി. മനുഷ്യൻ ദൈവതേജസ്സിന്റെ പൂർണ്ണത പ്രതി ഫലിപ്പിച്ചിരുന്നു, അവനു വിധേയമായ ഭൂഖണ്ഡത്തിൽനിന്ന്. അസൂയ നിമിത്തം മാലാഖ നന്മയിൽനിന്ന് നിപതിച്ചു; അതാണ് തിന്മയുടെ പ്രഥമഹേതു. മനുഷ്യനെ 'നല്ല'തായി സൃഷ്ടിച്ചു; എന്നാൽ സ്വതന്ത്ര ഇച്ഛയാൽ തിന്മയിലേക്ക് തിരിഞ്ഞു; അങ്ങനെ, 'നന്മയില്ലായ്മ' അഥവാ 'തിന്മ' സൃഷ്ടിക്കപ്പെട്ടു.

മനുഷ്യനെ നന്മയ്ക്കും തിന്മയ്ക്കുമിടയിൽ പ്രതിഷ്ഠിക്കുന്നത്, അവനെ ബുദ്ധിക്കും ബോധത്തിനുമിടയിൽ പ്രതിഷ്ഠിക്കുന്നതിന് തുല്യമാകരുതെന്ന് ഗ്രീഗോറിയോസ് തറപ്പിച്ചു പറയുന്നു. ബോധം, തിന്മയുടെ സ്രോതസ്സല്ല എന്ന് അദ്ദേഹം വാദിക്കുന്നു; എന്നാൽ ബോധമനസ്സ്, തിന്മയിലേക്ക് തിരിയാൻ സാധ്യ തയുള്ളതാണ്. തിന്മയുടെ വിഷം, ഇന്ദ്രിയസുഖം എന്ന തേനുമായി കലർത്തി – നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ മനോഹരമായ ഫലം തിന്നത് – അങ്ങനെ തിന്മ നമ്മുടെ സത്തയിൽ കുടിയേറി. അത് നമ്മുടെ ശരീ രത്തെ കഠോരവും പരുക്കനുമാക്കി; ഇന്ദ്രിയസുഖങ്ങളുടെ ഗുരുത്വാകർഷണ ശക്തിയുടെ ഭാരം അതിന്മേലായി; ജന്തുക്കളുടെ ശരീരത്തോട് സാമ്യമുള്ളതാ ക്കി. ആദ്യം മനുഷ്യശരീരത്തിനുണ്ടായിരുന്ന ഭാരക്കുറവ്, വായുവിലൂടെ സഞ്ചാ രം, അനായാസേനയുള്ള ചലനം എന്നിവ ഇല്ലാതായി. പുനരുത്ഥാനത്തിൽ ഈ ശരീരം നമുക്കു തിരികെ ലഭിക്കും.[27] നമ്മുടെ ശരീരത്തിലും ആത്മാവിലു മുള്ള തിന്മയുടെ കലർപ്പിൽ നിന്നാണ് നമുക്കു വിമുക്തി നേടി, മരണം, പുന രുത്ഥാനം എന്നിവയിലൂടെ രക്ഷ പ്രാപിക്കേണ്ടത്. ഭൗതികതയിൽ നിന്നോ സാമൂഹ്യജീവിതത്തിൽ നിന്നോ അല്ല നാം വിമുക്തി നേടേണ്ടത്.

മനുഷ്യൻ തന്റെ ശരീര-മനസ്സുകളിലൂടെ, ബൗദ്ധികമായതിലും, ബോധ നീയമായതിലും പങ്കാളിയാകുന്നതിനാൽ, അവൻ ഒരേസമയം രണ്ട് ലോക ങ്ങളിലെ പൗരനാണ്; എന്നാൽ ഒരു പൂർണ്ണജീവിയുമാണ്; ദൈവകൃപ ചേത നവും അചേതനവുമായ സൃഷ്ടി മുഴുവനിലും സംക്രമിപ്പിക്കാൻ അവന് ചുമ തലയുമുണ്ട്. മനുഷ്യൻ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കയാൽ, ബോധ നീയവും ബൗദ്ധികവുമായ പ്രപഞ്ചത്തോട് അവന് ഒരു തുറന്ന അസ്തിത്വമാ ണുള്ളത്; അക്കാരണത്താൽ അവൻ, ദൈവദൂതന്മാരേക്കാൾ ശ്രേഷ്ഠനാണ്.[28]

അവൻ ദൈവത്തോടും വസ്തുക്കളോടും ബന്ധപ്പെട്ടിരിക്കുന്നു; രണ്ടിന്റെയും ഭാഗഭാക്കുമാണ്. ദൈവികവും ഭൗമികവുമായവയിൽ അഭിരമിക്കുവാൻ അവനു സാധിക്കുന്നു. അവനിലും, അവനിലൂടെയുമാണ് വസ്തുക്കളുടെ വീണ്ടെടു പ്പുണ്ടാകുന്നത്. ക്രിസ്തു മനുഷ്യനായതും, ഭൗതിക ശരീരം ധരിച്ചതും അതു കൊണ്ടാണ്. മനുഷ്യൻ, ക്രിസ്തുവിൽ ലോകത്തിന്റെ വീണ്ടെടുപ്പുകാരനാണ്. മനുഷ്യൻ, ലോകത്തെ, അത് ദൈവമഹത്വത്തെ പ്രതിഫലിപ്പിക്കുന്നതിനുവേണ്ടി ദൈവത്തിൽ യഥാസ്ഥാനപ്പെടുത്തുന്നു.

**5. മനുഷ്യരാശിയുടെ പൂർണ്ണത**

മനുഷ്യരാശിയുടെ അടിസ്ഥാനപരമായ ഐക്യം എന്ന ഗ്രീഗോറിയോസിന്റെ വീക്ഷണം, വ്യക്തിക്കു പ്രഥമ പരിഗണന കല്പിക്കുന്ന ഈ കാലത്ത്, അസാ ധാരണമായി തോന്നും. മുതലാളിത്ത-വ്യാവസായിക ക്രമങ്ങൾക്ക് ഇത് വളരെ ആവശ്യവുമാണ്, കാരണം അവിടെ വ്യക്തിസ്വാതന്ത്ര്യം, അവകാശങ്ങൾ, ചുമ തലകൾ എന്നിവയ്ക്കാണ് പ്രാമാണ്യം. അക്കാരണത്താൽ ഗ്രീഗോറിയോസ് അവതരിപ്പിക്കുന്ന 'മനുഷ്യരാശിയുടെ പൂർണ്ണത' (Pleroma) എന്ന ആശയം, നമുക്കു മുന്നിൽ അവഗണിക്കാനാവാത്ത ഒരു വെല്ലുവിളി ഉയർത്തിയിരിക്കു ന്നു.

'Pleroma' എന്ന പദം വി. പൗലോസ് ഉപയോഗിച്ചതാണ്; അതിന് യവനചിന്ത, ജ്ഞാനവാദം എന്നിവയുമായി ബന്ധമുള്ളതാണ്. വി. പൗലോസ് 'കാലസമ്പൂർണ്ണത', 'ദൈവത്തിന്റെ സമ്പൂർണ്ണത', 'ക്രിസ്തുവിന്റെ സമ്പൂർണ്ണത' എന്നിവയെപ്പറ്റി സംസാരിക്കുന്നുണ്ട്. മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു, ദൈവത്തിന്റെ സമ്പൂർണ്ണതയാണ്. ദൈവസാന്നിധ്യം (Shekinah) ഒരു പ്രത്യേക മനുഷ്യനിൽ വസിക്കുന്നതിന് പ്രസാദിച്ചു (കൊലോ. 1:19). യഥാർത്ഥ അസ്തിത്വവും പൂർണ്ണ ജീവിതവും, മറ്റെല്ലാ സൃഷ്ടികളിൽനിന്നും വ്യതിരിക്തമായി ക്രിസ്തുവിൽ മാത്രമേയുള്ളു. ആ അർത്ഥത്തിൽ, സൃഷ്ടി യിൽ കുറവുള്ളത് അവൻ പൂരിപ്പിക്കുന്നു. അവൻ സൃഷ്ടിക്ക് താൽക്കാലികമ ല്ല, സ്ഥായിയായ സ്വത്വം നൽകുന്നു.

മറ്റൊരു അർത്ഥത്തിലും ക്രിസ്തു 'Pleroma'യാണ്; അവൻ ദൈവത്തെയും സൃഷ്ടികളെയും തമ്മിൽ ബന്ധിക്കുന്ന കണ്ണിയാണ്. കാരണം എല്ലാം അവ നിലും, അവനാലും, അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്. (ഈശ്വരനും സൃഷ്ടിയും തമ്മിലുള്ള) വിടവ് നികത്തുന്നത് എന്ന അർത്ഥത്തിലാണ് ജ്ഞാന വാദികൾ (Gnostics) Pleroma യെ പരാമർശിച്ചത്. ക്രിസ്തു ദൈവത്തിന്റെ Pleroma യാണെന്ന് പറയുമ്പോൾ തന്നെ, സഭ ക്രിസ്തുവിന്റെ Pleroma യാണെന്നും പറയുന്നു (എഫേ. 1:22-23). ഇവിടെ സഭ, ക്രിസ്തുവിൽ "കുറ വുള്ളതിനെ തികയ്ക്കുന്ന" പുതിയ മനുഷ്യരാശിയെ പ്രതിനിധാനം ചെയ്യുന്നു എന്നു പറയാം. ക്രിസ്തുവും പുതിയ മനുഷ്യരാശിയും ചേർന്ന യഥാർത്ഥ Pleroma, ദൈവത്തിന്റെ സത്തയെയും പ്രപഞ്ചത്തെയും തമ്മിൽ ബന്ധിപ്പിക്കു കയും, രണ്ടിലും ഭാഗഭാക്കാകുകയും ചെയ്യുന്നു.

ഇതാണ് മനുഷ്യരാശിയിലെ മഹാരഹസ്യം – ക്രിസ്തു നമ്മിലും, നാം ക്രിസ്തുവിലും. നാം തന്റെ ശരീരത്തിലെ അംഗങ്ങളായി എണ്ണപ്പെടുമ്പോൾ, ക്രിസ്തു ദൈവത്തിനും പ്രപഞ്ചത്തിനുമിടയിലുള്ള മദ്ധ്യസ്ഥനായി നിൽക്കു ന്നു. 'മനുഷ്യനെ, ദൈവത്തിനും പ്രപഞ്ചത്തിനുമിടയ്ക്കുള്ള മദ്ധ്യസ്ഥൻ' എന്ന പ്ലേറ്റോയുടെ ആശയത്തെ ഗ്രീഗോറിയോസ് ഇങ്ങനെയാണ് വിവക്ഷിക്കുന്ന ത്. അവിടെ സൃഷ്ടി ദൈവത്തിലേക്കും, ദൈവം സൃഷ്ടിയിലേക്കും ചേരുന്നു. എല്ലാ പ്രതിബന്ധങ്ങളും തകർത്തുകൊണ്ട് ക്രിസ്തു നമ്മിൽ രൂപീകൃതമാ വുകയും, നാം പൂർണ്ണമായി സ്നേഹത്തിൽ അധിഷ്ഠിതമാവുകയും ചെയ്യു മ്പോൾ, ദൈവത്തിന്റെ പൂർണ്ണതയാൽ നാം പൂരിതമാകുന്നു.

Pleroma യെ സംബന്ധിച്ച പൗലോസ് അപ്പോസ്തോലന്റെ വീക്ഷണം, ഗ്രീഗോറിയോസ്, മനുഷ്യരാശിയെ പുരസ്കരിച്ച് രണ്ട് അർത്ഥതലങ്ങളിൽ പ്രയോഗിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം 'മനുഷ്യരാശി' എന്നാൽ സ്ത്രീപുരുഷന്മാർ എന്ന വ്യക്തിപരമായ നിലയിലല്ല, മറിച്ച്, കാലത്തിലും സമ യത്തിലും, എല്ലാ വംശങ്ങളും, ജനതകളും, ഭൂതകാലവും, വർത്തമാനകാല വും, ഭാവികാലവും എല്ലാം ഉൾക്കൊള്ളുന്ന പൂർണ്ണത എന്നതാണ്:

> "ശരീരത്തിന്റെ വലിപ്പത്താലും, വ്യക്തിഗത നിലനില്പിനാലും പരിമി തപ്പെട്ടിരിക്കുന്ന ഒരു ഏക വ്യക്തി, ശരീരത്തിന്റെ അളവിനാൽ അടയാ ളപ്പെടുത്തപ്പെട്ടിരിക്കുന്നു. മനുഷ്യരാശി മുഴുവന്റെയും Pleroma, ഏക വ്യക്തിയിൽ അടങ്ങിയിരിക്കുന്നു എന്ന് എനിക്കു തോന്നുന്നു; ദൈവ

> ത്തിന്റെ മുന്നറിവുള്ള, സൃഷ്ടി ശക്തി വഴിയാണ്. “ദൈവം മനുഷ്യനെ, സ്വന്ത സ്വരൂപത്തിൽ സൃഷ്ടിച്ചു” എന്നതിന്റെ അർത്ഥമതാണ്. കാരണം ഈ ‘സ്വരൂപം’ മനുഷ്യസ്വഭാവത്തിന്റെ ഭാഗമല്ല; ദൈവകൃപ അതിന് അധീനവുമല്ല. മറിച്ച് ദൈവത്തിന്റെ സൃഷ്ടിശക്തി, മനുഷ്യരാശി മുഴുവനിലും തുല്യമായി എത്തിച്ചേരുന്നു. എല്ലാവർക്കും ‘മനസ്സ്’ ഉള്ളതാണ് ഇതിന്റെ തെളിവ്. ഗ്രഹിക്കാനും, ഇച്ഛിക്കാനും, ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിൻപ്രകാരം പ്രവർത്തിക്കാനും എല്ലാവർക്കും കഴിവുണ്ട്. പ്രപഞ്ച സൃഷ്ടിയുടെ സമയത്ത് വെളിപ്പെടുന്ന മനുഷ്യനും, പ്രപഞ്ച സമാപ്തിയിൽ വെളിപ്പെടാനിരിക്കുന്ന മനുഷ്യനും തമ്മിൽ അടിസ്ഥാനപരമായ അന്തരമില്ല. അവ രണ്ടും ദൈവസ്വരൂപം വഹിക്കുന്നു. ഇക്കാരണത്താൽ എല്ലാറ്റിനെയും ‘ഏക മനുഷ്യൻ’ എന്ന് വിളിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിശക്തിയിൽ ‘ഭൂതകാലമോ’ ‘ഭാവികാലമോ’ ഇല്ല. നമ്മുടെ ദൃഷ്ടിയിൽ ‘ഭൂതകാലം’, ‘ഭാവികാലം’ എന്നു വിവക്ഷിക്കുന്നവയിൽ ദൈവശക്തി ഒരുപോലെ ഫലവത്താകുന്നു. അങ്ങനെ, ആദ്യന്തമുള്ള പ്രകൃതി ഒരുമിച്ച്, “ആയിരിക്കുന്നവ”ന്റെ ഏകസ്വരൂപമായിരിക്കുന്നു.[29]

ഗ്രീഗോറിയോസിന്റെ വീക്ഷണത്തിൽ, കാലസമ്പൂർണ്ണതയും, മനുഷ്യരാശിയുടെ സമ്പൂർണ്ണതയും സമകാലീനമാണ്. മനുഷ്യരാശിയുടെ Pleroma യുടെ പൂർണ്ണത അതായത്, ആദിയിൽ സ്രഷ്ടാവ് നിറച്ചതുപോലെയുള്ള പൂർണ്ണത, സമ്പൂർണ്ണമാകുമ്പോൾ കാലവും ചരിത്രവും സമാപിക്കും.

> മനുഷ്യന്റെ രൂപീകരണം പൂർത്തിയാകുമ്പോൾ, കാലവും പൂർത്തിയാകും; അതോടൊപ്പം പ്രപഞ്ചം മുഴുവന്റെയും പുനർ നിർമ്മാണവും സംഭവിക്കും. എല്ലാറ്റിന്റെയും രൂപാന്തരത്തോടൊപ്പം, മനുഷ്യ അസ്തിത്വവും പുനർ നിർമ്മിക്കപ്പെടും. ഭൗതികവും നാശോന്മുഖമായതിൽ നിന്ന് സ്ഥിരമായതും നിത്യമായുള്ളതിലേക്കുള്ള മാറ്റം സംഭവിക്കും.[30]

അങ്ങനെ, ചരിത്രം, ആത്മാവിന്റെ വസന്തകാലമാണ്. അനുതാപം കൊണ്ട് ഉഴലുന്നതിനും, ദൈവവചന ശ്രവണം വഴി വിതക്കുന്നതിനുമുള്ള സമയം. ചരിത്രം അന്തിമ യാഥാർത്ഥ്യമല്ല. അതേസമയം അത്, നിരർത്ഥകമായ മായയുമല്ല. വിത്തു വിതയ്ക്കേണ്ട വയലിനെ എന്നപോലെ അതിനെ ഗൗരവമായെടുക്കേണ്ടതാണ്. എങ്കിലും അന്തിമമായി, വയലും ചെടിയുമല്ല, ചെടിയിൽ പ്രത്യക്ഷപ്പെടുന്ന ധാന്യമോ ഫലമോ ആണ്; അത് കൊയ്ത്തുകാലത്ത് ശേഖരിക്കപ്പെടുകയും ചെയ്യും. മരണം, ഉയിർപ്പ് എന്നിവയിലൂടെ മനുഷ്യരാശി പുനർജനിക്കേണ്ട പുതിയ സൃഷ്ടി എന്ന, ചരിത്രത്തെ അതിർലംഘിക്കുന്ന അസ്തിത്വം, ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയിലൂടെ ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. അവിടുന്ന് സമസ്ത മനുഷ്യരെയും തന്നിലേക്ക് ആവാഹിക്കുകയും, ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തുകയും ചെയ്തിരിക്കുന്നു.

മനുഷ്യരാശിയോടുള്ള ക്രിസ്തുവിന്റെ ഐക്യം, സുവിശേഷത്തിലെ ഉദാത്ത മർമ്മമാണ്. ഇമ്മാനുവേലായ ക്രിസ്തുവാണ് പുതിയ സൃഷ്ടിയും പുതിയ മനുഷ്യത്വവും. മനുഷ്യത്വത്തിലുള്ള പഴയതും പുതിയതുമായ എല്ലാ നന്മയും പുതിയ മനുഷ്യനിലേക്ക് സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ Pleroma (പൂർണ്ണത) യിലുള്ള നന്മ ക്രിസ്തുവിന്റേതാണ്.

‘കുരിശിലൂടെ’ അഥവാ ‘മഹത്വത്തിലൂടെ’ എന്നിവ ഗ്രീഗോറിയോസിന്റെ ചിന്തയിൽ പരസ്പരവിരുദ്ധമല്ല. കുരിശാണ് നമ്മുടെ മഹത്വം അഥവാ തേജസ്സ്. പുനരുത്ഥാനത്തിന്റെ മഹിമയിലേക്ക്, പീഡാനുഭവം, മരണം എന്നിവയിലൂടെയല്ലാതെ വഴിയില്ല. ഗ്രീഗോറിയോസിന്റെയും അഗസ്തിനോസിന്റെയും ചിന്തയിലുള്ള സുപ്രധാന അന്തരം ഇതാണ്: ഗ്രീഗോറിയോസിനെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ തേജസ്സ്, ദൈവതേജസ്സിന്റെ എതിരാളിയല്ല; മറിച്ച് താദാത്മ്യമുള്ളതാണ്. ക്രിസ്തുവിന്റെ മനുഷ്യത്വത്തിൽ ദൈവം തേജസ്കരിക്കപ്പെടുന്നു. അങ്ങനെ, മനുഷ്യൻ യഥാർത്ഥത്തിൽ, ദൈവത്തിന്റെ ജ്ഞാനം, ശക്തി, സ്നേഹം എന്നിവ വെളിപ്പെടുത്തുമ്പോൾ, ദൈവതേജസ്സ് മനുഷ്യനിൽ പ്രത്യക്ഷീഭവിക്കുന്നു.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനുശേഷം, ദൈവവും മനുഷ്യനും, “അന്യ”രല്ല. സൃഷ്ടിക്കും സ്രഷ്ടാവിനുമിടയിലുള്ള വിടവിൽ ദൈവം വ്യക്തിപരമായി എത്തിയിരിക്കുന്നു. സ്രഷ്ടാവ്, ഈ വിടവ് തരണം ചെയ്തതോടെ, സൃഷ്ടിയുടെ അന്തസ്സ് രൂപാന്തരപ്പെട്ടിരിക്കുന്നു. തന്റെ ശരീരം പിളർന്നതിനാൽ, തിരശ്ശീലയ്ക്കപ്പുറത്തായിരുന്ന നമ്മെ, ക്രിസ്തുവിനോടൊപ്പം അതിവിശുദ്ധ സ്ഥലത്തേക്കു പ്രവേശിച്ച് ദൈവത്തിന്റെ വലഭാഗത്ത് നിൽക്കുമാറാക്കി (എഫേ. 12:6). ഇങ്ങനെ, പിളർപ്പ് മറികടക്കുന്നത്, നാം അനുഭവവേദ്യമാക്കുന്നത്, വ്യക്തികൾ എന്ന നിലയിലല്ല; മനുഷ്യരാശിയുടെ പൂർണ്ണതയിലാണ് നാം ദൈവസാന്നിധ്യത്തിലെത്തുന്നത്.

### 6. മനുഷ്യപ്രവൃത്തി, സ്ഥല-കാലത്തിൽ

1959-ൽ ഓക്സ്ഫഡിൽ നടന്ന പിതൃവിജ്ഞാനീയ (Patristic Conference) യോഗത്തിൽ ഫ്രഞ്ച് ബെനഡിക്ടൻ പുരോഹിതനായി R. Gillet, “പ്രപഞ്ചത്തെ പവിത്രീകരിക്കുന്ന മനുഷ്യൻ: നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയിൽ” എന്ന ശീർഷകത്തിലുള്ള ഒരു പ്രബന്ധം അവതരിപ്പിച്ചു.[31] പവിത്രീകരിക്കുന്നവൻ (Divinizer) എന്ന പദം, ഗ്രീഗോറിയോസിന്റെ എഴുത്തുകളിൽ കാണുന്നില്ല, അത് ജില്ലറ്റിന്റെ സൃഷ്ടിയാണ്. എന്നിരുന്നാലും, പ്രപഞ്ചത്തെ ‘പവിത്രേതര’മാക്കുന്നതും, സ്ഥാപനങ്ങളെയും ആശയങ്ങളെയും ലൗകികവും മതേതരവുമായി കാണുന്നതുമായ ആധുനിക പ്രവണതയ്ക്ക് കടകവിരുദ്ധമാണിത്.

‘ദൈവീകരണം’ ‘പവിത്രീകരണം’ എന്നീ പദങ്ങൾ മനുഷ്യരാശിക്കു “സംഭവിക്കുന്ന” ഒരു കാര്യമെന്ന നിലയിൽ ഗ്രീഗോറിയോസ് അവതരിപ്പിച്ചിട്ടില്ല. എന്നാൽ, മനുഷ്യൻ, ദൈവത്തിന്റെ നന്മയും “സദ്ഗുണങ്ങളു” മായി താദാത്മ്യം പ്രാപിക്കുന്ന അളവിൽ, ദൈവാനുരൂപനായി മാറുന്നു എന്നാണ് അദ്ദേഹത്തിന്റെ മതം. ‘നന്മ’ എന്നാൽ എന്താണർത്ഥം? അദ്ദേഹം, ഈ പശ്ചാത്തലത്തിൽ ‘Elutheria’ (സ്വാതന്ത്ര്യം) ‘Apatheia’ (നിഷ്ക്രിയത്വരാഹിത്യം) ‘Arete’ (നന്മയുടെ ഫലപ്രദമായ ആചരണം) എന്നീ പ്രധാന സംജ്ഞകൾ അദ്ദേഹം പ്രയോഗിക്കുന്നുണ്ട്: മറ്റു രണ്ടു മൂല്യങ്ങളിൽ നിന്നും വേർപിരിക്കാനാവാത്ത ‘സ്വാതന്ത്ര്യം’, ദൈവത്തിന്റെ സത്ത തന്നെയാണ്.

മനുഷ്യനിലെ “ദൈവസ്വരൂപ”ത്തിന്റെ ഒരു ഘടകവുമാണത്. സർവ്വാധികാരവും സ്വയനിർണ്ണയവുമുള്ളതിനോട് സദൃശമാകുന്നതാണ്[32] സ്വാതന്ത്ര്യം. ഇത് ആദിയിൽ ദൈവം നമുക്ക് നൽകിയിരുന്നതും, നമ്മുടെ തിന്മകൾ നിമിത്തം ഇരുളടഞ്ഞതായി തീർന്നതുമാണ്.[33] എല്ലാ സ്വാതന്ത്ര്യവും സ്വഭാവേന ഏകവും, അതിൽത്തന്നെ പൂർണ്ണവുമാണ്. ആകയാൽ, സ്വതന്ത്രമായതെല്ലാം, അപ്രകാരം സ്വതന്ത്രമായതിനോട് താദാത്മ്യമുള്ളതായിരിക്കുമെന്ന് സിദ്ധിക്കുന്നു. നന്മ സ്വയനിർണ്ണയാധികാരമുള്ളതാണ്. സ്വതന്ത്രമായതെല്ലാം ഇതേ നന്മ ഉൾക്കൊള്ളുന്നതാണ്, കാരണം, സ്വാതന്ത്ര്യം സ്വയനിർണ്ണയ ശക്തിയുള്ളതാണ്.[34]

പുണ്യം അഥവാ നന്മ എന്നാൽ ഉത്തമമായത് പരിശീലിക്കുക എന്ന് സാരം. സ്വയനിർണ്ണയമുള്ള നന്മയാണ് യഥാർത്ഥമായ നന്മ. ഇക്കാരണത്താലാണ്, ബാഹ്യമായതും, നന്മ ചെയ്യാൻ മനുഷ്യനെ നിർബന്ധിക്കുന്നതുമായ ഒരു സർവ്വാധികാര-കൃപയെന്ന ആശയത്തെ ഗ്രീഗോറിയോസ് സ്വീകരിക്കാത്തത്. ഇതിൽ അദ്ദേഹം അഗസ്തീനോസിന്റെ ചിന്തയ്ക്ക് എതിരാണ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ മനുഷ്യൻ കേവലം ദൈവത്തിന്റെ ഒരു ‘അനുസരണമുള്ള ദാസനല്ല.’ രക്ഷയ്ക്കുള്ള ഒരു മാർഗ്ഗമായി, നന്മ പ്രവർത്തിക്കുന്നതിനെ അദ്ദേഹം കാണുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ രക്ഷയും നന്മയും രണ്ടും രണ്ടായിരുന്നേനേ എന്ന് തന്നെയല്ല, നന്മ എന്നത് രക്ഷ ലഭിക്കുന്നതിനുള്ള മാർഗ്ഗം മാത്രമാകുമായിരുന്നു.

‘On the Making of Man’ എന്ന പ്രബന്ധത്തിൽ ഗ്രീഗോറിയോസ് നന്മയെന്ന ആശയത്തെ ഇങ്ങനെ വിശദീകരിക്കുന്നു:

> ദൈവം സ്വഭാവേന, നന്മയെപ്പറ്റി നമുക്ക് സങ്കല്പിക്കാൻ കഴിയുന്നതെല്ലാമാണ്. അതായത്, നന്മയെപ്പറ്റി നമുക്ക് സങ്കല്പിക്കാനോ ഗ്രഹിക്കാനോ കഴിയുന്നതിനെയെല്ലാം അതിർലംഘിക്കുന്നതും മികച്ചതുമാണ്. മനുഷ്യജീവനെ സൃഷ്ടിച്ചതിന്റെ കാരണവും, ദൈവം നല്ലവനാകുന്നു എന്നതല്ലാതെ മറ്റൊന്നുമല്ല. മനുഷ്യസ്വഭാവത്തെ രൂപീകരിച്ചത് ഇതുകൊണ്ടാകയാൽ, തന്റെ സൃഷ്ടിശക്തിയുടെ നന്മയെ പ്രകടമാക്കിയത് ഭാഗികമായിട്ടല്ല. തന്റെ നന്മയുടെ ഒരു ഭാഗം മാത്രം നൽകുകയും, ബാക്കി ഭാഗം “അസൂയ” മൂലം നൽകാതിരിക്കുകയും ചെയ്തില്ല. മനുഷ്യനെ ഇല്ലായ്മയിൽനിന്ന് ഉള്ള സ്ഥിതിയിലേക്ക് കൊണ്ടുവന്നു; അവനെ യാതൊരു കുറവുമില്ലാതെ സമ്പൂർണ്ണമായിട്ടാണ് സൃഷ്ടിച്ചത് എന്നാണ്, ദൈവത്തിന്റെ നന്മയുടെ പൂർണ്ണത എന്നതിന്റെയർത്ഥം.
>
> ദിവ്യമായ ഈ സദ്ഗുണങ്ങളുടെ പട്ടിക ദൈർഘ്യമേറിയതാണ്; അവ

എണ്ണി തിട്ടപ്പെടുത്താവുന്നവയല്ല. അതുകൊണ്ട് എല്ലാ വശങ്ങളും സമഗ്രമായി ഒരു പദത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ദൈവവചനം പറയുന്നു: 'മനുഷ്യൻ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.' ദൈവം മനുഷ്യസ്വഭാവത്തെ സകല നന്മയിലും പങ്കാളിയാക്കി എന്നു പറയുന്നതിന് തുല്യമാണിത്.

ദൈവത്വം സമസ്ത നന്മകളുടെയും പൂർണ്ണതയാണെങ്കിൽ, മനുഷ്യസ്വഭാവം അതിന്റെ സ്വരൂപവും പ്രതിമയുമാണ്. എല്ലാ നന്മയുടെയും നിറവ് എന്നതാണ് പ്രതിമയും മൂലരൂപവും തമ്മിലുള്ള സാമ്യത്തിന്റെ കാതൽ. അങ്ങനെ, നമ്മിൽ സകല നന്മകളുടെയും മൗലിക സാദ്ധ്യതയുണ്ട്; അതോടൊപ്പം, എല്ലാ പുണ്യവും, ജ്ഞാനവും, ഉദാത്തമെന്നു സങ്കല്പിക്കാവുന്നതെല്ലാം അതിൽ ഉൾച്ചേർന്നിരിക്കുന്നു.

ഈ അസംഖ്യ സദ്ഗുണങ്ങളിലൊന്ന്, ഒരു പ്രകൃതിശക്തിക്കും അധീനപ്പെടാത്ത സ്വാതന്ത്ര്യമായിരിക്കും. 'അത് സ്വതന്ത്രമായി അധികാരമുള്ളതും, സ്വതന്ത്ര ഇച്ഛാശക്തിയുള്ളതുമായിരിക്കും. കാരണം, പുണ്യമെന്നത് സ്വാധികാരമുള്ളതും സ്വതന്ത്രവുമാണ്.' അടിച്ചേല്പിക്കപ്പെടുന്നത് ഒരിക്കലും ധർമ്മമോ, പുണ്യമോ ആവുകയില്ല.[35]

നിർമ്മമത, പുണ്യം എന്നീ ഘടകങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യസ്വാതന്ത്ര്യം, പൂർണ്ണമായി, ദൈവത്തിന്റെ സ്വാതന്ത്ര്യത്തിനു തുല്യമല്ല. മൂലമാതൃകയും പ്രതിമയും തമ്മിൽ അന്തരമുണ്ട്. കാരണം ദൈവം താൻ എന്ത് ഇച്ഛിക്കുന്നുവോ അതാണ്; തന്റെ ഉണ്മയിൽനിന്നും വ്യതിരിക്തമായ ഒരു ഇച്ഛ തനിക്കില്ല. അക്കാരണത്താൽ, ദൈവസ്വഭാവത്തിന് യാതൊരു മാറ്റത്തിന്റെയും ആവശ്യമില്ല. എന്നാൽ തന്റെ പ്രതിമയായ മനുഷ്യൻ എപ്പോഴും മാറ്റത്തിനധീനനാണു താനും. സകല സൃഷ്ടികളും ഇത്തരം മാറ്റത്തിന് കീഴ്പ്പെട്ടിരിക്കുന്നു എന്ന് ഗ്രീഗോറിയോസ് തറപ്പിച്ചു പറയുന്നു. അങ്ങനെ, മനുഷ്യന് മരണത്തിനപ്പുറത്തും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. കാരണം മനുഷ്യൻ ഏതിൽ വളരേണ്ടിയിരിക്കുന്നുവോ ആ നന്മയ്ക്ക്, ഒരു കാലത്തും എത്തിച്ചേരാവുന്ന ഒരു അതിർ ഇല്ല. നന്മയുടെ ഉള്ളിൽ അനന്ത സാദ്ധ്യതകളാണുള്ളത്. മനുഷ്യൻ, സ്വതന്ത്രമായും അനന്തമായും വളർന്നുകൊണ്ടിരിക്കേണ്ടതാണ്.

സ്ഥിരവും അനന്തവുമായ മാറ്റത്തെ ഗ്രീഗോറിയോസ് ഇങ്ങനെ വിശേഷിപ്പിക്കുന്നു: തുടർച്ചയായ മാറ്റം എന്നു പറഞ്ഞാൽ, 'മാറ്റം' എന്നതൊഴികെ മറ്റൊന്നിനും തുടർച്ചയില്ല എന്ന് അർത്ഥമില്ല. നമ്മുടെ സൃഷ്ടസ്വത്വം നിലനില്ക്കുന്നു. നമ്മുടെ ഭൗതിക ശരീരത്തിനു മാറ്റമുണ്ടായിക്കൊണ്ടിരിക്കുമ്പോഴും, നമ്മുടെ വ്യക്തിപരമായ സ്വത്വം നിലനില്ക്കുന്നതുപോലെ, മരണം, ഉയിർപ്പ് എന്നിവയെയും അത് അതിജീവിക്കുന്നു: ശരീരത്തിലിരിക്കുമ്പോൾ ചെയ്യുന്ന കാര്യങ്ങളുടെ മുദ്ര, നമ്മുടെ ആത്മാവിൽ മായാതെ നിലനിൽക്കും.[36] നമ്മുടെ ഭൗതിക ശരീരവും, അതുപയോഗിച്ച് നാം ചെയ്യുന്ന കാര്യങ്ങളും, നമ്മുടെ ആത്മാവിന്റെ സ്വഭാവം നിർണ്ണയിക്കുന്നതാണ്. ചരിത്രത്തിനപ്പുറത്തുള്ളതിന്റെ സ്വഭാവം നിർണ്ണയിക്കുന്നത് ചരിത്രമാണ്.

### 7. സൃഷ്ടിയിന്മേലുള്ള ആധിപത്യം

ദൈവത്തിന്റെ ദൃശ്യവും വിവേകമുള്ളതുമായ പ്രതിമ എന്ന നിലയിൽ, മനുഷ്യൻ ദൈവത്തിന്റെ മനസ്സ്, ജ്ഞാനം എന്നിവയിൽ പങ്കെടുക്കുന്നതിനാൽ, മനുഷ്യന് തന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനമായി ഒരു ശരീരം ഉണ്ടായിരിക്കണമെന്നും, അങ്ങനെ വസ്തു ദൈവത്തിന്റെ സ്വയവെളിപ്പെടുത്തലിൽ പങ്കാളിയാകാൻ കഴിയുമെന്നും ഗ്രീഗോറിയോസ് ഉറപ്പിച്ചു പറയുന്നു. ശരീരം കൂടാതെ മനസ്സ് ഉണ്ടായിരിക്കുകയില്ല. വാദ്യോപകരണമില്ലാതെ സംഗീതം പുറപ്പെടുകയില്ലല്ലോ. വസ്തുവിനെ ആത്മീയമായതിന്റെ അടിസ്ഥാനമാക്കിക്കൊണ്ട്, ആത്മികതയിൽ പങ്കാളിയാകാൻ 'വസ്തു'വിനെ ദൈവം അനുവദിക്കുന്നു. ശരീരത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്താണ് ആത്മാവ് എന്നു പറയാനാവില്ല, കാരണം ആത്മാവ് ശരീരം മുഴുവൻ പൂരിതമാണ്. അങ്ങനെതന്നെ, ദൈവസ്വരൂപിയായ മനുഷ്യൻ പ്രപഞ്ചം മുഴുവൻ വ്യാപരിച്ച്, അതിനെ നിയമാനുസൃതം നിയന്ത്രിക്കുകയും, Teilhard-ന്റെ ഭാഷയിൽ "മനുഷ്യവാസസ്ഥല"മാക്കുകയും ചെയ്യാനുള്ളതാണ്.

ഉല്പത്തി പുസ്തകം 1:28-ൽ കാണുന്ന, "ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി, സമുദ്രത്തിലെ മത്സ്യത്തിന്മേലും, ആകാശത്തിലെ പറവജാതിയിന്മേലും, സകല ഭൂതലജന്തുവിന്മേലും വാഴുവിൻ" എന്ന ദൈവകല്പനയെ ഗ്രീഗോറിയോസ് ഇങ്ങനെ വ്യാഖ്യാനിക്കുന്നു: "ആധിപത്യം" അഥവാ രാജത്വം മനുഷ്യരാശി സ്വപ്രയത്നത്താൽ ആർജ്ജിക്കേണ്ടതാണ്. സ്വന്തം ഇച്ഛാശക്തിയെ നിയന്ത്രിക്കാൻ പഠിച്ച മനുഷ്യരിലാണ്, മനുഷ്യന്റെ ഈ രാജകീയ നില വ്യക്തമായി കാണാൻ കഴിയുന്നത്. മനുഷ്യർ പുണ്യത്തിന്റെയും നീതിയുടെയും മകുടമണിയുമ്പോൾ, അവൻ രാജാധിരാജാവായ ദൈവത്തിന്റെ സജീവ പ്രതിമയായിത്തീരുന്നു.[38] ആനന്ദം, സുഖം, അനുഗ്രഹം ഇവയുടെ സൗന്ദര്യമാണ് ദൈവത്തിന്റെ സൗന്ദര്യം. ദൈവം സ്നേഹമാകുന്നു; മനുഷ്യനിൽ സ്നേഹമില്ലാതെയായാൽ, അവനിലെ ദൈവസാദൃശ്യം ഇല്ലാതെയാകുന്നു. ദൈവം വചനവും ആത്മാവുമാണ്; അതുകൊണ്ട് മനുഷ്യന് മനസ്സും വിവേകവും യുക്തിയും നൽകപ്പെട്ടിരിക്കുന്നു. ദർശിക്കാനും, വ്യക്തമാക്കാനും, ഇച്ഛിക്കാനും പ്രവർത്തിക്കുവാനും; സങ്കല്പിക്കുവാനും, രൂപഭാവന നടത്താനും, സ്നേഹിക്കുവാനും, സൃഷ്ടിക്കാനുമുള്ള കഴിവാണ് മനുഷ്യനെ യഥാർത്ഥത്തിൽ മനുഷ്യനാക്കുന്നത്. എന്നാൽ ശരീരം വളരുന്ന മുറയ്ക്കേ, മനസ്സ് പൂർണ്ണവികാസം നേടുന്നുള്ളു. എന്നിരുന്നാലും, നമ്മുടെ ശിരസ്സ് നേരെ നിൽക്കുന്നതിനാലും, ശരീരത്തെ താങ്ങി നിർത്തുന്നതിൽനിന്നും നമ്മുടെ കൈകൾ സ്വതന്ത്രമാകയാലും, നിലത്തുനിന്നും ഭക്ഷണം എടുക്കുന്നതിൽനിന്നും നാവ് വിമുക്തമായിരിക്കയാലും. തല ഉപയോഗിച്ച് ചിന്തിക്കുന്നതിനും, നാവ് ഉപയോഗിച്ച് സംസാരിക്കുന്നതിനും, ശിരസ്സിനെ ശുശ്രൂഷിക്കുന്നതിന് കൈകളെ ഉപയോഗിക്കുന്നതിനും സാധിക്കുന്നു.[39]

അങ്ങനെ, മനസ്സിന്റെ യുക്തവും സമുചിതവുമായ പ്രവർത്തനം, മനുഷ്യൻ സർവ്വസ്വതന്ത്രനായി, നീതിമാനായി, നന്മ നിറഞ്ഞവനായി, നന്മ സൃഷ്ടിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയുൾപ്പെടെയുള്ള മനുഷ്യന്റെ സമസ്ത പ്രവർത്തനങ്ങളും സർഗ്ഗശക്തികളും, നീതി, സ്വാതന്ത്ര്യം, സമാധാനം, സൃഷ്ടിപരമായ നന്മ എന്നിവയ്ക്കു കീഴ്പ്പെടുന്നതായാൽ, സൃഷ്ടികളിന്മേലുള്ള മനുഷ്യന്റെ ആധിപത്യം പ്രപഞ്ചം മുഴുവനും ഒരു അനുഗ്രഹമായിരിക്കും.

(തുടരും)

സഭാപിതാക്കന്മാർ

# വിശുദ്ധിയുടെ സുഗന്ധം വീശുന്ന വലിയ ബാവാ

**ബെൻസൺ ഓലിയിൽ**

ആടുകളെ മേയിച്ചിരുന്ന ദാവീദ് എന്ന ബാലനിൽ ശമുവേൽ പ്രവാചകൻ ഇസ്രായേലിന്റെ ഭാവി ഇടയനെ കണ്ടെത്തി ദൈവാത്മാവിലായിരുന്നു ആ തിരഞ്ഞെടുപ്പ്. മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ സി. എം. തോമസ് റമ്പാൻ ആണ് (പിന്നീട് തോമ്മാ മാർ ദിവന്നാസിയോസ്) കുഞ്ഞോമ്മാച്ചൻ എന്ന സി. റ്റി. തോമസിനെ 1939-ൽ കണ്ടെത്തിയത്. പത്തനാപുരത്ത് മൗണ്ട് താബോർ സന്യാസ പ്രസ്ഥാനം തുടങ്ങിയ സി. എം. തോമസ് റമ്പാൻ എന്ന തോമ്മാ മാർ ദിവന്നാസിയോസ് പുതിയകാവ് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ വന്നപ്പോൾ അഞ്ചാം തുബ്ദേൻ വായിച്ചത് ചെട്ടികുളങ്ങര ഗവൺമെന്റ് മലയാളം സ്കൂൾ വിദ്യാർഥിയായ കുഞ്ഞോമ്മാച്ചൻ ആയിരുന്നു. കുഞ്ഞോമ്മാച്ചന്റെ ഹൃദ്യമായ വായനയിൽ ആകൃഷ്ടനായ അദ്ദേഹം അപ്പനെ വിളിപ്പിച്ചു. തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായ സി. റ്റി. തോമസിനെ ദയറായിലേക്ക് വേണമെന്ന് ആവശ്യപ്പെട്ടു. മകനെ യാതൊരു വൈമനസ്യവും കൂടാതെ ദൈവ വേലയ്ക്കായി പിതാവ് വിട്ടു കൊടുത്തു. അങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ മൗണ്ട് താബോർ ദയറായിൽ എത്തിയ സി. റ്റി. തോമസ് ആണ് പിന്നീട് പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ആയിതീർന്നത്.

1921 ഒക്ടോബർ 29ന് ആണ് സി. റ്റി. തോമസ് ജനിച്ചത്. അദ്ദേഹത്തിന്റെ പ്രൈമറി സ്കൂൾ പഠനം പുതിയകാവ് പള്ളിയുടെ പ്രൈമറി സ്കൂളിൽ ആയിരുന്നു. എല്ലാ ഞായറാഴ്ചയും ആരാധനയിൽ പങ്കെടുക്കുകയും സൺഡേ സ്കൂളിൽ മുടങ്ങാതെ പഠിക്കുകയും ചെയ്ത തോമസിന്റെ ബാല്യകാലം പുതിയകാവ് പള്ളിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷയ്ക്ക് 1933-ൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ കൈവെപ്പ് നൽകി. അദ്ദേഹത്തിന്റെ പ്രാർത്ഥന ജീവിതത്തിന്റെ മുഖ്യമാതൃക മാതാപിതാക്കളായിരുന്നു. അവർ പ്രാർത്ഥന ജീവിതം ഉള്ളവരും ദൈവഭക്തിയുള്ളവരുമായിരുന്നു.

തന്റെ പതിനെട്ടാമത്തെ വയസ്സിൽ മൗണ്ട് താബോർ ദയറായിൽ എത്തിയ സി. റ്റി. തോമസിന് ഗുരുവിന്റെ കൂടെയുള്ള ജീവിതം ഒരു പുതിയ അനുഭവമായിരുന്നു. പന്ത്രണ്ടാം വയസ്സിൽ പുതിയകാവ് പള്ളി മദ്ബഹായിൽ കയറി തുടങ്ങിയ സി.റ്റി. തോമസിന് ആരാധനയും, നോമ്പും, ഉപവാസവും, ജീവിത വ്രതമായി. അരക്കെട്ടും, തടി കുരിശുമായി സന്യാസിയുടെ കുപ്പായമണിഞ്ഞപ്പോൾ പുത്തൻ അനുഭവമായി. ഗുരുവിന്റെ ദർശനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ സി. റ്റി തോമസിനു കഴിഞ്ഞു. ഗുരുവിന്റെ കൂടെ ദയറായിൽ സുറിയാനി, സഭാ വിശ്വാസപഠനം, ആരാധന പരിശീലനം എന്നിവയും ഉണ്ടായിരുന്നു. ധ്യാനം, മൗനം, മിതഭാഷണം, കുമ്പസാരം, വായന, വി. കുർബ്ബാന അനുഭവം എന്നിവ ജീവിത വൃതം പോലെയായി. ദയറ ജീവിത പരിശീലനത്തോടൊപ്പം സ്കൂൾ പഠനവും തുടർന്നു. തോമ്മാ മാർ ദിവന്നാസിയോസ് 1926-ൽ സ്ഥാപിച്ച സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ആയിരുന്നു ഹൈസ്കൂൾ പഠനം. സന്യാസ ജീവിതത്തിലെ തീഷ്ണമായ അനുഭവങ്ങളും, കഠിനമായ അച്ചടക്കവും, ഗുരുവിന്റെ വചനങ്ങളും സി. റ്റി. തോമസിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ദയറാ ജീവിത പരിശീലനത്തിന്റെ പ്രാഥമിക പടിയായി സി.റ്റി തോമസ് 1941-ൽ തന്റെ ഇരുപതാമത്തെ വയസ്സിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു.

കോളേജ് വിദ്യാഭ്യാസത്തിനായി ഇന്റർ മീഡിയറ്റിന് കോട്ടയം സി. എം. എസ്. കോളജിൽ ചേർന്നു. അക്കാലത്ത് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും, പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായുടെയും കീഴിൽ പരിശീലനത്തിന് അവസരം ലഭിച്ചു. പരിശുദ്ധ ഔഗേൻ ബാവാ ആയിരുന്നു



ദിദിമോസ് പ്രഥമൻ ബാവയുടെ സുറിയാനി മൽപ്പാൻ.

തുടർന്ന് തമിഴ്നാട്ടിൽ തൃശിനാപള്ളിയിൽ നാഷണൽ കോളേജിലായിരുന്നു ബിരുദ പഠനം. അതിനുശേഷം പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിൽ പഠിപ്പിക്കുവാൻ തോമ്മാ ആ ദിവന്നാസിയോസ് നിയോഗിച്ചു. ശെമ്മാശൻ ആയിരിക്കുമ്പോൾ ആണ് വിദ്യാർഥികളെ പഠിപ്പിക്കുവാൻ എത്തിയത്. ഹൃസകാലത്തെ അധ്യാപനത്തിന് ശേഷം അദ്ദേഹം കാൺപൂരിൽ ക്രൈസ്റ്റ് ചർച്ച് കോളേജിൽ ആണ് ഉപരിപഠനത്തിന് ചേർന്നത്. മദ്രാസ് വെസ്റ്റേൺ ട്രെയിനിങ് കോളേജിൽ നിന്നും ബി. എഡ് സമ്പാദിച്ചിട്ടാണ് അദ്ദേഹം തൃശിനാപ്പള്ളി പൊന്നയ്യാ ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി എത്തിയത്.

1950 ജനുവരി 26-ാം തീയതി പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ വച്ച് സിറ്റി തോമസ് ശെമ്മാശനെ പദവിയിലേക്ക് കശ്ശീശ പദവിയിലേക്ക് ഉയർത്തി. ഒരിടത്തും വികാരി സ്ഥാനം നൽകിയിരുന്നില്ല. എന്നാൽ തിരുവല്ല, വേങ്ങൽ സെന്റ് ജോർജ് എന്നിവിടങ്ങളിൽ രണ്ടുവർഷത്തോളം ക്രമമായി വിശുദ്ധ കുർബാന അർപ്പിച്ചു.

തോമ്മാ മാർ ദിവന്നാസിയോസ് തിരുമേനിയുടെ തമിഴ്നാട് മിഷൻ ഭാഗമായി പ്രവർത്തിക്കുന്ന ഹൈസ്കൂളിൽ 1955 മുതൽ 1959 വരെ ഫാ. തോമസ് സേവനമനുഷ്ഠിച്ചു. 1961-ൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി. തോമ്മാ മാർ ദിവന്നാസിയോസ് തിരുമേനി 1964 ൽ സെന്റ് സ്റ്റീഫൻസ് കോളേജ് സ്ഥാപിച്ചപ്പോൾ ഫാ. സി. റ്റി. തോമസ് അവിടെ ഇംഗ്ലീഷ് വിഭാഗം മേധാവിയും, വൈസ് പ്രിൻസിപ്പലുമായി.

1965 മെയ് മാസം 16-ന് പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1964 ഡിസംബർ 28-ന് കോട്ടയം എം ഡി സെമിനാരി വച്ച് പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വച്ച് ഫാ. സി. റ്റി തോമസിനെ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. തുടർന്ന് 1966 ഓഗസ്റ്റ് മാസം 24ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ വച്ച് സി. റ്റി തോമസ് റമ്പാച്ചാനെ തോമസ് മാർ തിമോത്തിയോസ് എന്ന പേരിൽ, ഫിലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ് എന്നിവരോടൊപ്പം പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായാൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു.

മെത്രാൻ സ്ഥാനം ഏറ്റതിനുശേഷം മലബാർ ഭദ്രാസനത്തിന്റെ സഹായ

മെത്രാനായി. 1966 നവംബർ ഒന്നിന് കല്പന ലഭിച്ച തോമസ് മാർ തിമോത്തിയോസ് നവംബർ 11-നു മലബാറിൽ എത്തുന്നത്.

1953ൽ രൂപം പ്രാപിച്ച മലബാർ ഭദ്രാസനത്തിന്റെ ആദ്യത്തെ മെത്രാപ്പോലീത്തയായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് ശേഷം, ഭദ്രാസനത്തിലെ രണ്ടാമത്തെ മെത്രാപ്പോലീത്തായും മലബാർ ഭദ്രാസനത്തിന്റെ ആധുനിക ശില്പിയുമായ തോമസ് മാർ തിമോത്തിയോസ് 1968 ഫെബ്രുവരി രണ്ടിന് സ്ഥാനമേൽക്കുമ്പോൾ മലബാറിൽ 80 പള്ളികളാണ് ഉണ്ടായിരുന്നത്. മിക്കവാറും ഓലമേഞ്ഞ കെട്ടിടങ്ങൾ ആയിരുന്നു. അരമനയും ഉണ്ടായിരുന്നില്ല. 1967 ചാത്തമംഗലത്തു അരമനക്ക് സ്ഥലം വാങ്ങുകയും അരമന പണി കഴിപ്പിക്കുകയും ചെയ്തു. താബോറിൽ നിന്ന് മറ്റൊരു മലമുകളിൽ എത്തിയപ്പോൾ തന്റെ ആസ്ഥാനത്തിന് മൗണ്ട് ഹെർമൻ എന്നാണ് പേരിട്ടത്. താബോറിന്റെ മണ്ണിൽ നിന്നു ലഭിച്ച സന്യാസ പരിശീലനവും, അച്ചടക്കം, വിശ്വാസ സ്ഥിരതയും, സഭ തീഷ്ണതയും ആയിരുന്നു ഭദ്രാസന ഭരണത്തിന് എത്തിയപ്പോൾ ഉണ്ടായിരുന്ന കൈമുതൽ.



തിരുമേനിയുടെ ആത്മീയ നേതൃത്വത്തിൽ ഭദ്രാസനത്തിലെ ആത്മീയ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം പുതിയ ഇടവകകൾ സ്ഥാപിക്കുകയും ചെയ്തു. മാർ തിമോത്തിയോസ് ഭദ്രാസനത്തെ ശക്തിപ്പെടുത്തി കൊണ്ടിരുന്നപ്പോൾ അണ് സഭയിൽ വീണ്ടും പ്രതിസന്ധി തുടങ്ങിയത്. അതിന്റെ തിക്ത അനുഭവം ഏറെ ഉണ്ടായത് മലബാറിലാണ്. എന്നാൽ തിരുമേനിയുടെ പ്രാർത്ഥനയും ദൈവവിശ്വാസവും കൊണ്ട് മലബാർ ഭദ്രാസനത്തിലെ പ്രശ്നങ്ങൾ ഓരോന്നായി അവസാനിച്ചു. വൈദികരും അത്മായരും ഒറ്റക്കെട്ടായി തിരുമേനിയുടെ കീഴിൽ അണിനിരന്നു.

1974-ൽ ചുങ്കത്തറയിൽ ആരംഭിച്ച കൺവെൻഷൻ മലബാറിലെ പ്രധാന ആധ്യാത്മിക സംഗമങ്ങളിൽ ഒന്നായി. മലബാർ ഭദ്രാസനത്തിൽ തിരുമേനി ആരംഭിച്ച അട്ടപ്പാടി മിഷൻ സഭയ്ക്ക് ഒരു വലിയ മുതൽക്കൂട്ടാണ് ഇന്ന്.

എരുമമുണ്ടയിൽ 1982-ൽ ആരംഭിച്ച സെന്റ് തോമസ് ഹോം, 1990-ൽ ചേവായൂരിൽ ആരംഭിച്ച ഗ്രിഗോറിയോസ് ഗൈഡൻസ് സെന്റർ, എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളും തിരുമേനിയുടെ ഭരണകാലത്ത് ആരംഭിച്ചതാണ് തന്റെ മെത്രാൻ സ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചത് നിർധനരായ 25 പേർക്ക് വീടുകൾ നിർമ്മിച്ച് കൊണ്ടായിരുന്നു.

മലബാർ ഭദ്രാസന മെത്രാപ്പോലീത്തയായി 4 ദശാബ്ദങ്ങൾ പ്രവർത്തിച്ച തിമോത്തിയോസ് തിരുമേനി സഭാ അംഗങ്ങൾക്ക് നവീനമായ ആത്മീയ ചൈതന്യം പകർന്നു.

മലബാർ ഭദ്രാസനത്തിൽ തന്റെ പിൻഗാമിയായി ഡോക്ടർ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയെ ആശീർവദിച്ചു കൊണ്ടാണ് മലബാറിന്റെ ഈ നല്ല ഇടയൻ ദേവലോകത്തേക്ക് വന്നത്.

നിയുക്ത കാതോലിക്കയായി തോമസ് മാർ തിമോത്തിയോസിനെ പരിശുദ്ധ സുന്നഹദോസ് ഐക്യകണ്ഠേന തിരഞ്ഞെടുക്കുകയായിരുന്നു. 1992 സെപ്റ്റംബർ 10-ന് പരുമല സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഈ പിതാവിനെ പരിശുദ്ധ മാത്യൂസ് ദ്വിതിയൻ ബാവയുടെ പിൻഗാമിയായി തെരഞ്ഞെടുത്തു.

സഭയുടെ സങ്കീർണമായ ഘട്ടത്തിലാണ് പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ മലങ്കര സഭയുടെ ഇരുപതാമത്തെ മലങ്കര മെത്രാപ്പോലീത്തയും ഏഴാമത്തെ പൗരസ്ത്യ കാതോലിക്കായും സ്ഥാനമേറ്റത്.

2005 ഒക്ടോബർ 29ന് പരുമലയിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റ പരിശുദ്ധ പിതാവ് 2005 ഒക്ടോബർ 31-ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദീമോസ് പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ ആയി സ്ഥാനമേറ്റു.

മലങ്കരയുടെ അമരക്കാരൻ എന്ന നിലയിൽ ദിദീമോസ് പ്രഥമൻ വലിയ ബാവായുടെ സംഭാവനകൾ അനവധിയാണ്. മലങ്കരസഭയിൽ സമ്പൂർണ ജനാധിപത്യം നടപ്പാക്കാൻ വലിയ ബാവ നേതൃത്വം നൽകി.അഞ്ചു വർഷത്തെ ഭരണത്തിനിടയിൽ നാലുതവണ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടുകയും, ഒരുതവണ തന്റെ പിൻഗാമിയെയും, മറ്റൊരു തവണ തന്റെ കൂട്ട് ട്രസ്റ്റികളെയും, മറ്റ് രണ്ട് തവണകളിലായി 14 മെത്രാന്മാരെയും തെരഞ്ഞെടുത്തു.

മലങ്കര അസോസിയേഷൻ തിരഞ്ഞെടുത്ത ഈ 14 പേർക്ക് മെത്രാൻ സ്ഥാനം നൽകുവാനുള്ള ഭാഗ്യവും, 2009 ഏപ്രിൽ മൂന്നിന് പരിശുദ്ധ മൂറോൻ കൂദാശ നടത്താനുള്ള ഭാഗ്യവും ഈ പിതാവിന് ലഭിച്ചു. പള്ളി ഇടവക പൊതുയോഗങ്ങളിൽ വനിതകളെ ഉൾപ്പെടുത്തി അംഗത്വം നൽകിയതും പരിശുദ്ധ ദിദിമോസ് ബാവായുടെ ഭരണകാലത്താണ്

കൂടാതെ മലങ്കര അസോസിയേഷനിൽ വരണാധികാരിയായി രണ്ടുതവണ ഒരു വനിതയെ നിയമിച്ചതും ദിദിമോസ് ബാവയാണ്.

മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിലും പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലും പരിശുദ്ധ പിതാവിന്റെ ഏറ്റവും വിശിഷ്ടമായ സംഭാവന സഭയിലെ ആത്മീയ നവോത്ഥാനമാണ്. സഭയുടെ വളർച്ചയുടെ സൂചനയായി എടുത്തു പറയാനുള്ള ഒരു കാര്യം ഭദ്രാസനങ്ങളുടെ വളർച്ചയാണ്. മലങ്കര സഭയ്ക്ക് ഇപ്പോൾ 31 ഭദ്രാസനങ്ങൾ ആണ് ഉള്ളത്. ഇതിൽ അഹമ്മദബാദ് (കല്പന നമ്പർ. 93/2009), ബാംഗ്ലൂർ, ബ്രഹ്മവാർ (കല്പന നമ്പർ. 389/2010), അടൂർ - കടമ്പനാട്, കൊട്ടാരക്കര - പുനലൂർ, റാന്നി - നിലയ്ക്കൽ ഭദ്രാസനങ്ങൾ ബാവായുടെ ഭരണകാലത്ത് രൂപംകൊണ്ടവയാണ്.

ഭദ്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചത് അനുസരിച്ച് മാനേജിങ് കമ്മിറ്റി അംഗങ്ങളുടെ എണ്ണവും വർധിപ്പിച്ചു.

ഏറ്റവും കൂടുതൽ അംഗങ്ങളുള്ള എപ്പിസ്കോപ്പൽ സിനഡിന് അധ്യക്ഷനായി ഇരിക്കാനുള്ള ഭാഗ്യവും ദിദിമോസ് ബാവായ്ക്ക് ലഭിച്ചു. മെത്രാന്മാരുടെ തെരഞ്ഞെടുപ്പിൽ പല കാലത്തും പെരുമാറ്റച്ചട്ടവും മാനദണ്ഡങ്ങളും ഉണ്ടായിരുന്നു എങ്കിലും, അച്ചടക്കത്തിന്റെ കാര്യത്തിൽ അതീവ ജാഗ്രത ഉള്ള ബാവാ മെത്രാൻ തെരഞ്ഞെടുപ്പിന് വ്യക്തമായ ഒരു മാനദണ്ഡവും പെരുമാറ്റച്ചട്ടവും രൂപീകരിച്ചത് ദിദീമോസ് ബാവായുടെ കാലഘട്ടത്തിൽ അണ്. 2009-ൽ പാമ്പാക്കുടയിലും 2010 ശാസ്താംകോട്ടയിലും നടത്തിയ മലങ്കര അസോസിയേഷൻ ഈ ചട്ടങ്ങൾ കർശനമായി നടപ്പാക്കി.

മലങ്കര അസോസിയേഷനിൽ പാരമ്പര്യ പ്രകാരം ഉള്ള മലങ്കര മെത്രാന്റെ അംശവസ്ത്രം ധരിക്കുന്ന പതിവ് പുനസ്ഥാപിച്ചത് ദിദീമോസ് പ്രഥമൻ ബാവ ആണ്.

ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് നടന്ന ചരിത്രപ്രധാനമായ ഒരു സംഘമമായിരുന്നു 2008 നവംബർ 16-ന് കോട്ടയം ബസേലിയോസ് കോളേജ് ഗ്രൗണ്ടിൽ നടന്ന 'കോട്ടയം മഹാ സമ്മേളനം.'

ലോകത്തിലെ വിവിധ ഓർത്തഡോക്സ് സഭകളും ആയുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും സാഹോദര്യബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ഭരണകാലത്ത് അവസരങ്ങൾ ഉണ്ടായി.

ദിദിമോസ് ബാവായുടെ ക്ഷണം സ്വീകരിച്ച് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് കിറിൽ മെത്രാപ്പോലിത്ത, അർമേനിയൻ സുപ്രീം കാതോലിക്കാ കരേക്കിൻ രണ്ടാമൻ, എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസ്, സെലിഷ്യൻ കാതോലിക്കാ അരാം പ്രഥമൻ എന്നിവരും മലങ്കരസഭ സന്ദർശിച്ചു.

സഭകളുടെ ലോക കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാം കോബിയാ ദേവലോകത്തെത് ദിദീമോസ് പ്രഥമൻ ബാവായെ സന്ദർശിച്ചു.

ആഫ്രിക്കൻ രാജ്യമായ ലോസോത്തൊയിലെ ഉപ പ്രധാനമന്ത്രി അർബട്ട് ലിഹാലയും ദേവലോകത്ത് വന്ന് പരിശുദ്ധ പിതാവിനെ സന്ദർശിച്ചു.

കോപ്റ്റിക് സഭാതലവൻ പോപ്പ് ഷിനൂഡാ മൂന്നാമനെ കെയ്റോയിൽ വെച്ചും അസീറിയൻ പാത്രിയർക്കീസ് ദിൻഹാ നാലാമനെ ചിക്കാഗോയിലും വെച്ച് സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യ ബന്ധത്തിന്റെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും സൂചനയായി അർമേനിയൻ സുപ്രീം കാതോലിക്കാ അരാം പ്രഥമനും, എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസിനു പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ മലങ്കര സഭയുടെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് തോമസ്' നൽകി ആദരിച്ചു.

കേരളത്തിന്റെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമനെ 'സഭ തേജസ്' എന്ന സ്ഥാനനാമം നൽകി ആദരിച്ചതും ദിദിമോസ് പ്രഥമൻ ബാവായുടെ സമയത്താണ്.

മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റ ശേഷം ദിദീമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ 2006 ഒക്ടോബർ 12ന് പരുമലയിൽ വിളിച്ചുകൂട്ടിയ മലങ്കര അസോസിയേഷൻ വച്ചാണ് കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസിനെ നിയുക്ത കാതോലിക്കായായി തെരഞ്ഞെടുത്തത്. നിയുക്ത കാതോലിക്കായുടെ തിരഞ്ഞെടുപ്പ് കോടതി മുഖേന തടസപ്പെടുത്താൻ ശ്രമം ഉണ്ടായിരുന്നുവെങ്കിലും അത് സംബന്ധിച്ച് അനുകൂലമായ സാഹചര്യം ഉണ്ടായത് പരിശുദ്ധ ബാവായുടെ പ്രാർത്ഥനയുടെ ശക്തി തന്നെയായിരുന്നു. തന്റെ 5 വർഷത്തെ പ്രവർത്തനങ്ങൾക്ക് ശേഷം 2010 ഒക്ടോബർ 31-ന് പരിശുദ്ധ പിതാവ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമൊഴിഞ്ഞു.

2010 നവംബർ ഒന്നിന് തന്റെ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായെ വാഴിച്ചതോടെ കാതോലിക്ക സ്ഥാനവും പരിശുദ്ധ പിതാവ് ത്യജിച്ചു. തന്റെ തൊണ്ണൂറാം ജന്മദിനത്തിൽ സ്വന്തം ഇഷ്ടപ്രകാരം സ്ഥാനത്യാഗം ചെയ്ത ദിദിമോസ് പ്രഥമൻ ബാവായെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരയുടെ 'വലിയ ബാവാ' ആയി പ്രഖ്യാപിച്ചു.

ദിദിമോസ് ബാവ സ്ഥാനമൊഴിഞ്ഞത് പുതിയ കീഴ്വഴക്കം സഭയിൽ സൃഷ്ടിച്ചുകൊണ്ടാണ്. മുൻഗാമികളിൽ നിന്ന് അഭിഷിക്തനായ ദിദിമോസ് ബാവ പിൻഗാമിയെ വാഴിച്ചു കൊണ്ടാണ് സ്ഥാനത്യാഗം ചെയ്തത്.

ഒരു സന്യാസിയുടെ നിസ്സംഗതയോടെ വലിയ ബാവാ അധികാരം വിട്ടൊഴിഞ്ഞു, അത് സ്വന്തം ഇഷ്ടപ്രകാരം ആയിരുന്നു. പിൻഗാമിയെ വാഴിക്കാൻ പരുമല പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ദിദിമോസ് പ്രഥമൻ ബാവാ മുഖ്യ കാർമികത്വം വഹിക്കുകയും ചെയ്തു. 2014 ഫെബ്രുവരി 21 കോട്ടയം കാതോലിക്കേറ്റ് അരമനയിൽ വെച്ച് കന്തില ശുശ്രൂഷ സ്വീകരിച്ചു. 2014 മെയ് 26ന് വൈകിട്ട് 7:30-ന് പരുമല ആശുപത്രിയിൽവച്ച് കാലംചെയ്ത പരിശുദ്ധ പിതാവിനെ 2014 മെയ് മാസം 28-ാം തീയതി പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി.

മലങ്കരസഭയുടെ സമഗ്ര വളർച്ചയ്ക്ക് നിസ്തുല സംഭാവന നൽകിയ അതുല്യ വ്യക്തിത്വം ആണ് പരിശുദ്ധ കാതോലിക്ക ബാവാ. പ്രാർത്ഥന, ധ്യാനം, മൗനം എന്നിവയിലൂടെ ഈ മഹർഷി വര്യൻ മലങ്കര സഭയെ ശക്തീകരിച്ചു.

പ്രതിസന്ധികളിലും ഭിന്നതകളും വ്യവഹാരങ്ങളിലും ആടി ഉലഞ്ഞ സഭയെ അചഞ്ചലമായ വിശ്വാസത്തോടെയും, ദൈവശ്രായ ബോധത്തോടെയും നയിച്ച ഈ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ട ആയിരിക്കട്ടെ.

❑

## പരിശുദ്ധാത്മാവേ വന്ന് സ്നേഹത്തിൻ നിറവേകണമേ...

**(എന്നെത്തന്നെ സന്നിധിയിൽ... എന്ന ട്യൂണിൽ)**

ശക്തിയെ സമ്പാദിക്കാനായ്
നോക്കിപ്പാർത്തൊരു സംഘത്തെ
റൂഹായാൽ ജ്വലിപ്പിച്ചതുപോൽ
ഞങ്ങളെയും ബലപ്പെടുത്തണമേ

പരിശുദ്ധാത്മാവേ വന്ന്
സ്നേഹത്തിൻ നിറവേകണമേ
ശത്രുവിനെയും സ്നേഹിപ്പാൻ
മാനസ ശുദ്ധി നിറയ്ക്കണമേ

മാമോദീസായിൽ റൂഹാ
നൽകിയ പാവന വസ്ത്രത്താൽ
കവചം തീർത്തതിനുള്ളിൽ നീ
ഞങ്ങളെ സംരക്ഷിക്കേണമേ

തിന്മയെഴും കാഴ്ചയിൽ നിന്നും
നാശത്തിൻ കേൾവിയിൽ നിന്നും
റൂഹാ, നിന്നാവാസത്താൽ
നാൾതോറും കാത്തീടണമേ

സൃഷ്ടിക്കും പുനഃസൃഷ്ടിക്കും
ഊതിനിറച്ചൊരു റൂഹായാൽ
അദൃശ്യമതാം പോരാട്ടത്തിൽ
ജീവശ്വാസം പകരണമേ.

തിന്മകളെ നന്മകളാക്കും
ലോകത്തിൻ വഞ്ചനയറിയാൻ
സത്യാത്മാവേ ഞങ്ങളെ നീ
തിരുശബ്ദം കേൾപ്പിക്കണമേ

റൂഹാ നിന്നാവാസത്താൽ
ഞങ്ങളെയെല്ലാം ഐക്യത്തിൽ
ആദിമസഭയെപ്പോലിന്നും
നിൻ രാജ്യമതാക്കീടണമേ.

ഇന്നാളുകളിൽ ഭൂമിക്ക്
ഏറ്റൊരു മുറിവിനെ മാറ്റിടുവാൻ
സൗഖ്യം ജീവനുമേകിടുവാൻ
റൂഹായേ വന്നീടണമേ.

പുതിയൊരു ആകാശം ഭൂമി
കടലും കരയും കാടുകളും
ശുദ്ധമതായിതീർന്നിടുവാൻ
റൂഹാ വന്നു സഹായിക്ക

അർപ്പിത വീഞ്ഞും അപ്പമതും
നാഥൻ ഗാത്രമതാകുമ്പോൾ
സൽഗുണ പോഷണ റൂഹായെ
ഞങ്ങളെ അതുപോൽ ആക്കണമേ

രചന: ഫാ. ബിജേഷ് ഫിലിപ്പ്

വചനതീർത്ഥം



# സകല സത്യത്തിലും വഴിനടത്തുന്ന പരിശുദ്ധാത്മാവ് (പെന്തിക്കോസ്തി പെരുന്നാൾ)

## (വി. യോഹന്നാൻ 16:5-15)

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

പെന്തിക്കോസ്തി ക്രൈസ്തവ പാരമ്പര്യത്തിലെ പരിശുദ്ധാത്മ പുതുക്ക പ്പെരുന്നാളാണ്. പെന്തിക്കോസ്തി എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം അമ്പതാ മത്തെ എന്നാണ്. ക്രൈസ്തവ പാരമ്പര്യത്തിൽ ഈസ്റ്ററിനുശേഷം അമ്പതാം ദിവസം പെന്തിക്കോസ്തി പെരുന്നാളാണ്. ദൈവപുത്രൻ മനുഷ്യനായി തീർ ന്നത് പരിശുദ്ധാത്മാവിനെ നമുക്ക് നൽകാനായിരുന്നു എന്ന് പൗരസ്ത്യ സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നു. സഭയിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രത്യേ കമായ പുതുക്കം പ്രാപിക്കാനുള്ള പ്രാർത്ഥനകളും ശുശ്രൂഷകളുമാണ് പെന്തി ക്കോസ്തി പെരുന്നാളിൽ നടക്കുന്നത്. ഇന്നത്തെ വി. വേദഭാഗം വി. യോഹ ന്നാൻ 16: 5-15.

### യഹൂദ പെന്തിക്കോസ്തി

യഹൂദന്മാർക്ക് പെസഹാ കഴിഞ്ഞ് അമ്പതാം ദിവസം പെന്തിക്കോസ്തി ആയിരുന്നു. പഴയനിയമകാലത്ത് പെന്തിക്കോസ്തി, കൊയ്ത്ത് പെരുന്നാൾ (പുറ. 23:6) അത്രേ. വാരോത്സവം (പുറ. 34:22, ആവ. 16:10) എന്നും ആദ്യഫല പ്പെരുന്നാൾ (പുറ. 34:22, സംഖ്യ 28:26) എന്നും ഇതിനെ വിളിച്ചിരുന്നു. കർത്താ വിന്റെ കാലമാകുമ്പോഴേക്കും യഹോവ യിസ്രായേലിനോട് ചെയ്ത ഉടമ്പടി പുതുക്കുന്ന പെരുന്നാളായി പെന്തിക്കോസ്തി രൂപാന്തരപ്പെട്ടു. ഉടമ്പടിയിൽ നില നിൽക്കുന്നതിന് നിയാമകമായ പ്രമാണമാണ് സീനായ് മലയിൽ വെച്ച് മോശ മുഖാന്തിരം നൽകിയ ന്യായപ്രമാണം (നിയമം). ആയതിനാൽ, ദൈവം മോശ യിലൂടെ ന്യായപ്രമാണം നൽകിയതിന്റെ ഓർമ്മ പുതുക്കുന്നതിന്റെ പെരുന്നാ ളായും പെന്തിക്കോസ്തിക്ക് പ്രാധാന്യം ലഭിച്ചു.

### പെന്തിക്കോസ്തി, ക്രൈസ്തവ പാരമ്പര്യത്തിൽ

യഹൂദ പെന്തിക്കോസ്തി ദിവസം, സഭയ്ക്ക് മുഴുവനായി പരിശുദ്ധാത്മാ വിന്റെ ദാനം ലഭിച്ചതിനെയാണ് (അപ്പോ. പ്ര. 2:1-42) ക്രൈസ്തവ പെന്തി ക്കോസ്തിയായി അനുസ്മരിക്കുന്നത്. പെന്തിക്കോസ്തിയിൽ സഭയ്ക്ക് മുഴു വനായുള്ള വാഗ്ദാന നിവൃത്തി ഒരിക്കലായിട്ട് നടന്നു.

പെസഹാ പെരുന്നാൾ കഴിഞ്ഞ് അമ്പതാം ദിവസമാണ് പെന്തിക്കോസ്തി പെരുന്നാൾ. പെസഹാ പെരുന്നാളിന് ക്രിസ്തു ക്രൂശിക്കപ്പെട്ടു. നാൽപതു ദിവസം കഴിഞ്ഞ് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. പത്തു ദിവസത്തിനു ശേഷം പരിശുദ്ധാത്മാവ് വന്നു. പരിശുദ്ധാത്മാവ് വന്നത് രഹസ്യമായിട്ടല്ല. ഒന്നായി വന്ന് അവിടെ സന്നിഹിതരായിരുന്നവരുടെ എണ്ണമനുസരിച്ച് പല നാവു കളിലായി പിരിഞ്ഞ് അവരുടെമേൽ പതിയുകയാണുണ്ടായത്. സ്നാപകയോ ഹന്നാൻ പറഞ്ഞ തീകൊണ്ടുള്ള സ്നാനം അന്ന് അവർക്ക് ലഭിച്ചു (വി. ലൂക്കോ സ്3:16). സീനായ് മലയിൽ തീയുടെ നടുവിൽ പ്രത്യക്ഷനായ ദൈവം തന്നെ യാണ് ഇവിടെയും ഇടിമുഴക്കത്തോടെ ഇറങ്ങിവന്നിരിക്കുന്നത്. നാവുകളായി പരിശുദ്ധാത്മാവ് വന്നത് സംസാരത്തിന്റെ പ്രതീകമായാണ്.

പരിശുദ്ധാത്മാവിനെ അവരുടെമേൽ ആവസിപ്പിച്ച് തന്റെ അറിവിൻ പ്രകാ ശവും പരിപൂർണ്ണ ഉപദേശവും കൊണ്ട് അവരെ നിറച്ചു. ഉൽകൃഷ്ടജ്ഞാന ത്താൽ അവരുടെ മനസ്സിന് അറിവ് നൽകി. ഉന്നതജ്ഞാനത്താൽ അവരുടെ ബുദ്ധിയെ പ്രകാശിപ്പിച്ചു. ഏവൻഗേലിയോൻ പ്രസംഗിക്കുന്നതിന് അവരെ നയി ച്ചു. അവർ മൂലം ഭൂലോകത്തിന്റെ നാനാഭാഗത്തുമുള്ള എല്ലാ ജാതികളെയും പ്രകാശിപ്പിച്ചു.

### ക്രിസ്തുവിന്റെ വാഗ്ദാനം

ഇന്നത്തെ സുവിശേഷഭാഗത്തിൽ യേശു പറയുന്നു 'എന്നാൽ ഞാൻ നിങ്ങ ളോട് സത്യം പറയുന്നു, ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകാതിരുന്നാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുകയില്ല, ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും' (വി. യോഹ. 16:7). യേശുക്രിസ്തുവിന്റെ വലിയ വാഗ്ദാനമായിരുന്നു ഇത്.

പെന്തിക്കോസ്തിയുടെ ഈ പെരുന്നാളിനെ ആഘോഷിച്ചുകൊണ്ട്, പുത്രന്റെ വാഗ്ദാനം നമ്മുടെ ഹൃദയങ്ങളിൽ ഓർക്കുകയാണ്. പരിശുദ്ധ ശ്ലീഹാമാരിൽ ഇറങ്ങിയ വി. റൂഹായെ നാം മനസ്സിലാക്കുന്നു. റൂഹാ പിതാവിൽ നിന്ന് പുറ പ്പെടുന്നു. പുത്രനിൽ നിന്ന് എടുക്കുന്നു. ശക്തിയിലും ഉണ്മയിലും അവൻ പിതാ വിനോടും പുത്രനോടും ഏകോപിച്ചിരിക്കുന്നു. ഇന്നു നാം ആഘോഷിക്കുന്ന പെരുന്നാൾ നിഴലായിരുന്നു. മോശൈക വാരോത്സവപ്പെരുന്നാളല്ല, പരിശുദ്ധ റൂഹായുടെ ദാനം മൂലമുള്ള സുവിശേഷപരമായ ആത്മീകപെരുന്നാളാകുന്നു. ഇത് ഇടിഞ്ഞുപോകാത്ത ബാബേൽ ഗോപുരമല്ല, ആ മാളികയിൽ കാണുന്ന ത്. ആശ്വാദപ്രദന്റെ മഹനീയ ഇറക്കത്താൽ പണിത് ഉറപ്പിക്കപ്പെട്ട പരിശുദ്ധ സഭയാകുന്ന ആന്തരീയ ഗോപുരമാണ്.

### സഭയും പെന്തിക്കോസ്തിയും

ചരിത്രപരമായി പറയുമ്പോൾ യേശുക്രിസ്തുവിന്റെ ഉയിർപ്പ് സഭാരൂപീക രണത്തിന്റെ ഒന്നാം ഘട്ടമായിരുന്നെങ്കിൽ അതിന്റെ അടുത്ത സുപ്രധാന ഘട്ട മാണ് പെന്തിക്കോസ്തി. അപ്പോ. പ്രവൃത്തികളിൽ വിവരിക്കുന്ന (2:1-42) പെന്തി ക്കോസ്തിയുടെ അനുഭവം സഭയുടെ മൗലികമായ അനുഭവമാണ്. പരിശുദ്ധാ ത്മാവ് ദൃശ്യമായ ശക്തിയോടെ ആദിമ ക്രിസ്തീയ സമൂഹത്തിൽ ആവസി ക്കുകയും വിവിധ ആത്മീയ ദാനങ്ങൾ വർഷിക്കുകയും സഭയ്ക്ക് ദൃശ്യമായ ഘടന രൂപംകൊടുക്കുകയും ചെയ്തു. പിന്നീട് ആദിമ ശിഷ്യസമൂഹത്തിന്റെ ചിന്തയും വാക്കുകളും പ്രവൃത്തികളും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടു ന്നതായി നാം കാണുന്നു.

യെരുശലേം സുന്നഹദോസിന്റെ തീരുമാനങ്ങളെക്കുറിച്ച് 'ഞങ്ങൾക്കും പരി ശുദ്ധാത്മാവിനും തോന്നി' (അപ്പോ. പ്രവൃ. 15:28) എന്ന് അതിൽ പങ്കെടുത്ത വർക്ക് പറയത്തക്കവിധം സജീവമായ അനുഭവമായിരുന്നു പരിശുദ്ധാത്മാവിൽ നിന്ന് അവർക്ക് ലഭിച്ചത്.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ജീവൻ സഭയ്ക്ക് സന്നിഹിതമാക്കി തരു ന്നത് പരിശുദ്ധാത്മാവാണ്. സഭ പരിശുദ്ധാത്മാവിന്റെ വിശിഷ്ടമായ ആവാസ മേഖലയാണ്. ഇത് മനസ്സിലാക്കിയാണ് രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വി. ഐറേനിയോസ് പറയുന്നത് 'എവിടെ സഭയുണ്ടോ, അവിടെ ദൈവത്തിന്റെ ആത്മാവുമുണ്ട്. എവിടെ ദൈവത്തിന്റെ ആത്മാവുണ്ടോ, അവിടെ സഭയും എല്ലാ ദിവ്യകൃപകളുമുണ്ട്, പരിശുദ്ധാത്മാവ് സത്യമാകുന്നു. അതുകൊണ്ട് പരി ശുദ്ധാത്മാവിൽ പങ്കാളിത്തമില്ലാത്തവർ (സഭയാകുന്ന) അമ്മയുടെ മുലപ്പാൽ കുടിക്കുകയോ, ക്രിസ്തുശരീരമാകുന്ന സഭയിൽ നിന്ന് ഉത്ഭവിക്കുന്ന ഉറവ യിൽ നിന്ന് കുടിക്കുകയോ ചെയ്യുന്നില്ല.'

### കാര്യസ്ഥൻ - സത്യത്തിന്റെ ആത്മാവ്

ഇന്നത്തെ വി. വേദഭാഗത്തിൽ 'കാര്യസ്ഥനെ നിങ്ങളുടെ അടുക്കൽ അയ യ്ക്കുന്നതിനെക്കുറിച്ചും' (വാ.7), സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തുന്നതിനെക്കുറിച്ചും (വാ.13) കർത്താവ് പറയുന്നു. ക്രിസ്തുവിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായിട്ടാണ് പിതാവ് ആത്മാ വിനെ അയയ്ക്കുന്നത് (വി. യോഹ. 14:16). ആത്മാവിൽ കൂടിയാണ് മഹത്വവാ നായ ക്രിസ്തുവിന്റെ സാന്നിധ്യവും സംസർഗ്ഗവും വിശ്വാസികൾക്ക് അനുഭവ വേദ്യമാകുന്നത്.

സഭയെ സകല സത്യത്തിലേക്കും വഴിനടത്തുന്നത് പരിശുദ്ധാത്മാവാകുന്നു (വി. യോഹ. 16:13). ക്രിസ്തുവിന്റെ വെളിപ്പാടിന്റെ സത്യങ്ങളും മനസ്സിലാക്കി തരികയും ചെയ്യുന്നു. ആത്മാവ് ലോകത്തെ ന്യായം വിധിക്കുന്നു. പാപത്തെ ക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും (വാ.11).

1 യോഹ. 4:6 'ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു. ദൈവത്തെ അറി യുന്നവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങ ളുടെ വാക്ക് കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവ് ഏതു എന്നും വഞ്ചന യുടെ ആത്മാവ് ഏത് എന്നും ഇതിനാൽ അറിയാം.' ❑

## ജൈവവൈവിധ്യം പൈതൃകസ്വത്ത്: കുര്യാക്കോസ് മാർ ക്ലീമിസ്

പത്തനംതിട്ട: മാനവ രാശിയുടെ നിലനിൽപിൻറെ പ്രധാന ഉറവിടമായ ജൈവ വൈവിധ്യം സംരക്ഷിക്കപ്പെടേണ്ടത് നിലനിൽപ്പിന് അത്യന്താപേക്ഷിത മാണെന്ന് മലങ്കര ഓർത്തഡോക്സ് സഭ പരിസ്ഥിതി കമ്മീഷൻ അധ്യക്ഷൻ കുര്യാക്കോസ് മാർ ക്ലീമിസ് പ്രസ്താവിച്ചു. പൈതൃക സ്വത്തായ ജൈവ വൈവിധ്യം ശോഷണം കൂടാതെ നിലനിർത്തേണ്ടതും വരുംതലമുറകൾക്ക് കൈമാറേണ്ടതും നമ്മുടെ കർത്തവ്യം ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിസ്ഥിതി കമ്മീഷൻറെ ആഭിമുഖ്യത്തിൽ നടന്ന വർചൽ ജൈവവൈവിധ്യ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ചിപ്കോ പ്രസ്ഥാനത്തിന്റെ ആചാര്യ നുമായ സുന്ദർലാൽ ബഹുഗുണയുടെ വിയോഗം തീരാനഷ്ടമാണെങ്കിലും അദ്ദേ ഹത്തിൻറ ജീവിതം പരിസ്ഥിതി സ്നേഹികൾക്ക് നിത്യ പ്രചോദനമാണെന്ന് കമ്മീഷൻ ഉപാധ്യക്ഷൻ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, ജനറൽ സെക്രട്ടറി ഫാ. കോശി ജോൺ കലയപുരം എന്നിവർ പ്രസംഗിച്ചു.



കൈതക്കോട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം അംഗങ്ങൾ ഇടവക വികാരി ഫാ. എബിയോടൊപ്പം കലയപുരം സങ്കേതം, വിളക്കുടി സ്നേഹതീരം എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയും സഹായ ങ്ങൾ എത്തിക്കുകയും ചെയ്തു.



## സൈബർ വിദഗ്ധൻ ബിനോഷ് അലക്സ് ബ്രൂസ് അന്തരിച്ചു

കൊച്ചി: അറിയപ്പെടുന്ന സൈബർ വിദഗ്ധനും എത്തിക്കൽ ഹാക്കറുമായി രുന്ന ബിനോഷ് അലക്സ് ബ്രൂസ് (40) അന്തരിച്ചു. കോവിഡ് മുക്തനായി തുടർ ചികിത്സയ്ക്കിടെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു മരണം.

പ്രമുഖരുടെയും കോർപ്പറേറ്റുകളുടെയും സൈബർ സുരക്ഷാ ഉപദേഷ്ടാവാ യിരുന്നു ബിനോഷ്. കപ്പിത്താൻ ഏജൻസിയുടെ പാർട്ണർ ആണ്.


മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്ന് ബി.എ. ഇക്കണോമിക്സിൽ ബിരുദം നേടി. എത്തിക്കൽ ഹാക്കിങ്ങിൽ സർട്ടിഫൈഡ് ഹാക്കിങ് ഫോറൻസിക് ഇൻ വെസ്റ്റിഗേഷൻ കോഴ്സ് പൂർത്തിയാക്കിയിരുന്നു. പിന്നീട് കൊച്ചിയിൽ സൈബർ സുരക്ഷാ കൺസൾട്ടൻസി തുടങ്ങി. ശശി തരൂരിന്റെയും കോൺഗ്രസിന്റെയും സൈബർ സുരക്ഷാ ഉപദേഷ്ടാവായിരുന്നു.

പത്തനംതിട്ട അയിരൂർ കൈപ്പള്ളിൽ തടത്തിൽ ബ്രൂസ് തടത്തിലിന്റെയും അന്നമ്മ എബ്രഹാമിന്റെയും മകനാണ്. ഭാര്യ: പന്തളം കുളത്താപ്പള്ളിൽ ഡോ. റെയ്ച്ചൽ മാത്യു. മക്കൾ.: തരുൺ നൈനാൻ അലക്സ്, നിധി എമ്മ. സഹോ ദരൻ: അനീഷ് എബ്രഹാം ബ്രൂസ് (ഐ.ബി.എം. ബെംഗളൂരു). അയിരൂർ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ സംസ്കരിച്ചു.



## കോലഞ്ചേരി മഹാ ഇടവകയുടെ സമൂഹ അടുക്കള

കോലഞ്ചേരി മഹാ ഇടവകയുടെ സമൂഹ അടുക്കളയിൽ നിന്നുള്ള ഭക്ഷണ വിതരണത്തിന്റെ ഉദ്ഘാടനം, ഇടവക ട്രസ്റ്റി സാജു പി. വറുഗിസ് യുവജന പ്രസ്ഥാനം സെക്രട്ടറി സുബിൻ സണ്ണി എന്നിവരിൽ നിന്ന് ഭക്ഷണപ്പൊതികൾ ഏറ്റ് വാങ്ങി പ്രിൻസിപ്പൽ S. I. സലിഷ് ഉദ്ഘാടനം ചെയ്തു, തദവസരത്തിൽ സ്പെഷൽ ബ്രാഞ്ച് A S I സുരേഷ്, സിവിൽ പോലിസ് ഓഫിസർ റോബിൻ, ഇടവക സെക്രട്ടറി ബെന്നി നെല്ലിക്കാ മുറി, കുടുംബ യൂണിറ്റ് കോ ഓർഡി നേറ്റർ കുഞ്ഞുമോൻ തോമസ്, ഇടവക സ്കൂൾ ബോർഡ് മെംബർ അഡ്വ. മാത്യു പോൾ, യുവജനപ്രസ്ഥാനം പ്രധാന പ്രവർത്തകരായ, ആൾഡിൻ ബെന്നി, ജോൺ പടിഞ്ഞാക്കര, ഷോൺ പടിഞ്ഞാക്കര, ഗീവർ പോൾ വാഴക്കാ ലയിൽ, പൗലോസ് ഓമ്പാളയിൽ എന്നിവരും സന്നിഹിതരായിരുന്നു. ഇടവക യിലെ നിർധനരായ കുടുംബങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങളിൽ മുൻ നിര യിൽ നിൽക്കുന്ന പുത്തൻകുരിശ് പോലിസ് സ്റ്റേഷൻ, കോലഞ്ചേരി KSEB ഓഫിസ് എന്നിവിടങ്ങളിൽ ഭക്ഷണം വിതരണം ചെയ്തു.



# Come Ye Holy Spirit!

## Pentecost

**Fr. Dr. Joshi Varghese, Bhilai**
**(Diocesan Education Officer & PRO, Calcutta Diocese)**

**Evening: St. John 14:15-31, Morning: St. John 15: 20-25, Before Holy Qurbana: Numbers11: 16 – 35, I Samuel 10:9-15, II Kings 2:14 -17 , 12: 1-27, Ezekiel 11: 17-20, 36: 25 – 27, Isaiah 42: 1-27, Holy Qurbana: Acts 2: 1-13, Galatians5 : 16 – 26**

**St. John 15: 1 – 14, (St. John 14: 1-17 ; 14: 25 – 31; 16: 1 – 15)**

The Pentecost, which occurred on the fiftieth day after the resurrection of Jesus Christ is referred to as the inauguration of the Church. It is observed as the greatest feast after Easter. The magnificent descent of the Holy Spirit upon the apostles and group was accompanied with spectacular signs of sound like the rush of a violent wind and tongues of fire marked the Pentecost event.

**a. The three fold functions of the Holy Spirit**

In the above referred Gospel portions we can find three- fold function of the Holy Spirit viz., Therapeutic function, Forensic function and Didactic function.

(i) Therapeutic function

"And I will pray the Father, and He will give you another Helper, that He may abide with you forever" (Jn 14: 16)

The Holy Spirit is referred to as the *Parakletos* (ðáñÜêëçôïò) which is translated as the helper (John 14:16, 26; 15:26 ), counselor, intercessor, advocate or comforter. Jesus had promised us that He won't allow us to be orphaned and would give the Holy Spirit as our helper and counselor. As per His promise we have received the Holy Spirit during our Holy Baptism and Holy Chrismation. But we need to take care to "not quench the Spirit" (1 Thess 5:19) nor to "grieve the Holy Spirit of God, with which you were marked with a seal for the day of redemption" (Eph 4:30). How can we keep the Holy Spirit active in us? One of the ways, as St. Paul puts in is to "put away from you all bitterness and wrath and anger and wrangling and slander, together with all malice, and be kind to one another, tenderhearted, forgiving one another, as God in Christ has forgiven you " (Eph 4:31,32).

(ii) Forensic function

"And when he comes, he will prove the world wrong about sin and righteousness and judgment:..". (Jn 16: 8)

The concept of "forensic justification deals with God declaring sinners righteous in his sight". It makes us aware about our sinful nature and reminds us of the righteousness of God and the judgment. It is the Holy Spirit that stirs us into repentance. The forensic activity of the Holy Spirit is not always in a reprimanding way. The conversion of about three thousand persons on the Pentecost is an example that the Holy Spirit's "convincing work through the witness of the disciples also produced salutary effects" ( Acts 2: 37 - 42). "Repent, and be baptized every one of you in the name of Jesus Christ so that your sins may be forgiven; and you will receive the gift of the Holy Spirit". ( Acts 2: 38)

(iii) Didactic function

"But the Advocate, the Holy Spirit, whom the Father will send in my name, will teach you everything, and remind you of all that I have said to you". (Jn 14: 26)

The Didactic Function or Hermeneutic Function refers to the guidance of the Holy Spirit to understand the Word of God. The Holy Spirit "will guide … into all the truth" (Jn 16: 13). St. John in his first Epistle explains this further that the anointing (Holy Spirit) that you received from him abides in you, and so you do not need anyone to teach you" (1 John 2:27). However we need to be reminded that the didactic work of the Holy Spirit is best revealed when we are in tune with the 'mind' of the Church, which is the body of Christ.

**b. Fruits and Gifts of Holy Spirit**

The old and the young alike are excited to receive gifts; and how much more the excitement should be if the gifts are from God. In 1 Corinthians 12, St. Paul elaborates on the various gifts of the Holy Spirit such as wisdom, knowledge, healing, miracles, prophecy, discernment of spirits, various tongues and its interpretation. He clarifies that a person is bestowed with the gift of the Holy Spirit not on his merit but merely on the choice of the Spirit. Another important aspect is that these gifts are given not for the glorification of the self but "the manifestation of the Spirit" is given "for the common good" (1 Cor 12:7).

It's alright to yearn for the gift of the Holy Spirit but the absence of any of the above gifts need not disappoint a believer. We still have the scope of receiving the greatest gift of the Holy Spirit: "a still more excellent way" (1 Cor 12:31) is Love (1 Cor 13). Interestingly Love appears both in the list of gifts of the Holy Spirit as well as the Fruit of Holy Spirit; "the fruit of the Spirit is love, joy, peace, patience, kindness, generosity, faithfulness, gentleness, and self-control ( Gal 5:22,23a). Hence a believer shall yearn and strive always for the "Love (which) never ends" (1 Cor 13:8).

**Conclusion**

The feast of Pentecost shall remind us about our personal Pentecost, i.e., our Baptism. This is also an occasion to renew the vows of Holy Baptism to 'renounce satan, his armies, his messengers, all the fear of Satan and all of his deceitfulness' and to 'believe in Lord Jesus Christ and in all the doctrines which have been divinely entrusted by (Him) through the Prophets, the Apostles and the holy Fathers. Let us live as Holy Temples of God as God's Spirit dwells in us (1 Cor 3:16). Let us pray that "we live by the Spirit, (and) also be guided by the Spirit" ( Gal 5:28). ❑








## കൈത്താങ്ങായി പിറവം യുവജനപ്രസ്ഥാനം

പിറവം: പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ കത്തീഡ്രലിലെ ഹോളി കിംഗ്സ് യുവജനപ്രസ്ഥാന അംഗങ്ങൾ ഈ കോവിഡ്-19 മഹാമാരി ലോകത്തെ മുൾമുനയിൽ നിർത്തുന്ന ഈ സമയത്തും കാരുണ്യത്തിന്റെ കൈത്താങ്ങായി മാറി. രക്തദാനം മഹാദാനം എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ട് കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ രക്തം ദാനം ചെയ്തുകൊണ്ടാണ് ഈ കോവിഡ്-19 ന്റെ രണ്ടാം തരംഗത്തിലെ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്.

ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഭക്ഷണം കിട്ടാത്ത ആളുകൾക്ക് ഭക്ഷണം എത്തിച്ച് നൽകാൻ തുടങ്ങിയ പദ്ധതി ദിവസം 3 ആളിൽ തുടങ്ങി എന്നാൽ ഇപ്പോൾ ദിവസവും 100-ൽ പരം കോവിഡ് രോഗികൾക്ക് സ്വഭവനങ്ങളിൽ 3 നേരവും ഭക്ഷണം എത്തിച്ച് കൊടുക്കുന്ന സംരംഭമായി തുടരുന്നു.

യുവജനപ്രസ്ഥാന അംഗങ്ങൾ പിറവത്തെ പൊതു സ്ഥാപനങ്ങൾ ആയ പോലീസ് സ്റ്റേഷൻ, കെ. എസ്. ആർ. ടി. സി ഡിപ്പോ, എ.ടി.എം കൗണ്ടറുകൾ, വെയ്റ്റിംഗ് ഷെഡുകൾ പ്രൈവറ്റ് ബസ് സ്റ്റാൻഡ് കെ. എസ്. ഇ. ബി ഓഫീസ്, മെഡിക്കൽ സ്റ്റോറുകൾ ,കോവിഡ് മുക്തരായവരുടെ ഭവനങ്ങൾ എന്നിവ അണുവിമുക്തമാക്കി നാടിന് മാതൃകയായി മാറിയിരിക്കുകയാണ് .കുടാതെ സാമ്പത്തികം ആയി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് പച്ചക്കറിയും പലവ്യഞ്ജനങ്ങളും നൽകാൻ പ്രസ്ഥാനാംഗങ്ങൾക്ക് സാധിച്ചു.

മെഡിക്കൽ സംഘം യുവജനപ്രസ്ഥാനത്തിലെ യുവ ഡോക്ടർ മാരുടെ സംഘം ഓൺലൈൻ സംവിധാനത്തിലൂടെ പരിശോധന നടത്തുകയും ആവശ്യം ഉള്ളവർക്ക് മരുന്നുകളും മറ്റും എത്തിച്ച് നൽകുകയും ചെയ്യുന്നു .മനുഷ്യർ മാത്രമല്ലാ മൃഗങ്ങളും ഭൂമിയുടെ അവകാശികൾ ആണ് എന്ന ഉത്തമ ബോധ്യത്തോട് കൂടി തന്നെ തെരുവുനായകൾക്കും ഭക്ഷണം നൽകാൻ പ്രസ്ഥാന അംഗങ്ങൾ മറന്നില്ല.

വാക്സിനേഷനുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനുംവാക്സിനേഷൻ രജിസ്ട്രേഷൻ നടത്തുന്നതിനുവേണ്ടി ഹെൽപ്പ് ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

പിറവം വലിയപള്ളി യിലെ വികാരി ഫാ. സ്കറിയ വട്ടയ്ക്കാട്ടിലിന്റെയും യുവജനപ്രസ്ഥാന പ്രസിഡന്റ് ഫാ. ഏലിയാസ് ചെറുകാടിന്റെയും സഹവികാരിമാരായ ഫാ. മാത്യൂസ് കാഞ്ഞിരംപാറ, ഫാ. മാത്യൂസ് വാതക്കാട്ടിൽ എന്നിവരുടെ നിർദ്ദേശത്തോടു കൂടി യുവജനപ്രസ്ഥാന സെക്രട്ടറിയും മറ്റ് കമ്മിറ്റി അംഗങ്ങളും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.



## ഇടുക്കി ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ കൈത്താങ്ങ്

ഇടുക്കി: ഭദ്രാസന യുവജനപ്രസ്ഥാനവും നരിയംപാറ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക യുവജനപ്രസ്ഥാനവും സീനിയർ ഫോറവും ചേർന്ന് കഞ്ഞിക്കുഴി സെന്റ് തോമസ് ദൈവാലയത്തിലെ നിർദ്ധന കുടുംബങ്ങൾക്കുള്ള ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു. വികാരി ഫാ. കുര്യാക്കോസ് വാലയിലിന് ഇടുക്കി ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജസ്വിൻ ചാക്കോ കിറ്റുകൾ കൈമാറി. കേന്ദ്ര കമ്മറ്റി അംഗം അജു ജേക്കബ്, കട്ടപ്പന മേഖലാ സെക്രട്ടറി ഷാജൻ വാഴവര, കട്ടപ്പന ഡിസ്ട്രിക് സെക്രട്ടറി മനു ബാബു, പുറ്റടി യൂണിറ്റ് സെക്രട്ടറി ഷിജോ ചെള്ളേട്ട് എന്നിവർ പങ്കെടുത്തു.




**കോവിഡ്, ലോക്ക് ഡൌൺ പ്രയാസങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇടവകാംഗങ്ങൾക്കും, സമീപവാസികൾക്കും പാലിയേക്കര പള്ളിയുടെ നേതൃത്വത്തിൽ കിറ്റുകൾ നൽകി. വികാരി, ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, യുവജനപ്രസ്ഥാനം പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.**